UNIVERSITY LIB
5 MAY 1929
MADRAS

ഓം

# അരുണോദയം

പുസ്തകം 2. } 1104 മീനം. { ലക്കം 11.

## എന്റെ കവിതാനിർമ്മാണം.

"കവിതാ വനിതാ ചൈവ
സ്വയമേവാഗതാവരാ;
ബലാദാകൃഷ്യമാണാചേൽ
സരസാ വിരസാ ഭവേൽ"

ഈ ശ്ലോകത്തിൽ പറഞ്ഞ സംഗതി ഏററവും വാസ്തവമാണ്. വനിതയെന്നപോലെതന്നെ കവിതയും സ്വയമായി വന്നാലേ സരസാവസ്ഥയിലിരിക്കുകയുള്ളു; ബലാൽക്കാരം പ്രയോഗിച്ച് പിടിച്ചു വലിച്ചുകൊണ്ടു വന്നാൽ സരസയായിട്ടുള്ളതുപോയി വിരസയായിച്ചമയും. ഇപ്പറഞ്ഞ രണ്ടുതരം കവിതയ്ക്കും വേണ്ട ഉദാഹരണങ്ങൾ നമ്മുടെ ഭാഷയിൽ ധാരാളമുണ്ട്. കവിതാദേവി കനിഞ്ഞു് തന്നെത്താൻ അരികത്തണയുന്നതിലും, അതുപോലെതന്നെ കവിതയുമായി ബലാൽക്കാരം പ്രയോഗിച്ചുനോക്കി മനസ്സു മടുത്ത് പിൻവാങ്ങുന്നതിലും മതിയായ സ്വാനുഭവങ്ങൾ പ്രായേണ എല്ലാ കവികൾക്കും ഉണ്ടായിരിപ്പാനിടയുണ്ട്. എങ്കിലും ആ സ്വാനുഭവങ്ങളെ സഹൃദയസമക്ഷം സമ്മതിക്കുവാൻ അധികം പേരും ഒരുങ്ങുമെന്ന് തോന്നുന്നില്ല. എന്നാൽ കവിതാ സമാഗമത്തെ പുറത്തു പറയുക എന്നതു് വനിതാസമാഗമത്തെ പ്രകാശിപ്പിക്കുന്നതുപോലെ ഉദ്വേശജനകമോ ലജ്ജാവഹമോ ആയ ഒരു വിഷയമാണെന്ന് എനിയ്ക്കു തോന്നുന്നില്ല.

എന്റെ കവിതാനിർമ്മാണത്തിൽകവിതയുടെ"സ്വയമേവാഗമന"ത്തിന്നും "ബലാദാകർഷണ"ത്തിന്നും ഉദാഹരണങ്ങളായ അനേകം സ്വാനുഭവങ്ങൾ ഉണ്ട്. ആ അനുഭവങ്ങളിൽ ചിലതിന്റെ സ്മരണ ചിലപ്പോൾ എന്നെ പലവക വികാരങ്ങൾക്കും വിചാരങ്ങൾക്കും വശംവദനാക്കാറു

ണ്ടു്. കവിത എന്നതു്, യഥാൎത്ഥത്തിൽ രസസ്വരൂപനായ അന്തരാത്മാവിനുള്ള സഹജാനന്ദത്തിന്റെ സ്ഫുരണമാകുന്നു. അന്തഃകരണം പ്രതികൂലഗുണങ്ങളാൽ ആവൃതമാകാതെ ശുദ്ധസത്വാത്മകമായിച്ചമയുന്നതെപ്പോഴൊ അപ്പോഴേ ആ ആനന്ദം സ്ഫുരിക്കുകയുള്ളു. മേഘമേദുരമായ നഭോമണ്ഡലത്തിൽ ചിലപ്പോഴു, നീലനിചോളത്തിൽ വെള്ളിക്കസവുപോലെ, ഒരുതരം ധവളരേഖ കാണുമാറുണ്ടല്ലോ. അത്തരത്തിലുള്ള ഒരു സത്വപ്രകാശം ദുല്ലഭം ചിലപ്പോഴു സഹൃദയഹൃദയരാകിലും സ്ഫുരിക്കുന്നതായിക്കാണാം. ആ സമയത്തു് വാസനക്കാരനായ കവിയുടെ മനോവിപഞ്ചി സ്വയമേവമധുരസംഗീതം പൊഴിച്ചുതുടങ്ങും. ആ സമയത്തു് അകൃത്രിമരമണീയങ്ങളായ ആശയങ്ങളും, അവയെ പ്രകാശിപ്പിക്കുന്ന വാക്യങ്ങളും തനിയേ മനസ്സിൽ സ്ഫുരിയ്ക്കും. അപ്പോഴാണ് കവിത "സ്വയമേവാഗരാ"യാകുന്നതു്. മനസ്സിണങ്ങിയ ഇഷ്ടജനങ്ങളോടുള്ള സഹവാസം, പ്രകൃതിയിലുള്ള രമണീയവസ്തുക്കളുടെ ദശ്നം, നിസൎഗ്ഗമോഹനങ്ങളായ കാവ്യാദികളുടെ അനുസന്ധാനം, മനസ്സിന്റെ വിവേകചിന്തയെ ഇളക്കിവിടത്തക്കവിധമുള്ള സുഖദുഃഖാദ്യനുഭവം മുതലായവയാണ്, മേല്പറഞ്ഞപ്രകാരം മനസ്സിൽ സത്വപ്രകാശത്തെ പ്രസ്ഫുരിപ്പിക്കുന്നതു്. ഈ സത്വജ്യോതിസ്സിന്റെ പ്രസ്ഫുരണം കുറച്ചുസമയത്തേക്കേ നിലനില്ക്കുകയുള്ളു. എന്നാൽ പ്രകൃതിയിലുള്ള രമണീയവസ്തുക്കളുടെ ദശ്നം, കാവ്യാദികളുടെ അനുസന്ധാനത്താലുളവാകുന്ന സ്വപ്നദശ്നം എന്നിവ ഹൃദയാകാശത്തിൽ ചിത്രീകരിക്കപ്പെടുന്നതിനാൽ അവ കാലാന്തരത്തിലും സത്വജ്യോതിസ്സിനെ ഉദ്ദീപിപ്പിക്കും. എങ്കിലും അതു് കാലവ്യവധാനം നിമിത്തം കവിക്ക് സ്വാധീനമെന്നു പറയുവാൻ പാടില്ലാത്തവിധം ചഞ്ചലമായിരിക്കും. ഈ സംഗതികൾക്കെല്ലാം ദൃഷ്ടാന്തമായിട്ടുള്ള സ്വാനുഭവങ്ങൾ എന്റെ കവിതാനിൎമ്മാണത്തിൽ ധാരാളത്തിലധികമുണ്ടു്.

എന്റെ പുഷ്പാഞ്ജലിയിൽ ചേൎത്തിട്ടുള്ള 'ദിവാചന്ദ്രൻ' എന്ന കവിത എഴുതിയിട്ടു് ഒന്നര വ്യാഴവട്ടത്തിലധികം കാലമായി. അന്നു ഞാൻ, ഉദാരഹൃദയനായ ബ്രഹ്മശ്രീ ദേശമംഗലത്തു ചെറിയ നാരായണൻനമ്പൂതിരിപ്പാടവർകളാൽ സഭാജിതനായിട്ടു, അദ്ദേഹത്താൽ ആരംഭിക്കപ്പെട്ട മംഗളോദയം മാസികയുടെ സാഹിത്യസഹകാരിയായി ദേശമംഗലത്തു മനയ്ക്കൽ താമസിക്കയായിരുന്നു. കൃഷ്ണപക്ഷത്തിൽ ഒരു ദിവസം രാവിലെ മനയ്ക്കലെ അമ്പലക്കുളത്തിൽ കുളിപ്പാൻ പോയ സമയത്തു് പശ്ചിമചക്രവാളത്തിൽ സൂൎയ്യകാന്തിയാൽ നിഷ്പ്രഭനായി സ്ഥിതിചെയ്യുന്ന ദിവാചന്ദ്രന്റെ ദശ്നം എനിക്കു ലബ്ധമായി. താദൃശാവസ്ഥയിലുള്ള ചന്ദ്രനെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. എന്നാൽ അന്നത്തെപ്പോലെ മുമ്പൊരിയ്ക്കലും ആ കാഴ്ച എന്റെ ഹൃദയതന്ത്രി

കളെ മീട്ടുകയുണ്ടായിട്ടില്ല. തത്സമയംതന്നെ "ദിവാചന്ദ്ര"നെക്കുറിച്ചു ഒരു കവിതയെഴുതണമെന്നു ഞാൻ സങ്കല്പിച്ചു. സങ്കല്പാനുസാരേണ തന്നെ യാതൊരു പ്രതിബന്ധവും കൂടാതെ കവിത വരികയാൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽ എൻെറ ഉദ്ദേശം സഫലമാകയും ചെയ്തു. അന്നത്തെ ആ മനസ്സിൻെറ ഏകാഗ്രത,

"തീരാറായീ തിളങ്ങും മലകൾമുഴുവനും
തിങ്കളേ!ചെന്നുകണ്ടിൽ-
ച്ചേരാറായീ ചിരം നീയിനിയുയിരൊടിരി-
ക്കില്ലെന്നിക്കില്ലവാദം,
നേരായുള്ളോരുഭാവം നിഖിലവുമകലെ-
പ്പോയി, വക്രതാപമേററു,
പോരാ തേജസ്സു മങ്ങി, പരമിഹപരിശേ-
ഷിച്ചിതേകം കളങ്കം"

എന്ന ശ്ലോകത്തോളമേ നിലനിന്നുള്ളു. തന്നിമിത്തം അന്ന് അത്ര ത്തോളമെഴുതി നിർത്തുകയും, ശേഷം ശ്ലോകങ്ങൾ പിറേറദിവസം എഴുതുകയാണുണ്ടായതു്. പിറേറ ദിവസം എഴുതിയ ശ്ലോകങ്ങൾക്കു മററവയേക്കാൾ ക്ലിഷ്ടത കൂടിയിരിക്കുന്നതായി കാണാവുന്നതാണു്.

മേൽപറഞ്ഞതുപോലെതന്നെ നിസർഗ്ഗസുന്ദരമായ ഒരിന്ദ്രചാപം ഒരിക്കൽ എന്നെ വശീകരിക്കുകയുണ്ടായി. അതു ദിവാചന്ദ്രനേക്കാൾ എത്രയോ മുമ്പാണു കാണപ്പെട്ടതു്. എൻെറ ഗുരുകുലവാസകാലത്തൊരുദിവസം ഗുരുപാദരോടൊരുമിച്ച് സരസകവി വെള്ളമനശ്ശേരി വാസുദേവൻ മൂസ്സതിൻെറ ഇല്ലത്തുനിന്ന് തീവണ്ടിപ്പാതയിൽക്കൂടി എടക്കുളത്തേക്കു പോകുമ്പോഴായിരുന്നു, ആ ദിവ്യമായ കാഴ്ച എനിക്കു കാണുമാറായതു്, നേരം സന്ധ്യയോടടുക്കാറായിരുന്നു. അസ്തമിപ്പാൻ പോകുന്ന ആദിത്യൻെറ അരുണകിരണങ്ങൾ ഉന്നതങ്ങളായ വൃക്ഷങ്ങളുടേയും കുന്നുകളുടേയും അഗ്രങ്ങളിൽ കനകവഷം ചെയ്തിരുന്നു. പെട്ടെന്നു കുറെ ഇടികൾ വെട്ടുകയും, കിഴക്കുഭാഗത്തുനിന്നു കാറു കയറുവാൻ തുടങ്ങുകയും ചെയ്തു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആകാശത്തിൻെറ പൂവ്വാൎദ്ധം മുഴുവൻ മേഘങ്ങളാൽ ആവൃതമായി. കരിമഷിതേച്ച പൂവ്വാശാഭിത്തിമേൽ ഇടവിടാതെ പ്രകൃതിദേവിയുടെ കനകഖഡ്ഗംപോലെമിന്നൽപ്പിണരും മിന്നിത്തുടങ്ങി. തൽക്ഷണം പ്രകൃതിയുടെ ഈ കരിതേച്ച കോലത്തിൽ തെക്കേ അററംമുതൽ വടക്കേ അററംവരെ വ്യാപിച്ചതായ ഭംഗിയേറിയ ഒരു വളർമഴവില്ല് വളഞ്ഞു കാണുമാറായി. തദവസരത്തിൽ കൂട്ടംകൂട്ടമായി പറന്നുവന്ന ധവളവണ്ണങ്ങളായ വെള്ളിപ്പക്ഷികൾ ആകാശദേശത്തു നിരന്നു. ഈ വണ്ണമെല്ലാമിരിക്കുന്ന കാഴ്ച എൻെറ മനസ്സിനെ കൌതുകാകുലമാംവണ്ണം ആ

നന്ദതാണ്ഡവം ചെയ്യിച്ചു. അന്നു കാണപ്പെട്ട ഈ മനോഹരചിത്രം എന്നെന്നും മായാത്തവിധം എൻെറ ഹൃദയത്തിൽ പതിഞ്ഞു. അഭിപ്രയാഗവൈരള്യം നിമിത്തം ആ ചിത്രത്തെ കവിതാരൂപത്തിൽ പകർത്തുവാൻ അന്ന് എനിക്കു സാധിച്ചില്ല. എങ്കിലും കുറെ സംവത്സരങ്ങൾ കഴിഞ്ഞതിനുശേഷം ഒരവസരത്തിൽ ആ ചിത്രത്തെ കവിതയിൽ പകർത്തുവാൻ ഞാൻ ശ്രമിച്ചു. അതാണു 'പുഷ്പാഞ്ജലി'യിലുള്ള "മഴവില്ല്". പ്രസ്തുത കൃതിയിലുള്ള മഴവില്ലിൻെറ രൂപം അന്നു കണ്ടതിൻെറ ഒരു പകർപ്പാണ്. ഉദ്രിക്തസത്വമായ മനോദർപ്പണത്തിൽ പ്രതിബിംബിക്കുന്ന പ്രാകൃതദൃശ്യവിഭവങ്ങളുടെ രൂപം വളരെ കാലത്തെ വ്യവധാനം വന്നാലും പിന്നീടൊരിക്കൽ അതേ നിലയിൽത്തന്നെ, കാണപ്പെട്ടുമെന്ന് 'മഴവില്ലി'ൻെറ നിർമ്മാണത്തിൽ ഞാൻ അനുഭവംകൊണ്ടറിഞ്ഞിട്ടുണ്ട്. അതിലെ പല ആശയങ്ങളും മഹാകവി കാളിദാസൻെറ ഉല്ലേഖങ്ങളാണ്.

"കട്ടിക്കരിംകാറാം ചാണമേൽത്തേച്ചോരു
ചട്ടററതങ്കനികഷംപോലെ
മിന്നൽപ്പിണരുകൾ മിന്നിക്കളിപ്പതും"

വലാകകൾ

"ചേണുറെറാരാകാശദേശത്തു നീളത്തിൽ
തൂണില്ലാത്തോരണമാലതൂക്കി"

യതും മററുചിലതും കാളിദാസർ വർണ്ണിച്ചിട്ടുള്ളതിൻെറ അനുകരണമാണ്. എങ്കിലും അവയെല്ലാം എനിക്കന്ന് സ്വാനുഭവമുള്ളവയാകുന്നു.

ഇതുപോലെത്തന്നെ അതികഠിനമായ സുഖദുഃഖാനുഭവങ്ങളെക്കൊണ്ട് മനസ്സ് ആർദ്രമായിച്ചമയുമ്പോൾ കവിത തനിയേ വരുമെന്നുള്ളതും എനിക്കനുഭവമുള്ള സംഗതിയാണ്. ബാല്യം മുതല്ക്കു സരസ്വതീദേവിയുടെ പാദശുശ്രൂഷക്കൊരുങ്ങുക നിമിത്തമോ എന്തോ, പല സമയങ്ങളിലും എനിക്കു ലക്ഷ്മീദേവിയുടെ കൃപാകടാക്ഷത്തിന്നു പാത്രീഭവിക്കുവാൻ സാധിക്കാതെ വരികയുണ്ടായിട്ടുണ്ട്. പ്രാപഞ്ചികജീവിതത്തിൽ ലക്ഷ്മീകടാക്ഷം സിദ്ധിക്കാത്ത ഒരാളെ ജീവിതക്ലേശജനകങ്ങളായ ദുഃഖാനുഭവങ്ങൾ പിൻതുടരുമെന്നു പറയേണ്ടതില്ലല്ലോ. താദൃശദുഃഖങ്ങളുടെ പരിഹാരത്തിന്ന് ലക്ഷ്മീസമ്പന്നന്മാരായ ധന്യന്മാരുടെ മുമ്പിൽ വെച്ച് സരസ്വതിയെത്തന്നെ ഭജിക്കുകയാണ് പതിവ്. അങ്ങിനെ ചെയ്തിട്ടും ഒരവസരത്തിൽ മനസ്സുരുകുമാറുള്ള ദുഃഖം അനുഭവിപ്പാനിടയായപ്പോൾ ഒരു കവിത എൻെറ അടുക്കൽ 'സ്വയമേവ' വരികയുണ്ടായി. അതാണ് "പണം,പണം" എന്നുള്ള ശീർഷകത്തിൽ "ഉണ്ണിനമ്പൂതിരി"മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കവിത. മുപ്പതു പദ്യങ്ങൾ മാത്രമുള്ള ഈ ചെറുകവിതയിൽ,

"പൊന്നായമാനിൽഭ്രമമാൎന്നതിൻെറ
പിന്നാലെഞാനീവിധമെത്രപാഞ്ഞു!
എന്നാലതെന്നെക്കബളിച്ചുചാടി
മുൻനാളിലാരാഘവനെക്കണക്കെ"

എന്നു വിവരിയ്ക്കപ്പെട്ട സകല സംഗതികളും എൻെറ അനുഭവത്തിൽ പെട്ടവയും

"പണം പണം"—വസ്തുവിതെ,ന്തതെൻെറ
വശത്തുവന്നാൽ ഫലമെന്തുകിട്ടും?
ദുഃഖങ്ങൾപോക്കാനിതു—ഹേതുവാമോ?
സുഖങ്ങൾനൽകാനിതു—ശക്തമാമോ?"

എന്നാദിയായുള്ള ധനതത്വവിചാരം സ്വയമേവമനസ്സിൽ ഉദിച്ചതുമാകയാൽ പ്രസ്തുതകൃതി രചിക്കുന്നതിന്നു ഏതാനും മണിക്കൂറുസമയം മാത്രമേ വേണ്ടിവന്നുള്ളു.

മനസ്സിൻെറ സുഖാവസ്ഥ പരമകാഷ്ഠയിൽ എത്തുമ്പോഴും കവിതാഗമനത്തിന്നു വേണ്ടതായ ഏകാഗ്രത സിദ്ധിക്കുമെന്നു് എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. താദൃശമായ ഒരേകാഗ്രതയുടെ ഫലമാണു് "ശ്രീരാമലീല" എന്ന വഞ്ചിപ്പാട്ടു്. ഒരിയ്ക്കൽ ഇഷ്ടജനസഹവാസത്താൽ നിർവൃതനായിട്ടിരിക്കുമ്പോൾ എൻെറ പ്രിയ ഭാഗിനേയിയുടെ ആവശ്യപ്രകാരം എഴുതിയതാണു് ആ കവിത. ശ്രീരാമൻെറ ബാലലീലയെ വിഷയീകരിച്ചുള്ള പ്രസ്തുതകൃതി സാമാന്യം ഒരു ദ്രുതകവിതയാണെന്നുവേണം പറയുവാൻ. ഇതിൻെറ നിൎമ്മാണത്തിൽ ക്രമപ്രാപ്തങ്ങളായ ആശയങ്ങൾക്കോ തൽപ്രകാശകങ്ങളായ പദരചനകൾക്കോയാതൊരു ക്ലേശവും പ്രതിബന്ധവും വന്നതായി എനിക്കു തോന്നുന്നില്ല.

ഇനി മേല്പറഞ്ഞതിന്നെല്ലാം വിപരീതമായി കവിതയുമായി വഴക്കടിച്ചു് ഫലമില്ലാതെ മനസ്സുമുട്ടി വിരമിക്കേണ്ടിവന്നിട്ടുള്ള ഉദാഹരണങ്ങളും എൻെറ അനുഭവത്തിൽ ധാരാളമുണ്ടു്. ചില സമയങ്ങളിൽ മുൻചൊന്ന കാരണങ്ങളാലുണ്ടായ മനസ്സിൻെറ ഏകാഗ്രത ക്ഷണപ്രഭാചഞ്ചലമായിപ്പരിണമിക്കാറുണ്ടു്. ഇങ്ങിനെയുള്ള ഒരവസരത്തിൽ ഞാൻ 'രാമവിലാപം' എന്നൊരു കൃതി എഴുതുവാൻ തുടങ്ങുകയുണ്ടായി. രാമരാവണയുദ്ധസമയത്തു് രാവണൻെറ ശക്തിതറച്ചു് ലക്ഷ്മണൻ പടക്കളത്തിൽ വീണപ്പോൾ ശ്രീരാമനുണ്ടായ ശോകവും അദ്ദേഹം ചെയ്ത വിലാപവുമാണു് ഈ ചെറുകവിതയിലെ വിഷയം. വാല്മീകിരാമായണത്തിൽ ഈ ഘട്ടം വായിച്ചപ്പോൾ "ദേശേ ദേശേ കളത്രാണി" എന്ന ശ്ലോകത്തിൻെറ അൎത്ഥാനുസന്ധാനമാണു് ഇങ്ങനെ ഒരു കവിത നിൎമ്മിപ്പാനുള്ള ഏകാഗ്രതയെ എൻെറ മനസ്സിൽ ഉളവാക്കിയതു്. രാമൻ ലക്ഷ്മണനോടു് പറയുന്നതായി

"ഘനാളകാഭോഗമെഴുന്നകാന്തയും
ധനാദിയും വേണ്ടതുലഭ്യമൂഴിയിൽ
കിനാവിലും ദുർല്ലഭമോക്കിൽനിൻനില-
യ്യൂനാവിലസ്നേഹമെഴുംസഹോദരൻ.
ജനാധിപത്യം ജനകൻവിധിച്ചതും
വനാധിവാസം ജനയിത്രിതന്നതും
അനാകുലംഞാൻസമമായ്നിനച്ചനി
ന്നനാവിലസ്നേഹബലത്തതയോക്ക"

എന്ന രീതിയിൽ യാതൊരു ക്ലേശവും കൂടാതെ പതിനാറുപദ്യങ്ങൾ എഴുതുവാൻ രണ്ടുമണിക്കൂറു സമയമേ വേണ്ടിവന്നുള്ളൂ. പിന്നെ കാര്യാന്തര വൈയഗ്ര്യത്താൽ മനസ്സിൻെറ ആ വിചാരധാര മുറിഞ്ഞുപോകയും, പെട്ടെന്ന കവിതാദേവി രോഷകഷായിതയായി പിൻമാറുകയും ചെയ്തു. ഉദ്ദേശം ഒരു പന്തീരാണ്ടിന്നുമുമ്പുണ്ടായ ഈ പതിനാറുപദ്യങ്ങൾ അക്കാലത്ത് എൻെറ മാന്യസ്നേഹിതനായ ശ്രീമാൻ പി. വി. കൃഷ്ണവാരിയർവർകളെ വായിച്ചുകേൾപ്പിച്ചപ്പോൾ അദ്ദേഹം അതു മുഴമിക്കുവാൻ എന്നെ നിർബ്ബന്ധിച്ചു. അദ്ദേഹത്തിൻെറ ഒരെഴുത്തിൽ

"രാമവിപാലം കാണാ-
ഞ്ഞാമയമായ് കൃഷ്ണനുള്ളൊരുവിലാപം
ധീമൻ! കൃതിക്കുമാറാ-
യീമട്ടൊക്കില്ലയയ്യൂകൃതിവേഗം"

എന്നു കാണിച്ചിരുന്നു. പിന്നീടു കവിതയെ മാനാപനയനം ചെയ്തു പ്രസാദിപ്പിപ്പാൻ പല അവസരങ്ങളിൽ ഞാൻ ശ്രമിക്കുകയുണ്ടായിട്ടുണ്ട്. എങ്കിലും മുമ്പത്തെ രീതിയിൽ ഒരു പദ്യംപോലും എഴുതുവാൻ സാധിച്ചില്ല. ഏതായാലും ഉള്ളതുകളയേണ്ട എന്നുവിചാരിച്ച് ആ പതിനാറുപദ്യങ്ങൾ ഓർമ്മയിൽനിന്നു മംഗളോദയം മാസികയിൽ പകത്തി ഇന്നും ആ കൃതി അപൂർണ്ണമായിത്തന്നെ ഇരിക്കുന്നതേയുള്ളൂ.

ജയദേവമഹാകവിയുടെ ഗീതാഗോവിന്ദത്തിന്നു വ്യാഖ്യാനമെഴുതിയ കാലത്താണെന്നു തോന്നുന്നു, ഒരു ദിവസം രാത്രിയിൽ ശ്രീമദ്ഭാഗവതത്തിലെ ശ്രീകൃഷ്ണലീലകൾ ഏററവും നാദാത്മ്യത്തോടുകൂടി ഞാൻ വായിക്കുകയുണ്ടായി. അന്നു മനോദൃഷ്ടിയിൽ കാണപ്പെട്ട വേണുഗോപാലൻെറ മനോഹരചിത്രത്തെ കൃപാകുലയായ നിദ്രാദേവി എനിക്കു കിനാവിൽ കാണിച്ചുതരികയുണ്ടായി. സ്വപ്നത്തിൽനിന്നുണന്നു ഉടനെ മനസ്സ് തദേകതാനമായിത്തീരുകയും "മുരളീരവം" എന്ന പേരിൽ ഒരു കവിതയെഴുവാൻ അപ്പോൾത്തന്നെ ആരംഭിക്കുകയും ചെയ്തു. അന്നനടരീതിയിൽ.

"ഇരവൊരുപാതികഴിഞ്ഞിയു,നിദ്രാ-
പരവശനായിക്കിടക്കയായിഞാൻ
കരണങ്ങൾ മൌനം കലൻ ഭൃത്യർപോൽ
പരമാത്മാവിനെപ്പരിചരിക്കയായ്,
വിരതിപൂണ്ടൊരു വിഷയങ്ങൾ ബഹിഃ
സ്മരണമേല്ക്കാതായ് ചമച്ചുവെങ്കിലും
ഇരവിൽവായിച്ച മുരാരിലീലതൻ
സ്മരണമുള്ളിൽനിന്നകന്നതില്ലേതും
വളൎന്നഗാനങ്ങൾ പൊഴിഞ്ഞുതെല്ലൊന്നു
തളൎന്നപോൽ മനോവിപഞ്ചിമാഴ്ഗവേ
കിളൎന്നഹഷാശ്രു പൊഴിച്ചിതങ്ങൊരു
കളവിരളിതമുരളികാരവം"

എന്നീവരികൾ മാത്രം എഴുതിയപ്പോഴക്ക് ആ വിചാരധാര മുറിഞ്ഞു ചിന്നിച്ചിതറിപ്പോവുകയാൽ ആ കവിത മുഴമിക്കുവാൻ എനിക്കു സാധിച്ചില്ല.

ഇതുപോലെതന്നെ ഓരോ അവസരത്തിലായിട്ട് ബന്ധനസ്ഥനായ ബാലഗംഗാധരതിലകൻ, പ്രസ്രവണാദ്രിയിലെ രാമൻ, അശോകവനികയിലെ സീത, നന്ദിഗ്രാമത്തിലെ ഭരതൻ, അളകാപുരിയിലെ യക്ഷി മുതലായ പല കവിതകളും നിമ്മിക്കുവാൻ ഞാൻ ശ്രമിക്കുകയും അവയിൽ ചിലതിൻെറ ഏതാനും വരികൾ എഴുതുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ ആ കവിതകളാകുന്ന ചെറുപറവകൾ ഇന്നും ഹൃദയാകാശത്തിൽ പറന്നു കളിക്കുന്നതല്ലാതെ എൻെറ കരതലത്തിലേക്കു വന്നുകഴിഞ്ഞിട്ടില്ല. അവയുടെ അനുസ്മരണം പലപ്പോഴും ഹൃദയത്തെ ചമൽകൃതമാക്കാറുണ്ട്. എന്നാൽ ആദിയിലൊരിക്കൽ പൊട്ടിത്തകൎന്ന ഭാവനാസ്വപ്നങ്ങൾ പിന്നീട്ടു അതേ നിലയിൽ പരിപൂൎണ്ണതയെ പ്രാപിക്കുകയുണ്ടായിട്ടില്ല.

കവിതയോട്ട് ബലാൽക്കാരം പ്രയോഗിച്ച് വല്ലവരുടേയും അപരിഹാൎയ്യമായ നിൎബ്ബന്ധത്താൽ എഴുതാറുള്ള പദ്യങ്ങൾ കേവലം 'നാൽക്കാലി'കളെപ്പോലെയേ പരിണമിക്കുകയുള്ളൂ. അങ്ങിനെയുള്ള ചില പദ്യങ്ങൾ ചിലപ്പോൾ സാഹിത്യലോകത്തിലെ "നാൽക്കാലിച്ചന്ത"കളായ ചില മാസികകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യാറുണ്ട്. "ബലാദാകൃഷ്ട്യമാണ"ങ്ങളായ അത്തരം പദ്യങ്ങളുടെ നിൎമ്മാണത്തിന്നു ചിലപ്പോൾ ഒന്നും രണ്ടും ദിവസം മുഷിഞ്ഞു പണിയെടുക്കുകയും വേണ്ടിവരാറുണ്ട്. എന്നാൽ അവ യഥാൎത്ഥകവിതയുടെ പദവിയിൽ വരുവാൻ സാധിക്കാത്ത നശ്വരസാഹിത്യങ്ങളായിരിക്കുകയേ ഉള്ളൂ.

കെ. ചി. യം.

# വടക്കൻപാട്ടുകൾ. *

(ഒരു നിരൂപണം)

മലയാളത്തറവാട്ടുകളിൽ പ്രത്യേകിച്ച് ഉത്തരകേരളത്തിലുള്ള തറവാട്ടുകളിൽ അധികാരം ചെലുത്തിയിരുന്ന കാരണവന്മാർ തറവാട്ടിൻെറ യോഗക്ഷേമം അതിനിഷ്കർഷയോടെ പാലിച്ചു വന്നവരായിരുന്നു. തറവാട്ടുപാരമ്പര്യം, തറവാട്ടുമര്യാദ എന്നീ എണ്ണങ്ങൾ അവരുടെ അനന്തിരവന്മാരുടെ ഉള്ളിൽ വേരൂന്നാൻ കാരണവന്മാർ പല ഉപായങ്ങളും പ്രയോഗിക്കാറുണ്ടായിരുന്നു. ഓണത്തിന് ഓണത്തല്ല് മുതലായ കായികവിനോദങ്ങളും അഭ്യാസങ്ങളും വിഷുവിന് വെടിമരുന്നുപ്രയോഗങ്ങളും പുതിയ പരിഷ്കാരസൂര്യൻെറ രശ്മി തട്ടിയിട്ടും ഇടക്കാലം വരേക്കും നിലനിന്നുപോന്നു. യുദ്ധവീരന്മാരായ പുരുഷന്മാർ ഇത്തരം വിനോദങ്ങളിൽ ഏർപ്പെട്ടുവന്നിരുന്നതു് അവരുടെ പ്രകൃതിക്ക് എല്ലാംകൊണ്ടും യോജിച്ചതുതന്നെ. പൌരുഷംപോലെ സ്ത്രീത്വവും കേരളീയർ പുരാതന കാലംമുതല്ക്കേ പരിപാലിച്ചു വന്നിട്ടുണ്ട്.

സ്ത്രീകൾക്കായി തിരുവാതിര എന്നൊരാഘോഷം പ്രത്യേകമായും അവർ ഉണ്ടാക്കിത്തീർക്കാൻ മടിച്ചിട്ടില്ല. അവർക്ക് സഹജമായ വിലാസങ്ങൾ—സമുദായത്തിൻെറ നേർപകുതി അധീനമാക്കിയിരിക്കുന്ന അവരുടെ മാനസികവ്യാപാരങ്ങൾ—പ്രകൃതിക്കനുസരിച്ച പന്ഥാവിൽക്കൂടി പ്രകടമായി പരിപുഷ്ടിയെ പ്രാപിക്കാതിരുന്നാൽ ഇരുകാലിൽ ഇരുന്നരുളേണ്ടുന്ന സമുദായം ഒരു കാലില്ലാതെ കഷ്ടപ്പെട്ടേണ്ടി വരുമെന്ന് വിചാരിച്ചിട്ടായിരിക്കാം, സ്ത്രീജനങ്ങളുടെ വിനോദങ്ങൾക്ക് മാത്രമായ് ഒരു വിശേഷദിവസം അനുവദിച്ചത്. പൌരുഷവും ശക്തിയും വർദ്ധിക്കുവാൻ പുരുഷന്മാർ ശ്രമിച്ചതുപോലെ മാനസികവ്യാപാരത്തിൻെറ പ്രദർശനമായ കലാചാതുര്യം വളർത്തേണ്ടുന്ന ഭാരം സ്ത്രീകളും കയ്യേററതായി വിചാരിക്കാം. അതനുസരിച്ച് അവരുടെ ആഘോഷങ്ങളിൽ വേഷഭൂഷാദികളിലുള്ള മോടിയും, സംഗീതനൃത്തങ്ങളുടെ പലതരത്തിലുള്ള പ്രകാരഭേദങ്ങളും പ്രാധാന്യം വഹിച്ചു. മഹിളകൾക്ക് അതിരുകവിഞ്ഞ സ്വാതന്ത്ര്യം കൊടുക്കുന്നത് സമുദായത്തിൻെറ സദാചാരബോധത്തിന്നു ഒരു പുഴുക്കുത്താണെന്ന് പറയുന്നവരോട് പുരുഷന്മാരുടെ പ്രാബല്യം മുഴുത്ത പാശ്ചാത്യസമുദായങ്ങളിൽ ഇക്കാലത്തുപോലും കാണുന്ന കുഴപ്പങ്ങളുടെ കാരണം അന്വേഷിക്കുവാൻ അപേക്ഷിക്കുകയേ തരമുള്ളു.

ഇവയെല്ലാം പുറമേയുള്ള പരിഷ്കാരത്തെ ബാധിക്കുന്നതാണല്ലോ.

---

* സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ചെയ്ത പ്രസംഗം.

ആന്തരപരിഷ്ക്കാരത്തെ സ്പർശിക്കുന്നതിന്നോ പുലത്തുന്നതിന്നോ യാതൊരേർപ്പാടും ചെയ്തിട്ടില്ലെ എന്നു ചോദിക്കുകയാണെങ്കിൽ ആ കാര്യത്തിലും അവർ അജാഗ്രത കാണിച്ചു എന്നു പറയുവാൻ തരമില്ല. ഇവിടെയാണ് നമ്മുടെ വടക്കൻപാട്ടുകൾക്കുള്ള സ്ഥാനം.

തറവാട്ടിൽ കാരണവർ അത്താഴം ഊണുകഴിഞ്ഞ് കിടക്കുവാൻ പോകുന്നതിന്നു മുമ്പായി കുറച്ചുനേരം ഉമ്മറത്തിരിക്കയോ മിററത്തിറങ്ങി ലാത്തുകയോ പതിവുണ്ട്. അപ്പോൾ വിനോദത്തിന്നായി കുട്ടികളെ വിളിച്ച് രാമായണമോ മററൊ ചൊല്ലുവാൻ പറയും. അത്ര കുറ പരിഷ്ക്കാരം കാരണവർക്കില്ലെങ്കിൽ വഴിപോക്കരോ പണ്ടാരന്മാരോ ആരെങ്കിലും അന്ന് അവിടെ ഭക്ഷണത്തിന്നു വന്നുകൂടീട്ടുണ്ടെങ്കിൽ അവനെ വിളിച്ചു് "എടാ നിനക്ക് വടക്കൻപാട്ട് അറിയോ" എന്ന് ചോദിക്കും. അവന്റെ അറിയാമെന്നുള്ള ഉത്തരവും "തച്ചോളി ഓമനക്കുഞ്ഞൊതേനൻ" എന്നോ "ആറുമണന്മേലെ ഉണ്ണിയാർച്ച" എന്നോ "കപ്പുള്ളിപ്പാലാട്ടെ കൊങ്കിയമ്മ" എന്നോ തുടങ്ങുന്ന പാട്ടും ഒരേ ശ്വാസത്തിൽതന്നെ ആരംഭിക്കും. ഒരു പാട്ട് കഴിയുന്നതുവരെ ഒരേ രീതിയിൽ അവന്റെ ഇഷ്ടംപോലെ അക്ഷരങ്ങൾ മുറിച്ചിട്ടും കുറച്ചിട്ടും ചിലപ്പോൾ ഇരക്കിയിട്ടും അവൻ പാടും. പാട്ടു പകുതിയാകുമ്പോഴേക്ക് കേൾക്കാനിരിക്കുന്ന കുട്ടികൾ പാട്ടിലുള്ള ലയം ഉറക്കത്തിലേക്ക് പകർത്തിത്തുടങ്ങീട്ടുണ്ടാവും. കാരണവർ മാത്രം പാട്ടുകാരനെ അഭിനന്ദിച്ച് കിടക്കുവാൻ പോകും. പാട്ടുകളിലെ നായകന്മാരുടെ വീര്യപരാക്രമങ്ങൾ പാടിക്കേൾക്കുമ്പോൾ കുട്ടികൾക്ക് അവരെപ്പററി സ്മരണയും തന്നിമിത്തം അഭിമാനവും ജനിക്കട്ടെ എന്നായിരിക്കും ഇതിന്റെ ആന്തരം.

ഭാരതപ്പുഴയുടെ വടക്കെ അറ്റത്തിവരെ ഇങ്ങിനെയൊരു സമ്പ്രദായം ഈ അടുത്ത കാലംവരെ നിലനിന്നു വന്നിരുന്നുവെന്നതിലേക്ക് ഒരു സാക്ഷി ഞാൻതന്നെയാണ്. എന്റെ കുട്ടിക്കാലത്ത് തറവാട്ടിൽ കാരണവൻ വഴിപോക്കരെക്കൊണ്ടു വടക്കൻപാട്ടു പാടിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. വേറെ ചില കാരണവന്മാർ പാടിച്ചിരുന്നതായും എനിക്ക് അറിവാനിടയായിട്ടുണ്ട്.

കുറച്ചുകൂടി വടക്കോട്ടു പോകയാണെങ്കിൽ പാട്ടുകേൾക്കാൻ രാത്രിവരെ നാം കാക്കേണ്ടതില്ല. കൂലിപ്പണിയെടുക്കുന്ന സ്ത്രീകളുള്ള സ്ഥലങ്ങളിൽ ചെന്നുകൂടിയാൽ പകലും യഥേഷ്ടം കേൾക്കുവാൻ സാധിക്കുന്നതാണ്. ഞാറു പറിക്കുക, നടുക, ചകിരിതല്ലുക, പിരിക്കുക മുതലായ പ്രവൃത്തികൾ സ്ത്രീകളാണല്ലോ എടുക്കാറുള്ളത്. അവ അധികംനേരം മുഷിഞ്ഞിരുന്ന് ചെയ്യേണ്ട പ്രവൃത്തികളാകയാൽ നേരം പോവാൻ ചില വിനോദങ്ങൾ അവരും ആശ്രയിക്കേണ്ടിവരുന്നു. പ്ര

വൃത്തിക്ക് വിഘ്നംവരാതിരിക്കത്തക്കവണ്ണമുള്ളതല്ലാതെ വേറെ യാതൊന്നും അവൾ സ്വീകരിക്കുവാനും തരമില്ല. പാട്ടുപാടുന്നതായാൽ തന്നിക്കും കേൾക്കുന്നവൾക്കും വലിയ വിരോധത്തിന്നും വഴിയില്ലല്ലൊ. താളം പിടിച്ച് പദങ്ങൾ പാടുവാൻതക്കവണ്ണം സംഗീതപരിജ്ഞാനം അവക്കില്ല. പണി തീരുന്നതുവരെ അനവധി പാട്ടുകൾ പാടുന്നതിന്നും അസൌകര്യമുണ്ട്. അർത്ഥം മനസ്സിലാക്കാൻ കഴിയാത്തവിധം കട്ടപ്പമുള്ള വല്ലതും പാടുന്നതിൽ അവക്ക് രസമുണ്ടാകുമോ എന്നും സംശയമാണ്.

നാടോടിഭാഷയിൽ കേൾക്കുന്ന മാത്രയിൽ സാരം ഗ്രഹിക്കാവുന്നതും ചൊല്ലുവാൻ പ്രയാസമില്ലാത്തതും രീതിക്ക് അധികം വൈഷമ്യമോ വൈചിത്ര്യമോ ഇല്ലാത്തതും ആയ വല്ല ഗാനങ്ങളുമാണ് അവക്ക് യോജിക്കുന്നത്. ഈ ഗുണങ്ങൾ ഒക്കെത്തികഞ്ഞ വടക്കൻപാട്ടുകൾ അവക്ക് സ്വാധീനമുള്ളപ്പോൾ അവർ വേറെ യാതൊന്നിനേയും ആശ്രയിക്കേണ്ടതും ഇല്ല. കോഴിക്കോട്ട് മൂരിയാട്ട്പാലവും മാങ്കാവുപാലവും കടന്നു പോയിട്ടുള്ളവക്ക് ഞാൻ മേൽവിവരിച്ച സംഗതി അനുഭവപ്പെടുന്നതാണ്.

ഈ ഘട്ടത്തിൽ നിങ്ങളിൽനിന്ന് ഒരു ചോദ്യം ഞാൻ പ്രതീക്ഷിക്കുന്നുണ്ട്. അത്താഴംകഴിഞ്ഞു കുറച്ചുനേരത്തേക്കുള്ള വിനോദത്തിന്നും വഴിവക്കിലിരുന്ന് കേൾക്കുവാനാളില്ലാതെ പാടുന്നതിന്നും തക്കയോഗ്യതയെ ഈ പാട്ടുകൾക്കുള്ളുവെങ്കിൽ അത് ഇപ്പോഴത്തെ നിലയിൽതന്നെ ഇരിക്കുന്നതല്ലെ ഭേദം? അത് അപരിഷ്കൃതമാണെങ്കിൽ വലിയവരുടെ മുമ്പിലേക്ക് അതിനെ പിടിച്ചുവലിച്ചു കൊണ്ടുവന്ന് എന്തിനാണ് അതിൻെറ ഉള്ളുകള്ളി പുറത്താക്കുന്നത്? എന്നായിരിക്കും നിങ്ങളുടെ ചോദ്യം എന്ന് ഞാൻ ഊഹിച്ചുകൊള്ളട്ടെ. ഇതിന്നു സമാധാനമായി എനിക്കു ഒന്നാമതായി പറവാനുള്ളത് ആ പാട്ടുകൾ നിങ്ങൾ വായിക്കണമെന്നാണ്—അതുപോരാ നിങ്ങൾ പഠിച്ചു പാട്ടുകതന്നെ വേണമെന്നാണ്—ഇതിന്നു കുറച്ച് വിഷമമുണ്ടായേക്കാം. കേരളീയക്ക് പാട്ടിൽ രസമോ അഭിരുചിയോ കുറവാണെന്ന് ഇയ്യിടെയായി ഒരപഖ്യാതി പുറപ്പെട്ടിട്ടുണ്ട്. മുമ്പ് സ്ത്രീകളെങ്കിലും പാട്ടു പഠിക്കയും കളിക്കയും ചെയ്തിരുന്നു. ഇപ്പോൾ അതും കുറവായിരിക്കുന്നു—

മഹാത്മാഗാന്ധി ഒരിക്കൽ ചക്ക നിങ്ങൾ നിരന്തരമായ് തിരിച്ചുകൊണ്ടിരുന്നാൽ അതിൽനിന്ന് നിങ്ങളെ ആനന്ദമഗ്നരും കൃതകൃത്യരും ആക്കത്തക്കവണ്ണം ഒരു സംഗീതം പുറപ്പെടുമെന്ന് പറഞ്ഞതായ് ഓക്കുന്നുണ്ട്. അതുപോലെതന്നെ വടക്കൻപാട്ടുകളും നിങ്ങൾ ഇടവിടാതെ കുറച്ചുദിവസം പാടുന്നതായാൽ നിങ്ങളെ പരമാനന്ദത്തിൽ ലയിപ്പിക്കുന്ന ഒരു സംഗീതം അതിൽനിന്ന് പുറപ്പെടുന്നതാ

ണെന്ന് അനുഭവപ്പെടുന്നതാണ്. ഈ സംഗതി വടക്കൻപാട്ടുകളെപ്പററി മാത്രമല്ല കേരളത്തിൻെറ നാനാഭാഗത്തും പ്രചാരമുള്ള പഴയ പാട്ടുകളെപ്പററിയും പറയാവുന്നതാണ്. ഈ തത്വം മനസ്സിലാക്കിയ മഹാകവി വള്ളത്തോഠം അദ്ദേഹത്തിൻെറ നിസർഗ്ഗസുന്ദരമായ രീതിയിൽ പാടുന്നതു നോക്കുക!

നമ്മുടെ മാതാവു—കൈരളി—പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം,
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസിതോന്നിയ മാതിരിയിൽ.

ഏട്ടലർ ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടിക്കളിച്ചു രസിച്ച കാലം,
പെററമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വററിയിട്ടില്ലാത്ത പൂംകണ്ഠത്താൽ.

പാടിയിരുന്ന പഴംകഥ പാട്ടുകഠം
പാൽകുഴമ്പല്ലോ ചെകിട്ടിന്നെല്ലാം!
വൃത്തവ്യവസ്ഥയില്ലക്ഷരവ്യക്തിയി
ല്ലർത്ഥോപപത്തിയില്ലെന്നാകിലും
ആരാരെക്കൊഠംമയിർ കൊള്ളിക്കില്ലിഗ്ഗീത-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽപോലെ.
നാരായക്കൂർപ്പിനാൽ നൊന്തുഞരങ്ങിക്കൊ
ണ്ടോരോരോ കീറോലതന്നിൽ വീഴാൻ,
സംഗതിവന്നിട്ടില്ലിക്കൃതിക്കാളുകഠം
സന്തതം നെഞ്ചേററി ലാളിക്കയാൽ.
കേട്ടുപഠിച്ചു പഠിച്ചു നടപ്പായ
പാട്ടിതുപാവന വേദഭേദം.

കൌരവ പാണ്ഡവ രാജ്യവിവാദവും
ശ്രീരാമകാർമ്മുക ഞാണൊലിയും
പാർവെന്ന തേനൻെറ വാഠംവീശൽച്ചീററവും
പാലാട്ടു കോമൻെറ പ്രേമവീർപ്പും,
പാക്കനാർ തന്നുടെയുഠംപ്പൊരുഠംത്തേട്ടലും
കേഠംക്കാമിതിങ്കൽനിന്നുഠംക്കുളിക്കെ,"

പണ്ഡിതന്മാരുടെ മട്ടനത്തിന്നോ പകത്തിയെഴുതുന്നവരുടെ അക്രമങ്ങഠംക്കൊ അധീനമാവാതെ സ്വതസ്സിദ്ധമായ പരിശുദ്ധതക്ക് യാതൊരു ഹാനിയും തട്ടാതെ ഇന്നും പലക്കും ആനന്ദനിർവൃതി അരുളുന്ന ആ പഴംപാട്ടുകഠം മഹാകവി പറയുംപോലെ ഒരു "പാവനവേദഭേദം" തന്നെയാണ്. വേദവും എഴുതിവെക്കുന്ന പതിവ് മുമ്പുണ്ടായിരുന്നി

ല്ലല്ലോ. ചൊല്ലികൊടുത്തു പഠിപ്പിക്കുന്നതുകൊണ്ടാണ് അതിന്നു ശ്രുതി എന്നൊരു പേരുണ്ടായിട്ടുള്ളതും. ഒന്നുരണ്ടു സംഗതികളിൽമാത്രമെ ഞാൻ മഹാകവിയോട് യോജിക്കാതെയുള്ളു.

വൃത്തവ്യവസ്ഥയും അക്ഷരവ്യക്തിയും അൎത്ഥോപപത്തിയും ഈ പാട്ടുകൾക്കില്ലെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. സംസ്കൃതച്ഛന്ദസ്സ് അനുസരിച്ചുള്ള വൃത്തബന്ധം അവക്കില്ലെന്നു സമ്മതിക്കാം. പക്ഷെ ചൊല്ലാനായ് വ്യവസ്ഥിതമായ ഒരു രീതി അതിന്നില്ലെന്നു പറഞ്ഞുകൂടാ. ചെവിക്ക് ഇമ്പംതരത്തക്കവിധത്തിൽ പദങ്ങൾ കൂട്ടിച്ചേൎക്കുന്ന ക്രമമാണല്ലോ വൃത്തങ്ങൾക്കെല്ലാം അടിസ്ഥാനം. ഈ തത്വം മനസ്സിലാക്കീട്ടുതന്നെയാണ് പഴയ പാട്ടുകളും ഉണ്ടാക്കീട്ടുള്ളതെന്നുള്ളതിലേക്കു സംശയമില്ല. അല്ലെങ്കിൽ അവക്ക് നമുക്കു ആഹ്ലാദംതരുന്നതിന്നു ശക്തിയുണ്ടാവുന്നതല്ലല്ലോ. അക്ഷരവ്യക്തി അവക്കില്ലാതെപോയത് പാട്ടുകളുടെ കുററമല്ല, അവ പാടുന്നവർ അക്ഷരജ്ഞാനമില്ലാത്തവരായതുകൊണ്ടാണ്. ഇനി അതില്ലെങ്കിലും അവയുടെ മാധുൎയ്യത്തിന്നു കുറവില്ലെന്നു വന്നാൽപിന്നെ ആ ന്യൂനത വകവെക്കേണ്ടതുമില്ലല്ലോ. അക്ഷരവ്യക്തിയില്ലാതെ വാക്കുകളുടെ "വക്കംമുക്കം"വിട്ട് കൊഞ്ചുന്ന ചെറുകുട്ടികളുടെ മധുരാലാപത്തിൽ അതു ഒരിക്കൽ കേൾക്കാൻ ഇടവന്നവൎക്കും കൌതുകം കുറയുന്നതല്ലല്ലോ.

ഇനി അൎത്ഥത്തിന്റെ സംഗതി പറകയാണെങ്കിൽ അത് വാചാമഗോചരംതന്നെയാണ്. അൎത്ഥോപപത്തിയുടെ പ്രയോജനം വായനക്കാരുടേയോ കേൾക്കുന്നവരുടേയോ ഹൃദയത്തിൽ സന്ദൎഭത്തിന്നനുസരിച്ച് സ്തോഭം പുറപ്പെടീക്കുന്നതാണല്ലോ. ആ വിഷയത്തിൽ വടക്കൻപാട്ടുകളെപ്പോലെ ശക്തിയുള്ള സാഹിത്യം അധികം ഉണ്ടെന്നു തോന്നുന്നില്ല. ഓതിരം കടകം നോക്കിയുള്ള വാൾപ്രയോഗങ്ങളും പുലിയങ്കം, പൂഴിയങ്കം തുടങ്ങിയ പതിനെട്ടു അടവുകളും പറന്നുവെട്ടിപമ്പരംതിരിഞ്ഞു് കോട്ടകളും ഗോപുരങ്ങളും തകൎക്കുന്ന സമ്പ്രദായങ്ങളും വൎണ്ണിച്ചിട്ടുള്ളത് വായിച്ചാൽ വാളും പലിശയും കൂട്ടിമുട്ടുന്ന ശബ്ദങ്ങളും അങ്കക്കലികൊണ്ടു തുള്ളിച്ചാടുന്ന രണശൂരന്മാരുടെ പോൎവിളിയും നാം കേൾക്കുന്നപോലെ തോന്നുന്നതാണ്. ഒരുദാഹരണം എടുത്തു കാണിക്കാം.

II. ചന്തുവും കണ്ടർമേനോനുമായുള്ള യുദ്ധം വൎണ്ണിച്ചത് നോക്കാം.

ആയതുകേട്ടപ്പോൾ കണ്ടർമേനോൻ
കച്ചയുംകെട്ടിച്ചമഞ്ഞൊരുങ്ങി.
ഉറുമിപ്പരിചയെടുത്തുകൊണ്ട്
പടകളിമുററത്തു ചാടിവീണാൻ

കൂടെയും ചാടീട്ടു കുഞ്ഞിച്ചന്തു
ഇരിവരുമായങ്ങു നേരിട്ടിട്ടു
അങ്കംപിടിക്കുന്നിരുവരുമായ്
സരസ്വതി അങ്കം പിടിച്ചവരും
ഗണപതി അങ്കവും താരിത്താഴ്ത്തി
കോൽത്താരിയങ്കം പിടിച്ചവരും
അഞ്ഞൂറും മൂന്നൂറും നീട്ടനീട്ടി.
വാൾത്താരിയങ്കം പിടിച്ചവരും
അഞ്ഞൂറും മൂന്നൂറും വെട്ടുവെട്ടി.
പതിനെട്ടടവങ്ങു വെട്ട്യവരും
പുലിയങ്കത്താരിയും നേരിട്ടല്ലോ.
ചുരികമുനയിന്നു തീപറന്നു
അങ്കംപറന്നങ്ങു വെട്ടുന്നേരം
വാടിമയങ്ങുന്നു കണ്ടർമേനോൻ
ആ തക്കംകണ്ടുടൻ കുഞ്ഞിച്ചന്തു
ഈററപ്പുലിപോലെ എതിക്കുന്നുണ്ട്
പോത്തും കലയും ചെറുക്കുംവണ്ണം
മാനത്തു വലിയിടി വെട്ടുംപോലെ
ബാലിസുഗ്രീവന്മാർ യുദ്ധംപോലെ.
ആളെ വിവരിച്ചറിഞ്ഞുകൂടാ
ആ തക്കം കണ്ടുടൻ ചന്തുതാനും
പൂഴിപ്പോരങ്കം പിടിച്ചു ചന്തു
പരിചക്കൊപ്പുരയിൽ മണ്ണുകോരി
കണ്ടർമേനോൻെറ മുഖത്തെറിഞ്ഞു
പകരിതിരിഞ്ഞങ്ങു വെട്ടിചന്തു
അച്ചോളി ഓതിരം വെട്ടുവെട്ടി
ഒമ്പതുമുറിയായി വീണു മേനോൻ.

ഇത്തരത്തിൽ ഒരു യുദ്ധവർണ്ണന കാണേണമെങ്കിൽ

മുഷ്ടിചുരുട്ടിപ്രഹരിച്ചിരിക്കവെ
കെട്ടിയുംകാൽകൈപരസ്പരംതാഡനം
തട്ടിയുംമുട്ടുകൊണ്ടും തലതങ്ങളിൽ
കെട്ടിയുമേററം പിടിച്ചുംകടിച്ചുമ
ങ്ങൂററത്തിൽവീണും പുരണ്ടുമുരുണ്ടുമും
ചീറംകലർന്നു നഖംകൊണ്ടുമാന്തിയും
ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെക്കൊടുക്കയും
ഓടിക്കഴിക്കയും വാടിവിയർക്കയും

മാടിവിളിക്കയും കോപിച്ചുട്ടക്കയും
ഊടേവിയക്കയും നാഡികലംചീക്കയും

എന്നുള്ള തുഞ്ചത്തെഴുത്തച്ഛന്റെ ബാലിസുഗ്രീവയുദ്ധവൎണ്ണനയെത്തന്നെ ആശ്രയിക്കണം. ഉദാഹരണങ്ങൾ ഇനിയത്തെ പ്രസംഗത്തിൽ അധികം ഉദ്ധരിക്കാനുള്ളതുകൊണ്ടു ഈ പ്രകൃതം അധികം ദീൎഘിപ്പിക്കുന്നില്ല.

ചുരുക്കിപ്പറയുന്നതായാൽ ഈ പാട്ടുകളിൽ സൎവ്വത്ര വിളങ്ങുന്ന അകൃത്രിമസൌന്ദൎയ്യത്തിന്നു അതിന്റെ ഉല്പത്തിഹേതുവായ ഹൃദയസംഗീതംപോലെ അന്യാദൃശമായ ആകൎഷണശക്തിയുണ്ടെന്നു അനുഭവസിദ്ധമാണ്. ഈ ഹൃദയസംഗീതം പാട്ടുകച്ചേരികളിൽ നമുക്ക് കിട്ടിവരുന്ന സംഗീതത്തിൽനിന്ന് വ്യത്യാസപ്പെട്ടതാണ്. ഭാഗവതരുടെ സംഗീതം അഭ്യസിച്ചുണ്ടായതാണ്. ഹൃദയസംഗീതം താനേയുണ്ടായതാണ്. ഇതാണ് അവതമ്മിലുള്ള വ്യത്യാസം. അഭ്യസ്തസംഗീതവും ഹൃദയസംഗീതവും യോജിച്ചുവന്നാൽ അവയിൽനിന്നുത്ഭവിക്കുന്ന പരമാനന്ദരസം അവാച്യമായ ആകൎഷണശക്തിയുള്ളതാണെന്നുള്ളതിലേക്ക് സംശയമില്ല. പക്ഷെ മററു നല്ല വസ്തുക്കളെപ്പോലെ ഈ സമ്മേളനവും അപൂൎവ്വമായിട്ടെ കണ്ടുവരുന്നുള്ളു. പരമയോഗികൾ ഏകാഗ്രതയിൽ അനുഭവിക്കുന്ന ആനന്ദം മേല്പറഞ്ഞ ഹൃദയസംഗീതത്തിന്റെ ഒരു രൂപാന്തരം മാത്രമാണ്. കാമിനീകാമുകന്മാർ കേവലം മാനസികമായ ഐക്യത്തെ മാത്രം കാംക്ഷിച്ചു പെരുമാറുമ്പോൾ അവൎക്ക് അനുഭവപ്പെടുന്ന പരമനിൎവൃതിയും ഹൃദയസംഗീതത്തിന്റെ പരിണാമഭേദമല്ലാതെ മറെറാന്നുമല്ല. ഈശ്വരസൃഷ്ടികളിൽ എല്ലാംകൊണ്ടും അഗ്രസ്ഥാനം മനുഷ്യനാണല്ലോ വഹിക്കുന്നത്. സകല കലാവല്ലഭനായ സൎവ്വേശ്വരന്റെ സൃഷ്ടിചാതുൎയ്യത്തിൽ ലയിച്ചുകിടക്കുന്ന മാഹാത്മ്യം കണ്ടറിവാനുള്ള ശക്തിയും മനുഷ്യനേ ഉള്ളൂ. ഇങ്ങിനെ വിശേഷശക്തിയുള്ള മനുഷ്യൻ ഈശ്വരസൃഷ്ടിയിലുള്ള വിശേഷവിധികളും വൈചിത്ര്യങ്ങളും കാണുമ്പോൾ സൃഷ്ടികൎത്താവിന്റെ കലാനൈപുണ്യത്തെ മതിമറന്നു സ്തുതിക്കാൻ പ്രേരിതനാവുന്നു. ഈ പ്രേരണയാണ് ഹൃദയസംഗീതത്തിന്റെ ബീജം. സൃഷ്ടിയിൽ കാണുന്ന കലാസൌന്ദൎയ്യത്തെപ്പററി മനുഷ്യന്നുണ്ടാവുന്ന ബോധമാണ് അതിനെ പോഷിപ്പിക്കുന്ന സാധനം. അതു ഒരു നിയമത്തേയും കൈക്കൊള്ളുന്നില്ല. അതിന്നു പ്രത്യേകമായ ഉദ്ദേശങ്ങളുമില്ല. താനെ പ്രവഹിക്കുന്നതാണ് അതിന്റെ സ്വഭാവം. ഇരിമ്പിന്നു കാന്തംപോലെ ഇതിനെ തട്ടിയുണൎത്തുവാൻ അല്പമായ വല്ല ഹേതുവും ഉണ്ടായാൽ മതി. പിന്നെ അത് അടങ്ങിനില്ക്കുന്നതല്ല. ധാരമുറിയാതെ വഴിഞ്ഞുകൊണ്ടിരിക്കും. മേല്പറഞ്ഞ കലാസൌന്ദൎയ്യബോധം എല്ലാ മനുഷ്യരിലും ഉണ്ട്. പരിഷ്കൃ

സ്ഥിതികളുടേയും കാലാവസ്ഥകളുടേയും ഭേദമനുസരിച്ച് അത് ചിലരിൽ പ്രകടമായും ചിലരിൽ നഷ്ടപ്രായമായും ഇരിക്കുന്നുവെന്നേ ഉള്ളൂ. ഇപ്രകാരമുള്ള ഹൃദയസംഗീതത്തിന്റെ പ്രവാഹം മററു ഹൃദയങ്ങൾ അനായാസേന കൈക്കൊള്ളുകയല്ലാതെ അതിന്റെ നിസർഗ്ഗസൌന്ദര്യത്തിന്ന് ഹാനിവരുത്താൻ ഒരിക്കലും ശ്രമിക്കുന്നതല്ല. ഇതാണ് വടക്കൻപാട്ടുകൾ മുതലായ പഴയ പാട്ടുകൾ എഴുതിവെക്കാതെ പാടി രസിച്ചുവന്നതിന്റെ രഹസ്യം. ഇപ്പോൾ ഇവക്കു ഈ സാന്നിദ്ധ്യം ക്രമേണ കുറഞ്ഞുവരുന്നുണ്ടെന്നുള്ള വാസ്തവവും ഈ ഘട്ടത്തിൽ പ്രസ്താവയോഗ്യമാണ്. നമ്മുടെ സംസ്കാരം ക്രമേണ അസ്തമിക്കാൻ തുടങ്ങീട്ട് കുറച്ചുകാലമായി. അതോടുകൂടി നമ്മുടെ ഹൃദയസംഗീതവും നമ്മോടു യാത്രപറഞ്ഞു പിരിഞ്ഞുപോകുന്നുണ്ട്. അതിന്റെ അഭാവത്തോടുകൂടി ആവക പാട്ടുകളെ ഹൃദയത്തിൽ സൂക്ഷിച്ചുവെക്കുവാൻ നമുക്കുള്ള കെല്പും കുറയാതെ തരമില്ലല്ലോ. അപ്പോഴാണ് അവയെ പകർത്തിയെടുത്തിട്ടെങ്കിലും സൂക്ഷിക്കേണമെന്നുള്ള ആഗ്രഹം നമുക്കുണ്ടാവുന്നത്. ഈ പ്രകൃതിനിയമത്തിന്നധീനമായ വടക്കൻപാട്ടുകളും അച്ചടിപ്പിശാചിന്റെ ബാധക്ക് കീഴടങ്ങേണ്ടിവന്നിരിക്കുന്നു. കാര്യത്തിന്റെ ഗതി ഇത്തരത്തിലാണെങ്കിലും അച്ചടിപ്പിശാചിനോട് നമുക്ക് നന്ദിപറയാതെ തരമില്ല. അതില്ലെങ്കിൽ ഇങ്ങിനെയൊന്ന് ഉണ്ടായിരുന്നുവെന്നുള്ളത് ഇനിയുള്ളവർ അറിയാനും മാർഗ്ഗമില്ലാതെയാകുമായിരുന്നു.

ഈ ഘട്ടത്തിൽ എന്റെ സോദരീസോദരന്മാരോട് എനിക്ക് ഒരപേക്ഷയുണ്ട്. മലയാളത്തിലെ പഴയപാട്ടുകളിൽ ആയിരത്തിനൊന്നുകണ്ടെങ്കിലും ഇതുവരെ അച്ചടിക്കാൻ തരമായിട്ടില്ല. അവയിൽ ഒട്ടുമുക്കാലും നാട്ടുകാരുടെ ഹൃദയത്തിൽതന്നെയാണ് ഇപ്പോഴും നിക്ഷേപിച്ചിരിക്കുന്നത്. ഇതിൽ ഒരു വലിയപങ്ക് നമ്മുടെ മുത്തശ്ശിമാരുടെ കയ്വശമുണ്ട്. ഇവരുടെ കാലം കഴിയുന്നതോടുകൂടി ആവകപ്പാട്ടുകളും നമുക്കു നഷ്ടപ്പെട്ടു പോകുന്നതാണ്. അതുകൊണ്ട് അവരുടെ ആയുഷ്കാലം അവസാനിക്കുന്നതിന്നുമുമ്പായി അവർക്കു തോന്നുന്ന പാട്ടുകൾ പകർത്തിവാങ്ങുവാൻ നിങ്ങളെല്ലാവരും ഉത്സാഹിക്കേണമെന്നാണ് എനിക്കുള്ള അപേക്ഷ. ഇക്കാര്യത്തിൽ കുറച്ചധികം സൌകര്യം എന്റെ സഹോദരിമാർക്കാണ് ഉള്ളതെന്നു ഞാൻ സംശയിക്കുന്നു. മുത്തശ്ശിമാരുടെ പാകത്തിന്നുനിന്ന് അവരെ മുഷിപ്പിക്കാതെ കാര്യം കയ്ക്കലാക്കാൻ സഹോദരന്മാരേക്കാൾ സാമർത്ഥ്യം സഹോദരികൾക്കാണെന്നു ഞാൻ പറയുമ്പോൾ എന്റെ സോദരന്മാർ ഒട്ടുംതന്നെ പരിഭവിക്കേണ്ടതില്ല. അതുകൊണ്ടു എന്റെ സഹോദരിമാരോടു ഇക്കാര്യത്തിൽ ദൃഷ്ടിവെക്കേണമെന്നു ഞാൻ പ്രത്യേകമായി അപേക്ഷിച്ചുകൊള്ളുന്നു. ഇതെല്ലാം ശേഖരിച്ച് ഞങ്ങളെന്താണ് ചെയ്യേണ്ടതെന്ന് നിങ്ങളാരും സംശയിക്കേണ്ടതില്ല, എനിക്കു അയച്ചുതന്നാൽ മതി, അയച്ചുതന്നാ

ളുടെ പേര് വിവരവും ചേൎത്ത് ഞാൻ അച്ചടിക്കുകയും മലയാളത്തിലെ പഴയപാട്ടുകളെപ്പററി ഇനിയും ചില പ്രസംഗങ്ങൾ ചെയ്വാൻ തെയ്യാറാവുകയും ചെയ്തുകൊള്ളാം. ഇയ്യുള്ളവനും ഇക്കാൎയ്യത്തിൽ പരിശ്രമം ചെയ്യുന്നുണ്ടു്. അല്പം പ്രകൃതം വിട്ടുപോയതിന്നു ഞാൻ നിങ്ങളോടു ക്ഷമായാചനം ചെയ്തുകൊള്ളുന്നു. വീണ്ടും വിഷയത്തിലേക്കു തന്നെ കടക്കാം.

ഈ പാട്ടുകൾക്കു് വടക്കൻപാട്ടുകൾ എന്നപേർ വരുവാനുള്ള കാരണമെന്ത്? തെക്കൻ ദിക്കുകളിൽ ഇത്തരത്തിലുള്ള പാട്ടുകളില്ലേ? ഈ സംശയങ്ങൾക്കും ഒരു പരിഹാരം ചെയ്യേക്കാം. ഉത്തരകേരളത്തിലുള്ള വീരന്മാരെക്കുറിച്ചുള്ള പാട്ടുകളായതുകൊണ്ടു് ഇവക്കു് ഒന്നായി വടക്കൻ പാട്ടുകൾ എന്നപേര് സിദ്ധിച്ചതായിരിക്കണം. ഇതുവരെ കിട്ടിയിട്ടുള്ള പാട്ടുകൾ പരിശോധിച്ചുനോക്കുമ്പോൾ ഈ വീരന്മാരുടെ പ്രധാനകേളീരംഗം കോലത്തിരിനാട്ടു്, കടത്തനാട്ടു്, വയനാട്ടു് വടകര എന്നീ സ്ഥലങ്ങളായിരുന്നുവെന്നു കാണാം. ഈ ചുരുങ്ങിയ അതിൎത്തിക്കുള്ളിൽ ഇവർ അടങ്ങിനിന്നുവെന്നു വിചാരിക്കാൻ വഴികാണുന്നില്ല. തച്ചോളിച്ചന്തുക്കുറുപ്പ് തന്റെ ഭാൎയ്യയായ മാതുവിനെ ബലാൽക്കാരമായി കൊണ്ടുപോയ കണ്ടർമേനോനോടു് പടവെട്ടി രാവണന്റെ കോട്ടയേയും കവിഞ്ഞുനില്ക്കുന്ന അയാളുടെ കോട്ട പിട്ടിച്ചടക്കിയതായ ഒരു കഥയുണ്ടു്. ഇതിൽ കണ്ടർമേനോന്റെ കോട്ട തച്ചോളിവീട്ടിൽനിന്നു്-(തച്ചോളിവീടു് കടത്തനാട്ടാണു്) ൪0കാതം വഴിദൂരത്തായ, താന്തൂർ എന്ന സ്ഥലത്താണെന്നു പ്രസ്താവിച്ചുകാണുന്നുണ്ടു്. ഈ സ്ഥലം ഇപ്പോഴത്തെ തിരുക്ക്ടുത്ത താന്തൂരാണോ എന്നു നിൎണ്ണയിച്ചുപറവാൻ സാധിക്കുന്നതല്ല. കഥയിൽ പ്രസ്താവിച്ച ദൂരം നോക്കുമ്പോൾ അതല്ലെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. അതുകൂടാതെ ഓരോ വീരന്മാരെപ്പററി പ്രസ്താവിക്കുമ്പോൾ "പതിനെട്ടുനാട്ടിലും പോയിവന്നു" എന്നൊക്കെ വിവരിക്കുന്നതുമുണ്ടു്. ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ ചുരുങ്ങിയതു് ഭാരതപ്പുഴയുടെ വടക്കു് ഉത്തരകേരളമെന്നു് പറയാവുന്ന രാജ്യവിഭാഗത്തിലുൾപ്പെട്ട മിക്ക സ്ഥലങ്ങളേയും ഒരു വിധത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ സ്പൎശിച്ചിട്ടുണ്ടെന്നു പറയാവുന്നതാണു്. ദക്ഷിണകേരളത്തിലും ഇത്തരത്തിലുള്ള പാട്ടുകളുണ്ടു്. അഞ്ചു തമ്പുരാൻ പാട്ടു്. ഇരവിക്കുട്ടിപ്പിള്ളപ്പോർ പാട്ടു് എന്നു തുടങ്ങിയ അനവധി പാട്ടുകൾ പ്രചാരത്തിലുണ്ടു്. അച്ചടിച്ചു പ്രസിദ്ധം ചെയ്യാത്തതുകൊണ്ടു് അവക്കു കേരളമൊട്ടുക്കും പ്രചാരം സിദ്ധിച്ചിട്ടില്ലന്നേയുള്ളു. ഭാഷാസാഹിത്യത്തിലും ദേശചരിത്രത്തിലും ഈ പാട്ടുകൾക്കും എന്തൊരു സ്ഥാനമാണു് കല്പിക്കേണ്ടതു് എന്നു് ഇനി ചിന്തിച്ചുനോക്കാം. ഈ ഘട്ടത്തിൽ ഭാഷാചരിത്രത്തിന്റെ ചില മങ്ങിയ കോണുകളിലേക്കു നിങ്ങളുടെ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ടു്. തമിഴും സംസ്കൃതവുമെട്ടു

ത്തുകളഞ്ഞാൽ പിന്നെ മലയാളഭാഷ എന്നൊന്നു വേറെയുണ്ടോ എന്നു സംശയിക്കുന്നവർ ഇന്നും ചിലരുണ്ടു്. അവർ തങ്ങളുടെ അഭിപ്രായത്തിന്നു അവലംബമായി മലയാളത്തിൽ കാണുന്ന തമിഴുപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും ഒരു പട്ടിക എടുത്തുകാണിക്കാറുമുണ്ടു്. തമിഴരും സംസ്കൃതഭാഷ അറിയുന്നവരുമായി മലയാളികൾക്ക് ഇടപഴകേണ്ടിവന്നതുകൊണ്ടു് ആ രണ്ടുഭാഷകളിൽനിന്നു ധാരാളം വാക്കുകൾ മലയാളത്തിൽ കടന്നുകൂടീട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. അതുപോലെ അറബീക്ക്, ഹിന്തുസ്ഥാനി, പേർസിയൻ എന്നീ ഭാഷകളിൽനിന്നും ധാരാളം വാക്കുകൾ മലയാളത്തിൽ കടന്നുകൂടീട്ടുണ്ടു്. ഇപ്പോൾ ഇംഗ്ലീഷിൽനിന്നും കടന്നുകൂടുന്നുണ്ടു്. ഇങ്ങിനെ കൂടുന്നതു് ഭാഷയുടെ വളൎച്ചക്കല്ലാതെ തളൎച്ചക്ക് കാരണമാകുന്നതുമല്ല. എന്നാൽ ഈ ഭാഷകൾക്കൊന്നിനും തനിമലയാളത്തിനെ നിലതെററിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിലേക്ക് പച്ചമലയാളം എന്നപേരിൽ പുറപ്പെട്ടിട്ടുള്ള പാട്ടുകളാണ് ഒന്നാന്തരം തെളിവ്. നാടോടിപ്പാട്ടുകൾക്കു പുറമെ ഇക്കാലത്തു് കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ മുതലായ കവികുലോത്തമന്മാർ പച്ചമലയാളത്തിൽ കവിതയെഴുതിയത് നിങ്ങളിൽ ചിലർ കാണുകയോ കേൾക്കുകയോ ചെയ്തിരിക്കാനിടയുണ്ടു്. അങ്ങിനെയുള്ള തനിമലയാളത്തിന്നു ഊക്കിന്നോ ഒഴുക്കിന്നോ മോടിക്കോ കുറവില്ലെന്നുള്ളത്

തേടിക്കയൎത്തുപടയിൽപലർകൂടിവന്നാൽ
കൂടിക്കരുത്തുടയകയ്യിതുകൂസുമില്ല്
മോടിക്കുവേണ്ടിയരവാളിതെടുത്തതല്ല
പേടിക്കവേണ്ടപിടമാൻമിഴിതെല്ലുപോലും
കയ്യുകണക്കുമണയാതെകനത്തമാരി
പെയ്യുംകണക്കടലുവിട്ടുകരിച്ചുവില്ല.
എയ്യുംകണക്കുമറുകയ്യറിവില്ലൊരാൾക്കും
നിയ്യുംകണക്കവനോടിവനേററുതോററു.
പുല്ലാണെനിക്കുപടയാളികൾനിൻകടക്കൺ
തല്ലാണുതേൻമൊഴിതടുത്തിടുവാൻഞെരുക്കം
തെല്ലാകയാൽതെളിവിയന്നുതുണക്കണംനീ
യില്ലായ്കിലാങ്ങളകൾതൻപണിപെങ്ങൾപെണ്ണും
വാളെതെളിഞ്ഞിടുകനിൻപണിതീൎന്നതില്ല
നാളെക്കുനീട്ടിടുകനിൻെറയുറക്കമെല്ലാം
ആളേറെയിന്നിതപടക്കുവരുന്നുതെൻചൊ
ല്ലാളെ?നിനക്കിനിയുമിന്നൊരുകാഴ്ചകാണാം.

എന്നീ ശ്ലോകങ്ങൾ വിളിച്ചുപറയുന്നുമുണ്ടു്. ഇപ്രകാരമുള്ള തനിമലയാളത്തിനെ വളൎത്തിക്കൊണ്ടുപോന്നത് വടക്കൻപാട്ടുകളെപ്പോലെയു

ള്ള നാടോടിപ്പാട്ടുകളാണെന്നു വരുമ്പോൾ അവക്ക് ഭാഷാസാഹിത്യച രിത്രത്തിൽ ഒരു ഗണ്യമായ സ്ഥാനത്തെ കല്പിക്കേണ്ടതാണെന്നുള്ളതി ലേക്ക് സംശയമില്ലല്ലൊ. ഈ സംസ്കൃതസമ്പൎക്കം ഭാഷക്ക യാതൊരു വിധത്തിലും ഗുണം ചെയ്തിട്ടില്ലെന്നാണ് എൻെറ അഭിപ്രായമെന്നു നിങ്ങൾ തെററിദ്ധരിക്കരുത്. സംസ്കൃതം മൂലമായി ഭാഷയിൽ പദ സംപത്ത് വൎദ്ധിച്ചിട്ടുള്ളതിന്നുപുറമെ പല പ്രസ്ഥാനങ്ങളും അവതരി ച്ചിട്ടുണ്ട്. അവയെ ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ സംസ്കൃതത്തി ലുള്ള അതിരുകവിഞ്ഞ അഭിമാനം ഭാഷാത്തറവാട്ടിൽ ചിലവകയിലു ണ്ടായിരുന്ന സ്വത്തുക്കൾ നശിപ്പിച്ചിട്ടുണ്ടെന്നുള്ള വാസ്തവവും മറച്ചു വെക്കുവാൻ തരമില്ല. ഇന്നും ഭാഷയിലുള്ള പല പാട്ടുകളും പ്രസിദ്ധ പ്പെടുത്താതിരിക്കുവാൻ നമ്മുടെ സംസ്കൃതപക്ഷപാതവും ഭാഷാഭിമാന ക്കുറവും കാരണമല്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. മാനവേദൻ എന്ന സാമൂതിരിപ്പാടിൻെറ സദസ്സിൽ പതിനെട്ടരക്കവികളുണ്ടായിരുന്നുവെ ന്നും അതിൽ ഭാഷാക്കവിയാണ് അരക്കവിയായിത്തീൎന്നതെന്നുമുള്ള ഐതിഹ്യം നിങ്ങൾ കേട്ടിരിക്കാനിടയുണ്ട്. എന്നാൽ ആ അരക്ക വിയോ

അധികേരളമഗ്ര്യഗിരഃകവയഃ
കവയന്തുവയന്തുനതാൻവിനമഃ
പുളകോൽഗമകാരിവചഃപ്രസരഃ
പുനമേവപുനഃപുനരാസ്തമഹേ.

(കേരളത്തിൽ വശ്യവാക്കുകളായ കവികൾ കവനം ചെയ്തുകൊള്ളട്ടെ. അവരെ ഞാൻ നമസ്കരിക്കുന്നില്ല. കോൾമയിർ കൊള്ളിക്കുന്ന വാഗ് വിലാസമുള്ള പുനത്തിനെ മാത്രമെ ഞാൻ വീണ്ടും വീണ്ടും നമസ്കരിക്കു ന്നുള്ളു) എന്ന സൎട്ടിഫിക്കററ് പണ്ഡിതകേസരിയായ ഉദ്ദണ്ഡശാസ്ത്രി കളുടെ കയ്യിൽനിന്നു വാങ്ങിയ മഹായോഗ്യനാണ്.

ബാക്കി പതിനെട്ടുകവികളും കേരളീയർതന്നെ ആയിരുന്നെ ങ്കിലും അവക്ക് ഭാഷയിൽ കവനം ചെയ്യുന്നതിൽ അഭിമാനമോ രസ മോ ഉണ്ടായിരുന്നില്ലെന്നാണ് കേട്ടറിവ്. അവരും പുനത്തിനെപ്പോ ലെതന്നെ ഭാഷാകവിതയിൽ മനസ്സിരുത്തിയിരുന്നെങ്കിൽ മലയാളഭാ ഷയിലെ ഗ്രന്ഥസമ്പത്ത് ഏതുഭാഷയിലുള്ള ഗ്രന്ഥസമുച്ചയത്തെയാ ണ് അതിശയിക്കാത്തതു്.

ഇങ്ങിനെയൊരു ദശമററുഭാഷകൾക്കും ഉണ്ടായിട്ടുണ്ട്. ഇം ഗ്ലീഷിൽ milton എന്ന മഹാകവിക്കുതന്നെ Latin ഭാഷയിലെഴുതുന്ന തായിരുന്നുവത്രെ അധികം ഇഷ്ടം. ബേക്കൻെറ അഭിമാനവും അത്തരത്തിൽതന്നെ ആയിരുന്നുപോൽ. പക്ഷെ അവക്ക് ഇന്നും നിലനിന്നു വരുന്ന കീൎത്തി അവരുടെ ഇംഗ്ലീഷു കൃതികളെ ആസ്പദ

മാക്കീട്ടാണ് എന്നുള്ള പരമാൎത്ഥം അറിയുമ്പോഴാണ് അവരുടെ വൃഥാശ്രമങ്ങളെപ്പററി നാം വ്യസനിക്കുന്നത്. നമ്മുടെ പൂൎവ്വീകന്മാർ സംസ്കൃതത്തിൽ കവനം ചെയ്തതിനെകുറിച്ച് ഞാൻ ഒരു കാലത്തും അവരെ പഴിക്കുന്നതല്ല. അവരുടെ കരുണാമസൃണമായ കടാക്ഷാവലോകത്തിന്ന് പാത്രീഭവിക്കാൻ നമ്മുടെ കൈരളിമാതാവിന്ന് ഭാഗ്യമുണ്ടായില്ലല്ലോ എന്നാണ് എനിക്കുള്ള വ്യസനം. അവരുടെ പ്രതിഭാവിലാസത്തെ സംസ്കൃതമറിയുന്ന എല്ലാവരും കൊണ്ടാടുന്നുണ്ടെങ്കിലും സന്തോഷിക്കാമായിരുന്നു. മഹാകവിയും പ്രസിദ്ധ വൈയാകരണനും ഭക്തശിരോമണിയും ആയിരുന്ന മേല്പത്തൂർ നാരായണഭട്ടതിരിയുടെ പേര് കേരളീയരല്ലാത്ത എത്ര സംസ്കൃതവിദ്വാന്മാർ കേട്ടിട്ടുണ്ടായിരിക്കും? അദ്ദേഹം എഴുതിയ പ്രക്രിയാസർവ്വസ്വം എന്ന ഉത്തമവ്യാകരണത്തെപ്പററി ഇന്ന് കേരളത്തിന്ന് പുറത്തുള്ള മഹാമഹോപാദ്ധ്യായന്മാരും കേട്ടിരിക്കുമോ എന്നു സംശയമാണ്. ഒരു കാലത്തു ദക്ഷിണഭാരതത്തിൻെറ നാനാഭാഗത്തുനിന്നും വിദ്വാൻമാരെ ആകൎഷിച്ചിരുന്ന പ്രസിദ്ധവിദുഷിയായിരുന്ന മനോരമത്തമ്പുരാട്ടിയുടെ നാമധേയവും ഇന്ന് ആൎക്കാണ് അറിയുന്നത്. എന്തിനധികം വിസ്തരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഒരു വമ്പിച്ച സാഹിത്യമായ സംസ്കൃതത്തിൻെറ പിടിയിൽപെട്ട ഭാഷയെ നശിപ്പിക്കാതെ രക്ഷിച്ചു പോന്നത് ഇത്തരം പാട്ടുകളാണെന്ന് ഭാഷാചരിത്രം വായിച്ചു നോക്കിയാൽ അറിയാവുന്നതാണ്. ജ്ഞാനത്തിന്നായി ഉത്തമസാഹിത്യങ്ങളെല്ലാം നാം പഠിക്കേണ്ടതാണ്. അതിലൊന്നാണ് സംസ്കൃതം, അതുപോലെതന്നെ മറെറാന്നാണ് ഇംഗ്ലീഷും. സമുദ്രംപോലെ വിശാലമായ ഈ രണ്ടു ഭാഷകളിലും അന്തൎഭവിച്ചു കിടക്കുന്ന രത്നങ്ങൾ നമ്മുടെ മാതൃഭാഷക്കു അനുഭവയോഗ്യമാക്കിത്തീൎക്കേണ്ടതും അത്യാവശ്യമാണ്. പക്ഷെ ഇവ രണ്ടും പഠിച്ചുണ്ടായജ്ഞാനത്തെ നമ്മുടെ ഭാഷയെ പോഷിക്കാനുപയോഗപ്പെടുത്താതിരുന്നാൽ നാം നമ്മുടെ അമ്മയേയും നമ്മേയും മറക്കുന്നതിന്നു തുല്യമാണ്. മററു ഭാഷകളിൽ നമുക്കുള്ള ജ്ഞാനം നമ്മുടെ ഭാഷാഭിവൃദ്ധിക്ക് സഹായമായിത്തീരേണ്ടതാണെന്നല്ലാതെ, അത് ഭാഷക്ക് ഹാനികരമാകുന്നപക്ഷം പൊന്നു കായ്ക്കുന്ന മരമായാലും പുരയിൽ കവിഞ്ഞാൽ മുറിക്കേണമെന്നുള്ള നയം അംഗീകരിക്കേണ്ടതാണെന്നോ ഞാനിപ്പറഞ്ഞതിന്ന് അൎത്ഥമുള്ളു.

ഒരു ദേശവാസികളുടേയോ ജനവൎഗ്ഗത്തിൻേറയോ സാഹിത്യം അവരുടെ സംസ്കാരത്തേയും അവരുടെ സൌന്ദൎയ്യബോധത്തേയും പ്രതിഫലിക്കുന്നുണ്ടെന്നതാണല്ലോ അതിന്നു മററുള്ള ഭാഷകളെ അപേക്ഷിച്ചു ഒരു പ്രത്യേക സ്ഥിതികളും അവകാശമുണ്ടാകുന്നതു. മലയാളികളുടെ ഭാഷക്ക് മലയാളികളുടെ സംസ്കാരവും സ്വഭാവവും ജീവിതരീതിയും

പ്രകാശിപ്പിക്കാനുള്ള ശക്തിയാണല്ലൊ ഉണ്ടാവേണ്ടത്. വേറൊരു ഭാഷക്ക് എപ്പോൾ അത് അടിമപ്പെടുന്നുവോ അപ്പോൾ അതിന്ന് മേല്പറഞ്ഞ ശക്തിയും കുറഞ്ഞുവരുന്നു. സംസ്കൃതഭാഷയിൽ നിന്നു കടം വാങ്ങീട്ടുള്ള പ്രസ്ഥാനങ്ങൾ ഭാഷയിൽ വേരൂന്നിപ്പിടിക്കാതിരിക്കാനുള്ള കാരണവും ഇതുതന്നെയാണ്. ഈ പ്രകൃതം ഇനിയും നീട്ടുന്നില്ല. മലയാളികളുടെ ഉടുപ്പ്, നടപ്പ് തുടങ്ങിയുള്ളതെല്ലാം ഒന്നുപോലും വിടാതെ സൂക്ഷിച്ചുവെച്ച ഒരു കണ്ണാടിയിലെന്നപോലെ നമുക്കു കാണിച്ചുതരുന്ന വടക്കൻപാട്ടുകൾ ഭാഷാസാഹിത്യത്തിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു സ്ഥാപിക്കുവാൻ ഇനി തെളിവുകളാവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇനി ചരിത്രത്തിൽക്കൂടെ ഒന്നു കണ്ണോടിച്ചുനോക്കാം. ഇതു വേറെ എഴുതീട്ടുള്ള കേരളചരിത്രങ്ങളെല്ലാം വായിച്ചു നോക്കിയാൽ രാജ്യകാൎയ്യങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം വഹിച്ചിരുന്നത് നായന്മാരാണെന്നു കാണാവുന്നതാണ്. അവർ കേരളത്തിലെ ക്ഷത്രിയന്മാരെന്ന അഭിധാനത്തിന്നും അർഹന്മാരായിത്തീൎന്നിട്ടുണ്ട്. അവരെ ക്ഷത്രിയന്മാരെന്നു വിളിക്കുന്നതു അവൎക്കോ ക്ഷത്രിയന്മാൎക്കോ അധികം അഭിമാനകരമാണെന്നുള്ളത് നാം ഇപ്പോൾ തീൎച്ചപ്പെടുത്തേണ്ടതില്ല. കേരളചരിത്രത്തെപ്പററി പല അന്വേഷണങ്ങളും ചെയ്തു മലബാർ മാന്വൽ എന്ന ഒരു ഗ്രന്ഥം എഴുതിയ ലോഗൻ സായ്പവർകൾ തന്റെ ഗ്രന്ഥത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നുണ്ട്.—മലയാളികളെപ്പററി വൎണ്ണനാരൂപത്തിലോ ചരിത്രരൂപത്തിലോ എഴുതുന്ന ഏതു വിവരണത്തിലും രസകരമായ ഒരു കേന്ദ്രസംഗതി—എന്റെ അഭിപ്രായപ്രകാരം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതായത് അനവധി നൂററാണ്ടു കാലത്തോളം സമാധാനപരമായും യുദ്ധവ്യവസ്ഥകൾ സംബന്ധമായും ഉള്ള സ്ഥാപനങ്ങളിൽ നായന്മാൎക്കുണ്ടായിരുന്ന അഗ്രസ്ഥാനം അന്യാദൃശവും എന്നെന്നേക്കും അടിയുറച്ചതും ആയ ആ സ്ഥാനം അന്യരാജ്യക്കാരുടെ പ്രവേശം ഇല്ലായിരുന്നുവെങ്കിൽ ഇനിയും അനവധി നൂററാണ്ടുകാലത്തേക്ക് നിലനില്ക്കാതിരിപ്പാൻ യാതൊരു കാരണവും ഉണ്ടാകുമായിരുന്നില്ല. ഭരണതന്ത്രത്തിൽ അവരുടെ ചുമതലയെ "കണ്ണെന്നും, 'കയ്യെന്നും, "കല്പന,യെന്നുമായി ഐതിഹ്യങ്ങളിൽ വിവരിച്ചിട്ടുണ്ട്.—ഇപ്പോഴും കേരളത്തിന്റെ നാനാഭാഗത്തും അവർ നിരന്നു കാണുന്നുമുണ്ട്.—പക്ഷെ കഷ്ടം—എല്ലാവൎഗ്ഗക്കാരുടെയും അവകാശങ്ങൾ ദോഷമോ ന്യൂനതയോ തട്ടാതെ സൂക്ഷിക്കുന്നവരായിട്ടല്ല.

ഭരണാധികാരികളുടെ അഴിമതികളിൽ നിന്നും സ്വേച്ഛാധികാത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനായി നിന്നിരുന്ന ഈ കോട്ടമതിൽ രാജ്യത്തിൽ സമാധാനവും സുഖവും നിലനിൎത്തിപ്പോന്നു. അന്യവൎഗ്ഗ

ന്മാരുടെ പ്രവേശം ഇല്ലായിരുന്നുവെങ്കിൽ ഒരു ചരിത്രമില്ലാത്തവർ പരമസുഖത്തോടുകൂടിയവരാണെന്ന് മലയാളികളെപ്പററിയും യഥാത്ഥമായിപ്പറയാമായിരുന്നു. ഈ വൎഗ്ഗത്തോടു പ്രാധാന്യംകൊണ്ടും പ്രാചീനത്വംകൊണ്ടും കിടപിടിച്ചിരുന്ന മറെറാരു മഹാസമുദായമാണ് ഈഴവസമുദായം അല്ലെങ്കിൽ തിയ്യസമുദായം.

ഇവർതമ്മിൽ ഇന്നു കാണുന്നതായ അകൽച്ച പ്രാചീനകാലത്തുണ്ടായതായി യാതൊരു രേഖകളും ഇല്ല. ഇവരും ചേകവന്മാരുമായി മററുള്ളവരുടെ സങ്കടനിവൃത്തിക്കായി തങ്ങളുടെ ദേഹത്തെ ബലികഴിക്കാൻ സന്നദ്ധരായിരുന്നു.

അതിപ്രാചീനകാലം മുതല്ക്ക് നാട്ടുകാരുടെ യോഗക്ഷേമം വഴിപോലെ പരിപാലിച്ചുപൊന്ന ഈ രണ്ടു വലിയ സമുദായത്തെപ്പററി നമ്മുടെ നാട്ടുകാരാരും യാതൊരു ഗ്രന്ഥവും എഴുതാതിരുന്നതിൽ വലിയ അത്ഭുതം തോന്നുന്നുണ്ട്. ബ്രാഹ്മണർ കേരളോല്പത്തി കേരളമാഹാത്മ്യം എന്നീ ഗ്രന്ഥങ്ങൾ എഴുതി അവരുടെ മാഹാത്മ്യം അടിയുറപ്പിച്ചു. നായന്മാരും തിയ്യരുമാകട്ടെ സ്വാത്ഥരഹിതമായി പരോപകാരം ചെയ്തുകൊണ്ട് ജീവിതം നയിച്ചു. അവർ എപ്പോഴും ജനങ്ങളെ സംബന്ധിച്ച കാൎയ്യങ്ങളിൽ ഏൎപ്പെട്ടിരുന്നതിനാൽ തങ്ങളെപ്പററിച്ചിലതെല്ലാം എഴുതിവെക്കാൻ അവൎക്കു സമയംകിട്ടിയില്ല. അതിൽ അവൎക്കു വലിയ ശ്രദ്ധയും ഉണ്ടായിരുന്നില്ല. തങ്ങളുടേയും മററുള്ളവരുടേയും മാനം രക്ഷിക്കുക എന്നായിരുന്നു അവരുടെ മുദ്രാവാക്യം. അതിന്നു സാധിച്ചാൽ അവൎക്ക് തൃപ്തിയുമായി. എന്നാൽ ബഹുജനങ്ങളാകട്ടെ ഇക്കാൎയ്യത്തിൽ അവരുടെ കടമനിറവേററുവാൻ ഒട്ടുംതന്നെ മടിച്ചില്ല. മേല്പറഞ്ഞ സമുദായങ്ങളുടെ പാവനജീവിതംകൊണ്ട് സുഖമനുഭവിച്ചിരുന്ന ബഹുജനങ്ങൾക്ക് അവരുടെ ഗുണഗണങ്ങൾ തങ്ങളുടെ ആനന്ദത്തിന്നായിക്കൊണ്ടെങ്കിലും പാടേണമെന്നുതോന്നിയതിൻെറ ഫലമായി ഇങ്ങിനെ കുറെ പാട്ടുകളും ഉണ്ടായി. നായന്മാരുടേയും തിയ്യരുടേയും സ്വഭാവസംസ്കാരാദികളെപ്പററിയുള്ള വിവരങ്ങൾ ഗ്രഹിക്കേണമെങ്കിൽ അവ നിക്ഷേപിച്ച് വെച്ചിട്ടുള്ള വടക്കൻപാട്ടുകളെ ആശ്രയിക്ക മാത്രമെ തല്ക്കാലം നിവ്വാഹമുള്ളു.

ഇങ്ങിനെ ഭാഷാചരിത്രത്തിലും ദേശചരിത്രത്തിലും ഒരു ഗണ്യമായ സ്ഥാനത്തെ അഹ്ഹിക്കുന്ന ഈ പാട്ടുകളെ നാം എത്രത്തോളം ആദരിക്കുന്നുണ്ടെന്ന് ഓൎക്കുമ്പോൾ നമ്മുടെ ദേശാഭിമാനത്തെപ്പററി നമുക്കു തന്നെ ലജ്ജതോന്നിയേക്കാം. ഇതുവരെ ഇവയെല്ലാം നിശ്ചയമുള്ളവരെക്കൊണ്ട് പാടിച്ചു എഴുതിയെടുത്ത പാഠങ്ങൾ ശരിപ്പെടുത്തി ഒരു പുസ്തകമാക്കി അച്ചടിക്കുവാൻതന്നെ നാം ശ്രമിച്ചിട്ടില്ലെന്നുവന്നാൽ അതിൽ പരം ഒരപരാധം അവയോട് നാം ചെയ്യേണ്ടതായിട്ടുണ്ടോ? ഓരതവി

ലാസം പ്രസ്സുകാരുടേയും എസ്സ്. ടി. റെഡ്ഡിയാരുടേയും ശ്രമത്തിന്റെ ഫലമായി ഏകദേശം 21 പാട്ടുകളായി അച്ചടിച്ചിട്ടുണ്ട്. അവരുടെ കൃത്യം എത്രയും സ്തുത്യർഹമായിട്ടുണ്ടെന്ന് നന്ദിപൂർവ്വം പ്രസ്താവിക്കേണ്ടതാണ്. എന്നാൽ ഈ പതിപ്പുകൾ ഭാഷാഭിമാനികളുടെ ശ്രദ്ധയെ വേണ്ടുംവണ്ണം ആകർഷിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അവയിൽ തെററുകളും കണക്കിലധികം വന്നുപോയിട്ടുണ്ട്. ഉത്തരകേരളത്തിലെ ദേശ്യപദങ്ങൾ അറിയായ്കകൊണ്ട് പ്രസാധകന്മാർ കോലത്തിരിയെ കോലാസ്ത്രീയാക്കാനും പ്രതിയാതിരിയെ പ്രജാപതിയാക്കാനും മടിച്ചിട്ടില്ല.

ഇതുവരെ അച്ചടിക്കാത്ത ചില പാട്ടുകൾ എന്റെ കൈവശം വന്നുചേർന്നിട്ടുണ്ട്. ഇനിയും അനവധി ഉണ്ടെന്നാണ് അറിയുന്നത്. ഇക്കാര്യത്തിൽ ശ്രീമതി കടത്തനാട്ട് കെ. മാധവി അമ്മ ചെയ്യുന്ന ശ്രമം എത്രയും ശ്ലാഘനീയമാണെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

തച്ചോള്ളി ഒതേനനെപ്പററിയുള്ള പാട്ടുകളെല്ലാം ശേഖരിച്ച് ഒതേനനെപ്പററി ഗദ്യത്തിൽ ഒരു പുസ്തകവും ശ്രീമതി മാധവി അമ്മ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്റെ ആവശ്യപ്രകാരം പല പാട്ടുകളും മാധവി അമ്മ ശേഖരിച്ച് തന്നിട്ടുണ്ടെന്നുകൂടി കൃതജ്ഞതാപൂർവ്വം ഞാനിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ പ്രസംഗം അവസാനിക്കുന്നതിന്നുമുമ്പായി ഒന്നുരണ്ടു സംഗതികൾകൂടി നിങ്ങളുടെ ശ്രദ്ധക്ക് വിഷയമാക്കേണ്ടതുണ്ട്. അന്നത്തെ കേരളത്തിലുണ്ടായിരുന്ന മിക്ക സമുദായങ്ങളും കായികാഭ്യാസത്തിൽ അതിവിദഗ്ദ്ധന്മാരായിരുന്നുവെന്ന് ഇതിലെ ഏതു പാട്ടും തെളിയിക്കുന്നുണ്ട്. കച്ചകെട്ടി കയ്യും മെയ്യും ഒതുക്കി അവർ കാണിച്ചിരുന്ന അടവുകളെപ്പററിയാലോചിച്ചാൽ അവരുടെ ദേഹത്തിൽ എല്ലെന്നൊരു സാധനംതന്നെ ഉണ്ടോ എന്നു സംശയംതോന്നിപ്പോകും. ഇക്കാര്യത്തിൽ സ്ത്രീപുരുഷഭേദം കല്പിച്ചിരുന്നില്ല. ആരോമൽച്ചേകവർ, ഒതേനൻ എന്നിവരെപ്പോലെ പോക്കളത്തിൽ ചാടി ഉറുമിയും ചുരികയും എടുത്ത് പടവെട്ടുവാൻ കെല്പും കോപ്പുമുണ്ടായിരുന്ന സ്ത്രീകളിൽ അഗ്രസ്ഥാനത്തെ അലങ്കരിച്ചവരായിരുന്നു ഉണ്ണിയാർച്ചയും കൊടർമാലകുങ്കിയും. ഇവർ ഇന്നും കേരളത്തിന്റെ അഭിമാനസ്തംഭങ്ങളായി ഈ പാട്ടുകളിൽ വിലസുന്നു. പാശ്ചാത്യരാജ്യങ്ങളിൽ എല്ലാംകൂടി തിരഞ്ഞെടുത്ത ഒരു ജോൺ ഓഫ് ആക്ക്നെ ആ ദിക്കിലുള്ളവക്ക് എത്രതന്നെ പുകഴ്ത്തിയാലും മതിയാകുന്നില്ല. അക്കാലത്ത് കേരളത്തിൽ കടന്നുനോക്കിയാൽ ഓരോ വീട്ടിലും ചുരുങ്ങിയത് ഓരോ ജോൺ ഓഫ് ആക്ക്നേയും കാണാതിരിക്കുന്നില്ല. ഉണ്ണിയാർച്ചയുടെ പരാക്രമങ്ങൾ കാണാനിടവന്നാൽ പുരാണപ്രസിദ്ധ

യായ സുഭദ്രയും ചരിത്രത്തിൽ വിളികൊണ്ടിട്ടുള്ള അഹല്യാഭായി അഗ്ഗ ളത്തിലെ രാജ്ഞി മുതലായവരുംകൂടി അത്ഭുതപ്പെട്ടുമെന്നുതന്നെയാണു് തോന്നുന്നതു്.

ഇന്നു കേരളത്തിൽ അഭിജാത്യംകൊണ്ടു് സർവ്വപ്രാധാന്യം വ ഹിച്ചുവരുന്ന ബ്രാഹ്മണരെപ്പററി വടക്കൻപാട്ടുകളിൽ പ്രസ്താവം വളരെ കുറവാണെന്നുള്ളതാണു് വേറൊരു വിശേഷവിധി. അവരെപ്പററിയു ള്ള പ്രസ്താവംതന്നെ ഈ പാട്ടുകളെല്ലാം തിരഞ്ഞുനോക്കിയാൽ ഒന്നോ രണ്ടോ സ്ഥലത്തേ കാണുന്നുള്ളു. അതു യഥാസംഗതിയായി ചെയ്യുന്നു ണ്ടെന്നല്ലാതെ സമുദായത്തെ കീഴ്മേൽമറിക്കുന്ന സംഭവങ്ങളിലൊന്നും അവർ പങ്കെടുത്തതായിട്ടില്ല. ഈശ്വരകാര്യങ്ങൾക്കോ കല്യാണം മുത ലായ വിശേഷങ്ങൾക്കോ അവരുടെ സാന്നിദ്ധ്യം ഉള്ളതായി കാണുന്നി ല്ല. സമുദായത്തിൽ അവക്ക് അക്കാലത്ത് പ്രാധാന്യം ഇല്ലാഞ്ഞിട്ടോ അതോ പ്രതിഗ്രഹം, ദക്ഷിണ മുതലായ ആചാരങ്ങൾ അന്നു് നടപ്പി ല്ലാത്തതുകൊണ്ടോ ഇങ്ങിനെ അവരെ വിട്ടുകളഞ്ഞതു് എന്ന കാര്യം ചരിത്രകാരന്മാർ അന്വേഷിച്ചു് തീച്ചപ്പെടുത്തേണ്ടതാണു്.

ആരോമൽച്ചേകവർ അങ്കത്തിന്നുപോകുമ്പോൾ അനുജനെവി ളിച്ചു് പല കാര്യങ്ങളും പറയുന്നകൂട്ടത്തിൽ

അങ്കംപിടിച്ചാലെ ചേകോരാവൂ
പൂണൂലിട്ടാലെ നമ്പൂതിരിയാവൂ
പൂലസ്യം അണിഞ്ഞാലെ നായരാവൂ
മംഗല്യം ധരിച്ചാലെ നാരിയാവൂ

എന്നു് നമ്പൂതിരിയെപ്പററി പ്രസ്താവിക്കുന്നുണ്ടു്. ഒതേനൻ പൊന്ന പുരം കോട്ട പിടിക്കാനായി പോകുമ്പോൾ തടയുന്ന ജ്യേഷ്ഠന്റെ ധൈ ര്യക്ഷയത്തെപ്പററി പരിഹസിക്കുന്ന കൂട്ടത്തിൽ

കാലത്തെക്കൂട്ടിമുടക്കുമേട്ടൻ
ഞാൻവല്ലതും കൊണ്ടുവന്നുവെന്നാൽ
കമ്പകലുക്കിച്ചിരിച്ചുകൊണ്ടു
കൈരണ്ടുംകാട്ടീട്ടു വാങ്ങുമേട്ടൻ
പടനായർതന്റെ മകനുംഞാനും
പട്ടരുതന്റെ മകനാമേട്ടൻ
ചോരകാണുമ്പോളൊഴിക്കുമേട്ടൻ
മുട്ടിനുചോരയിൽ പുളക്കുംഞാനും

എന്നു പറയുന്നുണ്ടു്. ഇങ്ങിനെ ഒന്നുരണ്ടു ദിക്കിലല്ലാതെ വേറെ യാ തൊരു പ്രസ്താവവും കാണുന്നില്ല.

വട്ടക്കൻപാട്ടിൽ പ്രസ്താവിച്ച പല വീരന്മാരും തുളുനാട്ടിൽനിന്ന് അഭ്യസിച്ചുവന്നവരാണെന്ന് കാണുന്നുണ്ട്. ഈ തുളുനാട് നാം ഇപ്പോൾ അറിയുന്ന തുളുനാടാണെന്നു തോന്നുന്നില്ല. അവിടുത്തുകാൎക്ക് പയററ് "അങ്ങാടിമരുന്നോ പറിമരുന്നോ" എന്നുകൂടി നിശ്ചയമില്ലാതെയാണിരിക്കുന്നത്.

ആരോമച്ചേകവരുടെ കഥയിൽ തെക്കൻതുളുനാടൻ എന്നൊരാളെപ്പററി പറഞ്ഞുകാണുന്നതുകൊണ്ട് കടത്തനാട്ടുനിന്ന് തെക്കാണ് ഈ തുളുനാട് എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. തെക്ക് ഒരു തുളുനാട്ടുള്ളതായി കേട്ടിട്ടുമില്ല. ഈ നാട് ഏതാണെന്ന് ഇനിയും കുറെ അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നത്. ചരിത്രകാരന്മാരുടെ ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുകയേ തല്ക്കാലം നിവൃത്തിയുള്ളൂ.

## പഴഞ്ചൊൽക്കഥകൾ. (തുടൎച്ച)

ഇന്നെങ്കിലും ആണിനെക്കണ്ടുവല്ലോ. തെണ്ടിനടന്ന് കലശലുണ്ടാക്കുന്ന ഒരു മാപ്പിളച്ചെറുക്കൻ ദിവസവും വീട്ടിൽ വന്ന് തന്റെ പെററ ഉമ്മയോട്ട്, അന്യരോടു താൻ ചെയ്ത ഓരോ ധിക്കാരങ്ങളേയും പോക്കിരിത്തരങ്ങളേയും കുറിച്ച് വൎണ്ണിച്ചു പറക പതിവായിരുന്നു. അപ്പോഴൊക്കെയും മകന്റെ കഥയില്ലായ്മയോൎത്ത് വ്യസനിക്കയും അങ്ങിനെ കണ്ടവരോടെല്ലാം കലഹിക്കുന്നത് ഒരിക്കലും ഗുണത്തിന്നാവില്ലെന്നും തന്നാലാവുംപോലെയെല്ലാം ഉപദേശിക്കയും പതിവായിരുന്നു. മകൻ ഇതുകൊണ്ട് തന്റെ പരാക്രമങ്ങൾ ഏതും നിൎത്തിയതുമില്ല. ഇങ്ങിനെ ക്രമേണ മൂത്ത് മൂത്ത്, ഞമ്മളിന്ന് ഒരുവനെ അടിച്ചു; മററൊരുത്തനെ കല്ലിട്ടെറിഞ്ഞു. വേറൊരുത്തന്റെ മേൽ കുത്തി കൂടാതൊരുത്തനെ മറിച്ചുവീഴ്ത്തി, എന്നിങ്ങിനെ ദിവസവും ഓരോ സാഹസങ്ങൾ പ്രവൃത്തിച്ച ചരിത്രം പറയുമ്പോൾ പെററ ഉമ്മക്ക് വളരെയെല്ലാം കുണ്ഠിതം തോന്നുകയും ഇതിന്റെ ഫലം കണ്ടുതന്നെ അറിയേണമെന്നും തന്റെ ഉപദേശംകൊണ്ട് മകന്റെ സ്വഭാവമേതും മാറുന്നതല്ലെന്നും നിശ്ചയിച്ചു.

അങ്ങിനെയിരിക്കെ ഒരു ദിവസമുണ്ട് മകൻ നിലവിളിച്ചുംകൊണ്ടു വരുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ, ചെകിടത്ത് അഞ്ചു വിരലുപതിഞ്ഞ ഒരു കൈപ്പാട് കാണായി. കാരണം ചോദിച്ചപ്പോൾ, അവനന്നും പതിവ്പോലെ ഒരുവനെ ശകാരിച്ചുവെന്നും അപ്പോൾ കിട്ടിയ സമ്മാനമാണിതെന്നും മനസ്സിലായി. സംഗതി ഗ്രഹിച്ച ഉടനെ മകനോട്ട് ഒട്ടുംതന്നെ വ്യസനിക്കണ്ട മോനേ, നിസ്സ് ഇന്നെങ്കിലും

ഒരു ആണിന്റെ കുട്ടിയേ കണ്ടുവെന്നു സന്തോഷിച്ചാൽ മതി" എന്നു പറഞ്ഞാശംസിപ്പിക്കയാണുണ്ടായത്. ഇത്രകാലേ, ഇത്ര ചെറിയ ഒരു ശിക്ഷകൊണ്ട്, അന്യരോടു അനാവശ്യമായി വക്കാണത്തിന്നു ചെന്നാൽ അതിൽ അല്പം ചൊടിയുള്ളവർ കേട്ടു സഹിക്കയില്ലെന്നും, യാതൊരു പൌരുഷവുമില്ലാത്തവർ മാത്രമേ എന്തവമാനവും കേട്ടു മടങ്ങുകയുള്ളൂ വെന്നും ഉള്ള വിലയേറിയ പാഠം പഠിക്കാറായതിൽ മകനെ അനുമോദിക്കയും ആ പാഠം പഠിപ്പിച്ച ആളെ മനസാ ബഹുമാനിക്കയുംചെയ്തു.

ഇങ്ങിനെ ചിലർ, പുരുഷോചിതമല്ലാത്ത അവമതികൾ സഹിക്കുന്നതും, തൽക്രിയാകാരകന്മാർ തങ്ങളുടെ വീരസ്യങ്ങളെക്കുറിച്ചഭിമാനിക്കുന്നതും കാണുമ്പോൾ, കുട്ടർ ആണുങ്ങളെ കണ്ടിട്ടില്ലെന്നും, അങ്ങിനത്തവർതന്നെ തങ്ങൾക്കു പററിയ ചില അവതാളങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ, ആട്ടെ ഇന്നെങ്കിലും ഒരാണിന്റെ കുട്ടിയെ കണ്ടുവല്ലൊ എന്നായി വേണ്ടപ്പെട്ടവർ ആശംസിപ്പിക്കുന്നതും പതിവാണ്.

## "ഇപ്പോൾ ജീനിയുടെ കാൎയ്യംകൊണ്ടാണ് ആലോചന"

കുതിരസവാരി ചെയ്തിരുന്ന ഒരു യജമാനനും കാൽനടയായി വന്നിരുന്ന ഒരു ഭൃത്യനും ഒരുദിവസം രാത്രി ഒരു വഴിയാത്രക്കാരുടെ സത്രത്തിന്നരികത്തെത്തി അവിടെ വിശ്രമിപ്പാൻ തീൎച്ചയാക്കി, യാത്ര പിററന്നേക്കു നീട്ടി. കുതിരയെ പുറത്തൊരു മരത്തിന്മേൽ കെട്ടി കാവലായി പുറത്ത് ഭൃത്യനും, അകത്ത് യജമാനനും കിടന്നു. അപ്രദേശം കള്ളന്മാരുടെ അക്രമം ധാരാളം നടക്കുന്നൊരിടമായിരുന്നു എന്നു ജനശ്രുതി ഇവരുടെ ചെവിയിലും എത്തിയിരുന്നതിനാൽ, കുതിരയെ ഉറക്കമൊഴിച്ച് കാക്കാതിരുന്നാൽ അതൊരു സമയം പൊയ്പോകാനിടയുള്ളതിനാൽ യജമാനൻ ഭൃത്യനോട് ഉറങ്ങരുതെന്നും അങ്ങിനെ ഉറക്കം വരാതിരിക്കാൻ വല്ല ഗൌരവമുള്ള കാൎയ്യങ്ങളും ആലോചിച്ചിരുന്നുകൊള്ളുകെന്നും ആജ്ഞാപിച്ചു വാതിലടച്ചുറങ്ങാൻ പുറപ്പെട്ടു. പക്ഷേ അദ്ദേഹത്തിന്ന് കുതിരയുടെ കാൎയ്യമാലോചിച്ച് ഒട്ടുംതന്നെ ഉറക്കംവന്നില്ല. ഇടക്കിടക്ക് ഭൃത്യൻ ഉറങ്ങുന്നുണ്ടോ എന്നു പരിശോധിപ്പാൻ വിളിച്ചുനോക്കും. അപ്പോൾ ഭൃത്യൻ വിളികേൾക്കയും ചെയ്യും. ഇപ്പോഴെന്താ നീ ആലോചിക്കുന്നത്? എന്നു ചോദിച്ചപ്പോൾ അവൻ ഭൂമി ഉരുണ്ടീട്ടോ പരന്നീട്ടോ എന്നാലോചിക്കയാണെന്നു മറുവടി പറഞ്ഞു. "നല്ല ആലോചന അതുതന്നെ ആലോചിച്ചോ എന്നാൽ ഉറക്കംവരില്ല" എന്നും പറഞ്ഞു. അല്പം കഴിഞ്ഞാറെ, "ഇപ്പോഴെന്തിനെപ്പററിയാണാലോചിക്കുന്നത്?" എന്നു ചോദിച്ചപ്പോൾ ഭൃത്യൻ "സൂൎയ്യചന്ദ്രന്മാർ ഭൂമിയെ തിരികയോ, ഭൂമി അവരെ തിരികയോ ചെയ്യുന്ന

ത്" എന്നതിനെക്കുറിച്ചാണാലോചിക്കുന്നതെന്നറിയിച്ചു. ഇതും കേട്ടപ്പോൾ തരക്കേടില്ല ഉറക്കംവരാത്ത ആലോചനതന്നെ എന്നു സ്വാമി തൃപ്തിപ്പെട്ടു. അവിടുന്നും കുറെകഴിഞ്ഞു് ഒന്നു വിളിച്ച് അപ്പോൾ എന്താണാലോചിക്കുന്നത് എന്നായി. ഉടനെതന്നെ ഭൃത്യൻ "ഇപ്പോൾ ജീനിയുടെ കാൎയ്യംകൊണ്ടാണാലോചിക്കുന്നത്" എന്നുത്തരവും ഉള്ള പോലെ പറഞ്ഞു. "അതെന്തുകൊണ്ട്?" "കാരണം, കുതിരയെ കാണ്മാനില്ല. ഇനി ഇത് നാളെ ചുമക്കാനാരാണെന്നാണിപ്പോളാലോചിക്കുന്നത്" ഭൃത്യനോട് കുതിരയെ കാക്കാൻവേണ്ടിമാത്രം ഉറക്കമൊഴിക്കാൻ ഉതകുന്ന കാൎയ്യങ്ങളാലോചിപ്പാനേല്പിച്ചതിൻവണ്ണം ഉദ്ദേശം മറന്ന് ആലോചന മാത്രമായപ്പോൾ പിണഞ്ഞ അബദ്ധമാണ് കുതിരയുടെ നഷ്ടം. ആലോചന കുതിര പോയതിൽപിന്നേയും നിൎവിഘ്നം നടത്തിക്കൊണ്ടേയിരിക്കുന്നു. ഇങ്ങിനെ യാതൊന്നിനായി ഉദ്ദേശിക്കപ്പെട്ട് ചില കൃത്യങ്ങൾ ചെയ്യാനേല്പിച്ചുവോ, ആ ഉദ്ദേശത്തിന്നു വിപരീതമായും ഏല്പിക്കപ്പെട്ട പ്രവൃത്തിയിൽമാത്രം ശ്രദ്ധവെച്ച് ചെയ്യുന്ന വങ്കത്തങ്ങളെ അടിസ്ഥാനപ്പെടുത്തി മേലെഴുതിയ പഴഞ്ചൊല്ല് പറയാറുണ്ട്.

(തുടരും) വി. ടി. ശങ്കുണ്ണിമേനോൻ.

# അൎത്ഥാലങ്കാരനിരൂപണം. (തുടൎച്ച)

അനന്തരം വിച്ഛിത്തിവിശേഷംകൊണ്ട് അലങ്കാരാന്തരമായി ആലങ്കാരികന്മാർ ഗണിച്ചുവരുന്ന ഉപമേയോപമയെ നിൎദ്ദേശിക്കുന്നു.

"തത്തുല്യമായിമൂന്നാമതൊന്നില്ലെന്നുവരുത്തുവാൻ
അന്യോന്യമുപമിച്ചീടിലുപമേയോപമാഖ്യയാം." (3)

തൃതീയസാദൃശ്യവ്യവച്ഛേദകമായ പരസ്പരോപമയെ ഉപമേയോപമയെന്നു പറയുന്നു. പരസ്പരോപമയെന്നതു്—ഒരുവസ്തുവിനെ ഏതൊരു വസ്തുവിനോട് (ഉപമാനത്തോട്)ഉപമിക്കുന്നുവോ ആ ഉപമാനത്തെത്തന്നെ ഉപമേയമാക്കി മററതിനോട് ഉപമിക്കുകയാകുന്നു. സാദൃശ്യപ്രയോജകമായ ധൎമ്മം ഒന്നായിരിക്കെ മുഖത്തിന്നു ചന്ദ്രനോട് സാദൃശ്യമുണ്ടെന്നു പറഞ്ഞാൽ ചന്ദ്രന്നു മുഖത്തോടും സാദൃശ്യമുണ്ടെന്നു സിദ്ധിക്കുന്ന സ്ഥിതിക്കു വീണ്ടും വിശേഷിച്ചെടുത്തുപറയുന്നതു് ഇവയ്ക്കു രണ്ടിന്നും തമ്മിലല്ലാതെ മൂന്നാമതൊന്നോട് സാദൃശ്യമില്ലെന്നുള്ള അഭിപ്രായത്തിൽ പൎയ്യവസാനിക്കുന്നു. സാധാരണധൎമ്മം ഭിന്നമാണെങ്കിൽ ഈ അഭിപ്രായത്തിന്നിടയില്ലതാനും. ആകയാൽ—

"രഥോദ്ധൂതരജസ്സാലും മേഘോദകങ്ങളാലുമേ
ഭൂമിപോൽ വ്യോമവും വ്യോമംപോലെഭൂമിയുമാക്കിനാൻ" (സ്വ. രഘു)

ഇത്യാദി പരസ്പരോപമയിൽ അതിവ്യാപ്തിയില്ല. ഇതിലാകട്ടെ, ആകാശത്തിന്നു ഭ്രൂസാദൃശ്യം രജസ്സിനാലും ഭ്രുവിന്നു ആകാശസാദൃശ്യം മേഘതുല്യഗജങ്ങളാലുമാകയൽ തൃതീയസാദൃശ്യവ്യവച്ഛേദപ്രതീതിക്കവകാശമില്ല. അതുപോലെതന്നെ—

ഞാൻലതയ്യോക്കമെന്നിത്രഗവ്വിക്കേണ്ട കൃശാംഗി നീ
മറെറാന്നൊന്തിനുതേടുന്നു ലത നിന്നോടുമൊക്കമേ" (സ-)

ഇതിലെ അന്യോന്യോപമ ഗവ്വനിഷേധപരമല്ലാതെ തൃതീയസാദൃശ്യവ്യവച്ഛേദപരമല്ലായ്കയാൽ ഇവിടെയും അതിപ്രസംഗമില്ല. അപ്രകാരം

സുഖദുഃഖായത്തചിത്തവൃത്തികൾക്കിഹപാക്കിൽ
സൂൎയ്യൻസുധാകരൻപോലെസൂൎയ്യനെപ്പോൽസുധാകരൻ (സ-)

ഇത്യാദിയിലും അതിവ്യാപ്തിക്കവകാശമില്ല. ഇങ്ങിനെയിരിക്കെ—സാഹിതീസവ്വസ്വത്തിൽ പറഞ്ഞിരിക്കുന്നവിധം "അന്യോന്യമുപമിച്ചീടിലുപമേയോപമാഖ്യമാം"എന്നുമാത്രമായൽ മതിയാവുകയില്ലെന്നുസ്പഷ്ടമായല്ലോ. എന്നാൽ തൃതിയസാദൃശ്യവ്യവച്ഛേദപ്രതീതി ഫലകമായ സാദൃശ്യമെന്നു മാത്രമായാലുംപോരാ; അങ്ങിനെയാണെങ്കിൽ—

"തവതുല്യയെവിധിവിരചി-ച്ചില്ലെന്നതിലില്ലെനിക്കുകില്ലേതും
കാന്തേ, കൌമുദിമാത്രംകഷ്ടിച്ചോതാംകിണഞ്ഞുനോക്കീടിൽ" (സ-)

ഇത്യാദിയിൽ അതിപ്രസക്തിവരുന്നതാണ്. ഇതിലെസാദൃശ്യം തൃതീയസാദൃശ്യവ്യവച്ഛേദ ഫലകമായവൎണ്ണനത്തിന്നു വിഷയം തന്നെയാണല്ലോ. അതുകൊണ്ടു അന്യോന്യോപമയെന്നു കൂടിപറയേണ്ടതായിരിക്കുന്നു.

ഈ ഉപമേയോപമ അനുക്തധൎമ്മമെന്നും ഉക്തധൎമ്മമെന്നും രണ്ടുവിധം. അതിൽ അനുക്തധൎമ്മത്തിന്ന് ഉദാഹരണം—

"അംബുജംപോലെനിന്നാസ്യംനിന്നാസ്യംപോലെയംബുജം
മധുവ്രതാഭംതവനേത്രംതവനേത്രാഭംമധുവ്രതം" (സ-)

ഇവിടെ സാധാരണ ധൎമ്മംപറഞ്ഞിട്ടില്ല. ആകയാൽ ഇതു അനുക്തധൎമ്മം.

ഉക്തധൎമ്മമായ ഉപമേയോപമയാവട്ടെ, ഉപമയ്ക്കുപറഞ്ഞപോലെ അനുഗാമിതാദി ധൎമ്മഭേദങ്ങളാൽ പലവിധത്തിൽവരാം. അനുഗാമിതയ്ക്കു—

"അളിപോൽമിഴിതേനീലം അളിനിൻമിഴിപോലെയും
തളിർപോലരുണംചുണ്ടുതളിർനിൻചുണ്ടുപോലെയും" (സ-)

ആദ്യത്തെ ഉപമേയോപമയിൽ നീലിമയും രണ്ടാമത്തേതിൽ ആരുണ്യവും സാധാരണ ധൎമ്മം അവ അനുഗാമികളുമാകുന്നു.

വസ്തു പ്രതിവസ്തു ഭാവസമ്പുടിതമായ ബിംബ പ്രതിബിംബഭാവത്തിന്ന്—

"രമ്യസ്തനാവനതയായ് രമണീയസ്തബകനമ്രയായ് നിതരാം
ഇവളാലതയെപ്പോലെയുമിവളെപ്പോലെല്ലസിപ്പിതാലതയും" (സ്വ)

ഇവിടെ, സ്തനസ്തബകങ്ങൾക്കു ബിംബ പ്രതിബിംബഭാവം. അതു; രമ്യരമണീയ; അവനത; നമ്രഎന്നിവയിലുള്ള വസ്തുഭാവങ്ങളാൽ സംപ്രടിതവുമാകുന്നു.

ശ്ലേഷത്തിന്ന്—

"സച്ചിത്തംഭാരതംപോലെ സവ്ദാസകൃപംസഖേ
സച്ചിത്തമെന്നപോൽത്തന്നെ ഭാരതംതാനമോക്കുകിൽ" (സ്വ)

ഇവിടെ സകൃപമെന്നതിൽ സാധാരണധമ്മം ശ്ലിഷ്ടം കൃപയോടുകൂടിയതു സച്ചിത്തം കൃപരോടുകൂടിയതു ഭാരതം എന്നു താല്പയ്യം.

ഉപചാരത്തിന്ന്—

"ശാസ്ത്രമംബുധിഗംഭീരം ശാസ്ത്രഗംഭീരമംബുധി
ഗുരുവാംഗിരിപോൽവിദ്വാൻ ഗിരിവിദ്വാനുതുല്യവും" (സ്വ)

ഇവിടെ ശാസ്ത്രത്തിൽ ഗാംഭീയ്യവും വിദ്വാനിൽ ഗുരുത്വവും ഔപചാരികം. പൂവ്വാദ്ധത്തിലെ ഉപമേയോപമയിൽ വാചകം ലുപ്തവുമാണ്. ഇങ്ങിനെ ലുപ്തയും മററും യഥോചിതം ഊഹിച്ചുകൊൾക.

അനന്തരം അനന്വയാലങ്കാരം നിരൂപിക്കുന്നു—

"അദ്വിതീയത്വബുദ്ധിക്കുവേണ്ടിയൊന്നിന്നുതന്നെയായ്
ഉപമാനോപമേയത്വം കല്പിക്കുവതനന്വയം"

മറെറാന്നിനോട്ട് സാദൃശ്യമില്ലെന്നു കാണിക്കുവാനായി ഒരു വസ്തുവിനെത്തന്നെ ഉപമേയമായും ഉപമാനമായും കല്പിക്കുന്നതു അനന്വയം. തൻെറ സാദൃശ്യം തന്നിൽതന്നെ അന്വയിക്കുന്നതല്ലായ്കയാൽ അനന്വയമെന്ന സംജ്ഞ അന്വത്ഥമാകുന്നു.

അദ്വിതീയത്വബുദ്ധിക്കായിട്ടെന്നു പറഞ്ഞിരിക്കയാൽ

"അലകംപോലെനിൻചില്ലി ചില്ലിപോലെവിലോചനം
വിലോചനംപോലെചിത്തം പ്രൌഢേകുടിലമെത്രയും"

ഇത്യാദി രശനോപമയിലാകട്ടെ,

"അംബുജംപോലെനിന്നാസ്യം നിന്നാസ്യംപോലെയംബുജം"

ഇത്യാദി ഉപമേയോപമയിലാകട്ടെ, അതിവ്യാപ്തിയില്ല. ഈവകയൊന്നും അദ്വിതീയത്വപ്രത്യായകമല്ലല്ലോ. അതുപോലെ—

"അലംപാച്ചോററിപൂത്തോരിശ്ശൈലം ശോഭിച്ചിട്ടുന്നിതാ
ചിലകാലത്തുദാവാഗ്നിജ്വാലാവലിതമെന്നപോൽ" (സ്വ)

ഇങ്ങിനെയുള്ള ഉപമയിലും അതിവ്യാപ്തിയില്ല. ഇവിടെ പൂത്തുനില്ക്കുന്ന പാച്ചോററികളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു പവ്വതത്തിനെ കാലാന്തരത്തിൽ കാട്ടുതീ പിടിപെട്ടിരിക്കുന്ന ആ പവ്വതത്തോടുതന്നെ ഉ

പമിച്ചിരിക്കുന്നു. ഇതിലെ ഉപമേയം തൽകാലവൈശിഷ്ട്യത്തോടും ഉപമാനം കാലാന്തരവൈശിഷ്ട്യത്തോടും കൂടിയതാകയാൽ ഉപമേയതാവച്ഛേദകവും ഉപമാനതാവച്ഛേദകവും ഭിന്നമാവുകനിമിത്തം സാദൃശ്യം അന്വയിക്കാവുന്നതുകൊണ്ടു അദ്വിതീയത്വപ്രതീതിക്കവകാശമില്ല. അപ്രകാരം—

"ദാനംചെയ്തീഹനീ നിന്നെപ്പോലെയാവുകയെന്നിതാ
ധന്യനെൻ്റ്ബ്ഭിക്ഷുശിക്ഷിച്ചീടുന്നു യാചിക്കയല്ലടോ" (സ്വ)

എന്നതിലും ജന്മാന്തരവൎത്തിയായ നീ ഈ ജന്മത്തിലുള്ള നിന്നെപ്പോലെയാവുക എന്നാണല്ലോ അൎത്ഥം. അതുകൊണ്ടു് ഇതും ദ്വിതീയസാദൃശ്യവ്യവച്ഛേദാൎത്ഥമല്ലെന്നുള്ളതു സ്പഷ്ടംതന്നെ. ആകയാൽ ഈവകയിലൊന്നും അതിവ്യാപ്തി വരുന്നില്ലെന്നു ധരിക്കണം.

ഒന്നിനുതന്നെ ഉപമാനത്വവും ഉപമേയത്വവും വേണമെന്നു പറഞ്ഞിരിക്കയാൽ—

"ചേലൊത്തപുഷ്പമൊരു ചെന്തളിരിൽപ്പതിച്ചാൽ
അല്ലെങ്കിൽ മുത്തുമണി നൽപ്പവിഴത്തിൽവെച്ചാൽ
തൊണ്ടിപ്പഴത്തിനെതിരാം മദിരാക്ഷിതൻെറ
ചുണ്ടിൽപ്പരക്കുമൊരു പുഞ്ചിരിയോടെതിൎക്കും" (കും—സ)

ഇത്യാദിയിലും അതിപ്രസക്തിയില്ല. ഇവിടെ ഭഗവതിയുടെ ചുണ്ടിൽ പരക്കുന്ന പുഞ്ചിരിക്കു അദ്വിതീയത്വപ്രതീതി വരുന്നുണ്ടെങ്കിലും ഉപമേയവും ഉപമാനവും ഒന്നല്ലായ്കയാൽ പ്രകൃതലക്ഷണത്തിന്നു വിഷയമാവുന്നില്ല.

ഇതു ഉപമയെപ്പോലെ പൂൎണ്ണയായും ലുപ്തയായും വരാം. എന്നാൽ സാധാരണധൎമ്മം അനുഗാമിയല്ലാതെ ബിംബപ്രതിബിംബാദികളാവുകയില്ല.

പൂൎണ്ണയ്ക്കു ഉദാഹരണം—

നെന്മേനിവാകതൻപൂവു നിന്മേനിക്കൊക്കുമെങ്കിലും
നിന്മുഖംപോലെതന്വംഗി നിന്മുഖംതന്നെമോഹനം" (സ്വ)

ഇതിലെ ഉത്തരാൎദ്ധമാണു് ഉദാഹരണം. ഇവിടെ നിൻെറ മുഖംപോലെ മോഹനമായി നിൻെറ മുഖംതന്നെയുള്ളുവെന്നു പറഞ്ഞിരിക്കയാൽ അതിന്നു സദൃശമായി മറെറാന്നുമില്ലെന്നു കിട്ടുന്നുണ്ടല്ലോ. ഉപമേയം ഉപമാനം വാചകം ധൎമ്മമെന്നീ നാലംഗങ്ങളും നിൎദ്ദേശിച്ചിരിക്കയാൽ ഇതു പൂൎണ്ണമായ അനന്വയം.

ധൎമ്മലോപത്തിന്നു്—

"നിൻമേനി നിൻമേനിപോലെ നിൻമുഖംപോലെ നിൻമുഖം
നിൻവിലാസങ്ങളോരോന്നും അതതിന്നുസമാനമാം" (സ്വ)

ഇതിൽ ധമ്മം പറഞ്ഞിട്ടില്ല.

വാചകലോപത്തിന്ന്—

"സീതാസുഭഗയാംസീത, രാമൻരാമമനോഹരൻ;
ഈരണ്ടുപേരുമെൻചിത്തേ വിഹരിക്കട്ടെസവ്വദാ" (സ്വ)

സീതയെപ്പോലെ സുഭഗയായ സീത, രാമനെപ്പോലെ മനോഹരനായ രാമൻ എന്നത്ഥം. എന്നാൽ വാചകം ശബ്ദംകൊണ്ടു നിർദ്ദേശിച്ചിട്ടില്ല.

ലുപ്തയിൽ ബാക്കിയുള്ള ഭേദങ്ങൾ അസംഭാവ്യങ്ങളുമഹൃദ്യങ്ങളുമാകയാൽ ഉപേക്ഷിച്ചിരിക്കുന്നു.

"ഉപമാനോപമേയങ്ങളൊന്നിലാവതനന്വയം" എന്നിങ്ങനെ ധമ്മധമ്മിവിവേകംകൂടാതെ സാഹിതീസവ്വസ്വത്തിൽ കാണിച്ചിരിക്കുന്ന ലക്ഷണം രശനോപമ ഉപമേയോപമ മുതലായവയിൽ അതിപ്രസക്തമാണെന്നറിഞ്ഞുകൊൾക.

## അസമാലങ്കാരം.

"അസമാദിഖ്യമുപമയ്ക്കാത്യന്തികനിഷേധമാം
അനന്വയവ്യംഗ്യമെന്നു തള്ളീടുന്നിതിനെച്ചിലർ"

ഉപമയ്ക്കു സവ്വാത്മനാ നിഷേധം അസമാലങ്കാരമാകുന്നു. ഇതു അനന്വയത്താൽ വ്യംഗ്യമാണെങ്കിലും ദീപികാദിയിൽ ഉപമയെന്നപോലെ അവിനാഭാവിയായി സ്ഥിതിചെയ്കയാൽ അലങ്കാരമാവുന്നില്ല. നേരേമറിച്ചു വാച്യമാവുമ്പോൾ സ്വതന്ത്രനിലയിൽ ചമൽക്കാരിയാവുകകൊണ്ടു അലങ്കാരമായിത്തീരുന്നു. പ്രകൃതനിഷേധം രണ്ടുവിധത്തിൽ വരാം. അതായതു, ഉപമയ്ക്കു പരമ്പരയാ നിഷേധം, സാക്ഷാൽ നിഷേധം.

ക്രമേണ ഉദാഹരണം—

"വിബുധദാനവമാനവപൂണ്ണമാം
ത്രിഭുവനേ ഭുവനേശ്വരിനിൻസമം
നഹിയൊരുത്തിയിതേവരെ, മേലിലും
ത്രിപുരസുന്ദരി! നൂനമുദിച്ചിടാ" (സ്വ)

"ബച്ചുക്തിയെന്തിനീലോകത്രയേ കാലത്രയത്തിലും
ശശശൃംഗായമാണംതാൻ താവകോപമശാംഭവി" (സ്വ)

ആദ്യത്തേതിൽ ഉപമാനനിഷേധപൂവ്വകമായ ഉപമാനിഷേധം; രണ്ടാമത്തേതിൽ ഉപമയ്ക്കുതന്നെ സാക്ഷാൽ നിഷേധം.

എന്നാൽ,

"അലയുന്നതിനാലേവം ഫലമെന്തെൻറഭൃംഗമേ
ഹാ! ലഭിക്കാ നിനക്കെങ്ങും മാലതിക്കൊത്ത രമ്യയെ" (സ്വ)

എന്നിങ്ങനെ മുൻഉദാഹരിച്ച ഉപമാനലുപ്തയിൽ, മാലതിവല്ലിക്കു തുല്യയായ മറെറാരു വല്ലി നിനക്കു കിട്ടുകയില്ലെന്നല്ലാതെ സൎവ്വഥാതാദൃശവല്ലിതന്നെയില്ലെന്നു പറഞ്ഞിട്ടില്ലായ്കയാൽ ഉപമാനനിഷേധം ആത്യന്തികമല്ലെന്നു ധരിക്കണം. ആകയാൽ അസമത്തിലെ നിഷേധം ആത്യന്തികവും ഉപമാനലുപ്തയിലേതു കാദാചിൽക്കവുമായിരിക്കും. ഇതാണ് ഇവയ്ക്കുതമ്മിലുള്ള ഭേദം.

അതിരിക്കട്ടെ, ഈ സ്ഥിതിക്കു, അനന്വയത്തിനുള്ള ചമല്ക്കാരംതന്നെ അസമാലങ്കാരധ്വനനമൂലമാകയാൽ അതിന്നു പ്രത്യേകം അലങ്കാരത്വമെങ്ങിനെയാണെന്നു ആക്ഷേപിക്കുന്നുവെങ്കിൽ പറയാം— ദീപികാദികൾക്കുള്ള ചമൽകാരം ഉപമാവ്യഞ്ജനമൂലമായിരിക്കേ അവയ്ക്കു പ്രത്യേകം അലങ്കാരത്വമെങ്ങിനെയോ അങ്ങിനെതന്നെ. പക്ഷെ ദീപികാദിയിൽ ഉപമ വ്യഞ്ജിക്കുന്നുണ്ടെങ്കിലും അതു ഗുണീഭൂതമായിട്ടാണിരിക്കുന്നതു്; അനന്വയത്തിലാകട്ടെ സ്വസാദൃശ്യമായ വാച്യാൎത്ഥം തീരെ ഉപേക്ഷണീയമാവുകകൊണ്ടു വിവക്ഷാവിഷയമായ അസമാലങ്കാരത്തിന്നാണ് പ്രാധാന്യമുള്ളതു്; ആകയാൽ ദൃഷ്ടാന്തദാർഷ്ടാന്തികങ്ങൾക്കു ഭേദമുണ്ടെന്നും ശങ്കിക്കേണ്ട. അനന്വയത്തിലെ വ്യംഗ്യവും ഗുണീഭൂതംതന്നെയാണ്. അനന്വയത്തിലെ അനന്വിതമായ വാച്യാൎത്ഥംതന്നെ താദൃശവ്യംഗ്യസാഹായ്യത്താലാണല്ലോ ഉപപന്നമാവുന്നതു്. വാച്യനിഷ്പത്തിതന്നെ യാതൊരു വ്യംഗ്യത്തെ ആശ്രയിച്ചിരിക്കുന്നുവോ ആ വ്യംഗ്യം ഗുണീഭൂതമല്ലാതെ പ്രധാനമാവുന്നതെങ്ങിനെ. ദീപകാദിയിലെ വ്യംഗ്യം വാച്യാംഗവും അനന്വയത്തിലേതു വാച്യസിദ്ധ്യംഗവുമായ ഗുണീഭൂതവ്യംഗ്യപ്രഭേദമാണെന്നേയുള്ളു. അല്ലാത്തപക്ഷം പൎയ്യായോക്തം സാദൃശ്യമൂലമായ അപ്രസ്തുതപ്രശംസ എന്നിവയിലെ വ്യംഗ്യവും പ്രധാനമാകയാൽ അവയും അലങ്കാരമല്ല ധ്വനിയാണെന്നു പറയേണ്ടതായ്വരും. ആകയാൽ അവിനാഭാവിയായി ഉപമ വ്യഞ്ജിക്കുന്നുണ്ടെങ്കിലും ദീപകാദിക്കു അലങ്കാരത്വഭംഗമില്ലാത്തതുപോലെതന്നെ അസമാലങ്കാരം വ്യഞ്ജിക്കുന്നുണ്ടെങ്കിലും അനന്വയത്തിന്നും അലങ്കാരത്വഹാനിയില്ലെന്നോ വിചാരിക്കാവൂ. എന്നാൽ അസമാലങ്കാരധ്വനി തന്നെ നാമാവശേഷമായ്ത്തീരുമെന്നും കരുതേണ്ട—

> അവ്യാകൃതാകൃതികളാൽ അവ്യാജം സുമുഖിപൂൎണ്ണമാം ഭുവനെ
> സവ്യാജംതാവകമപസവ്യാൎത്ഥത്തോടുമാത്രമുപമിക്കാം.

ഇത്യാദി അസമാലങ്കാരധ്വനിക്കു ഉദാഹരണംതന്നെയാകുന്നു. ഇതിൽനിന്നു നായിക സൎവ്വഥാ നിരുപമയാണെന്നു ധ്വനിക്കുന്നുണ്ടല്ലോ. തനിക്കു തന്നോടു സാദൃശ്യം പറഞ്ഞാൽ മാത്രമേ, നിരുപമത്വപ്രതീതിയുണ്ടായിക്കൂടുവെന്നില്ല. നിന്നോടു തുല്യയായി നീതന്നെയുള്ളുവെന്നിങ്ങനെ സ്വാരസ്യപ്രതീതിയുണ്ടാവാഞ്ഞതിനാൽ അനന്വയധ്വനിയാ

ണെന്നും ശങ്കിച്ചുകൂടാ. നിരുപമത്വപ്രതീതി വരണമെങ്കിൽ, തന്നോടു തുല്യമായി താൻതന്നെയുള്ളുവെന്ന് പ്രതീതിയുണ്ടായിരിക്കണമെന്നു യാതൊരു നിയമവും ഇല്ല. അനന്വയധ്വനിക്കാവട്ടെ—

"പലനാടുകളും കാടുംമലയും ചുററിനോക്കിനേൻ
ബാലേ കണ്ടില്ലഹോ നിന്നെപ്പോലെയെങ്ങുംത്വദന്യയെ" (സ്വ)

ഇത്യാദിയാകുന്നു ഉദാഹരണം. ഇതിലെ ത്വദന്യശബ്ദത്താൽ നിന്നെപ്പോലെ നീതന്നെയുള്ളുവെന്നു ധ്വനിക്കുന്നു. ആത്യന്തികമായ ഉപമാനിഷേധമില്ലായ്കയാൽ ഇതു അസമാലങ്കാരത്തിന്നു ഉദാഹരണമാവുകയുമില്ല. ആകയാൽ അസമാലങ്കാരസ്ഥലത്തുമാത്രമേ അനന്വയം വ്യംഗ്യമാവൂ എന്നോ അനന്വയധ്വനിതന്നെ നിരവകാശമാണെന്നോ ശങ്കിപ്പാനും ഇടയില്ല.

കാവ്യപ്രകാശകാരാദികളാകട്ടെ അസമലങ്കാരം സ്വീകരിക്കുന്നില്ല. അവരുടെ അഭിപ്രായം—

"നൂനംനിന്നെത്തീർത്തടങ്ങീരൂപകൃത്താപ്പിതാമഹൻ
നിന്നെപ്പോലഴകില്ലല്ലോ മററാൾക്കുംശുഭദർശനേ"
(വാല്മീകിരാമായണം സുന്ദരകാണ്ഡം)

ഇത്യാദി സ്ഥലമൊക്കയും അനന്വയധ്വനികൊണ്ടുതന്നെ നിർവഹിക്കാമായിരിക്കേ, പ്രത്യേകിച്ചു അസമമെന്നൊരലങ്കാരം സ്വീകരിച്ചിട്ടാവശ്യമൊന്നുമില്ല. രത്യാദ്യാനുഗുണ്യത്താൽ ഭൂഷണാപസരണം മനോഹരമായ്ത്തീരുന്നതുപോലെ പ്രകൃതത്തിൽ ഉപമാലങ്കാരദൂരീകരണം മാത്രമാണ് ചാരുതാഹേതു; അലങ്കാരത്വമല്ല. അതുകൊണ്ടാണു ധ്വന്യാലോകത്തിൽ—

"രസാംഗമാത്വിവക്ഷിക്ക, ലംഗ്യാവാതൊരിക്കലും
സമയേസ്വീകൃതിത്യാഗം, നാതിനിർവാഹകാമിതാ"

എന്നിങ്ങനെ രസാനുഗുണ്യേന അലങ്കാരത്യാഗം സമീക്ഷാപ്രകാരമായ് നിർദ്ദേശിക്കുകയും

"രക്തൻനീതളിരാലഹം മഹിതമാംകാന്താഗുണത്താലുമാ-
സക്തംതേതനുവിൽശ്ശിലീമുഖഗണം മാരാസ്ത്രമുക്തഞ്ചമേ
മുത്തേന്തുംതരുണീപദാഹതിയിൽ നിയ്യീണ്ടാനുമെല്ലാംനമു-
ക്കൊത്തീട്ടനിതശോകദുർവിധിവശാൽഞാൻകേവലംശോകവാൻ"
(ധ്വന്യാലോകം)

എന്നിങ്ങനെ ഉദാഹരിച്ച്, "ഇവിടെ പ്രബന്ധപ്രവൃത്തമായാലും വ്യതിരേകവിവക്ഷയാ ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന ശ്ലേഷം രസവിശേഷം പോഷിപ്പിക്കുന്നു" എന്നു മുക്തകണ്ഠം അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നതു്. എന്നിപ്രകാരമാകുന്നു.

(തുടരും) വ്യാകരണസാഹിത്യശിരോമണി, പി. കൃഷ്ണൻനായർ.

## "മോഹം"

(അന്നനട)

മുരാരിയെനോക്കിപ്പുരാരിയെന്നോതി
ധരാതലം നല്ല സുരാലയമാക്കി.
ചരാചരേശന്റെ വരാദിസൽഗുണം
കരാറിലാക്കിയും പരാതപം ചേൎത്തും,
നിരന്തരജാലപ്പിരട്ടുതീൎത്തതാ
പ്പുരാപരൻ താനോ, നരാധമൻ താനോ?

കട്ടംകോപംപൂണ്ട മട്ടത്തെറിഞ്ഞതും
കടന്നൊട്ടുക്കന്നിതട്ടത്തമാത്രയിൽ;
കടക്കണ്ണെറുകണ്ടിട്ടട്ടത്തുക്രുടിയോ
രടിച്ചുമാറുന്നു, മുടിച്ചുകൂട്ടുന്നു.
ചടച്ചുതന്നോൎത്തു കളഞ്ഞതിലല്ലോ
പടച്ചവൻതന്റെ പട്ടുതാപവുംകാണ്മൂ —

കനലൊളി ചിന്നും കനകമാലികാ
കനത്തസങ്കടമണച്ചുകൊള്ളുന്നു.
മിനക്കെട്ടുപാരം മനസ്സിരുത്തി നാം
നിനച്ചതൊന്നുമേ തനിച്ചുചേരില്ലാ.
കിനാവിലെങ്കിലുമനങ്ങാതകാൎയ്യം
വിനാഴികയ്ക്കകം വിതച്ചുകാണുന്നു.

ഇതിന്റെതത്വമിങ്ങറിയുവാൻ മോഹ
മുദിച്ചിടുന്നുമേ, സഹിക്കവെയ്യമേ—

## കഴിഞ്ഞകഥ.

(൯-ാം ലക്കത്തിൽനിന്നു തുടൎച്ച) അദ്ധ്യായം 7.

അമ്മ:—എനിക്ക് നിന്നെ കാണ്മാൻ തരമാവില്ലല്ലോ എന്നല്ല വിചാരം. നീ ഒരാൺകുട്ടിയാണ്, എന്നും നിന്നെ കണ്ടുകൊണ്ടിരിക്കുവാൻ തരമാവോ? നീ കോഴിക്കോട്ടായിരുന്നപ്പോൾ ഞാനെങ്ങിനെയാണ് കഴിച്ചുകൂട്ടിയത്—പക്ഷെ അവിടെ എന്നെപ്പോലെ നിന്നെ നോക്കാൻ അമ്മായിയുണ്ടെന്ന് എനിക്ക് സമാധാനമുണ്ടായിരുന്നു—അങ്ങിനേയൊരാൾ മംഗലത്ത് ഉണ്ടാവുമോ?

ഞാൻ:—ഇനി അങ്ങിനെയൊരാൾ ഇല്ലെന്നുതന്നെ ഇരിക്കട്ടെ—അവിടെക്ക് അനവധി അമ്മമാർ കുട്ടികളെ അയച്ചിട്ടുണ്ടു്. അവരുടെ കൂട്ടത്തിൽ ഞാൻ എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടിക്കൊള്ളാം—പിന്നെ കുറച്ചുകാലം കഴിഞ്ഞാൽ അമ്മയും മരിക്കും. അപ്പോഴും ഞാൻ കഴിഞ്ഞുകൂടണ്ടെ—അതുകൊണ്ടു് അന്യനെ ആശ്രയിക്കാതെ സ്വന്തം പരിശ്രമംകൊണ്ടു് കഴിഞ്ഞുകൂടുവാൻ ഇപ്പോൾ തന്നെ പഠിപ്പിക്കയല്ലെ നല്ലതു്.

അമ്മ:— ദാസ. നിനക്ക് ഇപ്പോൾതന്നെ എന്നെ പഠിപ്പിക്കാനുള്ള അറിവുണ്ടു്. നീ ഇത്രചെറുപ്പത്തിൽതന്നെ ഇത്രത്തോളം അറിവ് സമ്പാദിച്ചുകണ്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ടു്. എൻെറ കുട്ടി! നീ നന്നായി കാരണണമെന്നേ അമ്മക്ക് ആഗ്രഹമുള്ളൂ. വലിയ അമ്മാമൻെറ അനുഗ്രഹമുണ്ടെങ്കിൽ നിനക്ക് ഇഷ്ടമെല്ലാം സാധിക്കും. മംഗലത്തേക്കു നാളെത്തന്നെ പുറപ്പെട്ടോളൂ. അമ്മാമൻ അപ്പപ്പോഴായി വിഷുക്കേട്ടം തന്നിട്ടുള്ളതു് ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. അതിൽനിന്നു തൽക്കാലം വേണ്ടതു് ദാസൻ എടുത്തുകൊള്ളൂ.

ഞാൻ:—അങ്ങിനെയാവട്ടെ ഞാൻ ചെറിയമ്മാമനോട്ട് വിവരംപറഞ്ഞു് പോവാൻ സമ്മതം ചോദിക്കട്ടെ.

അമ്മ:—ഓ-തന്നെ പോകേണ്ട എന്നു ഒരു സമയം പറയാൻ മതി.

ഞാൻ:—എന്നാൽ അവിടുത്തോളം ഒരാളെ തുണയായി അയക്കട്ടെ എന്നും പറഞ്ഞു് ഞാൻ അമ്മാമനെ കാണ്മാൻ പോയി—ഞാൻ പത്തായപ്പുരയിലേക്കു ചെല്ലുമ്പോൾ അമ്മാമൻ ഇറങ്ങി വരുന്നതുകണ്ടു് മുമ്പിൽചെന്നു് ഞാൻ നാളെ പോവേണമെന്നു വിചാരിക്കുന്നു. അമ്മാമൻ സമ്മതം തരണം.

അമ്മാമൻ:—എവിടേക്കു്

ഞാൻ:—മംഗലത്ത് ഒരു സ്കൂളുണ്ടു്. അതിൽ ചേൎന്നു പഠിക്കാനാണു്.

അമ്മാമൻ:—അതിലേക്കുള്ള ചിലവിന്നു് ആരാണു് തരാൻ.

ഞാൻ:—ആരുമില്ല.

അമ്മാമൻ:—പിന്നെ എന്തിനാ അങ്ങോട്ടുപോകുന്നതു് ഇവിടെ ബുദ്ധിമുട്ടിനൊന്നും സാധിക്കയില്ല. ചിലവുകഴിച്ചുകൂട്ടാൻതന്നെ ഞെരുക്കമാണു്.

ഞാൻ:—അമ്മാമൻ ഒന്നും തരണ്ടാ, സമ്മതം തന്നാൽ മതി.

അമ്മാമൻ:—എന്താവേറെ ആരെങ്കിലും തരാനാച്ചിട്ടുണ്ടോ—വലിയമ്മാമ എന്താ നിൻെറ അമ്മക്ക് സ്വകാൎയ്യമായി വല്ലതും കൊടു

ത്തിട്ടുണ്ടോ?—അവിടേയും ഇവിടേയും പോയി ഇരക്കുന്നതു തറവാട്ടിലേക്ക് പോരായ്മയാണ്.

ഞാൻ:—ഇല്ലെങ്കിൽ ഇരക്കുകതന്നെ നിവൃത്തിയുള്ളൂ. മാനം നടിച്ചിരുന്നാൽ ഇനിമേലാൽ കഴിഞ്ഞുകൂടുകയില്ല—അവിടെ ഫീസ്സൊന്നും കൊടുക്കേണ്ടത്രെ.

അമ്മാമൻ—ഓഹോ. നീ കോഴിക്കോട്ടുപോയിവന്നപ്പോഴെക്ക് ഇത്രയൊക്കെ ഞായം പറയാൻ പഠിച്ചുവോ! നന്ന് വളച്ചു!

ഞാൻ:—ഞാൻ ഞായമൊന്നും പറഞ്ഞില്ലെ. എൻെറ ചെറിയ ബുദ്ധിയിൽ തോന്നിയ കാര്യം പറഞ്ഞതാണ്.

അമ്മാമൻ:—എങ്ങോട്ടുപോയാലും എനിക്ക് തരക്കേടൊന്നുമില്ല—അമ്മയെന്ത പറഞ്ഞത്.

ഞാൻ:—അമ്മാമനോട്ട് ചോദിക്കാൻ പറഞ്ഞു.

അമ്മ:—എനിക്ക് വിരോധമൊന്നുമില്ല. നിങ്ങളെല്ലാവരുംകൂടി തറവാട്ടിന്നു ഉള്ളമാനം കളയാതിരുന്നാൽ മതി.

ഞാൻ:—അത് കഴിയുന്നേടത്തോളം സൂക്ഷിച്ചുകൊള്ളാം. അമ്മാമൻെറ സമ്മതം കിട്ടിയതോടുകൂടി എനിക്കെന്തോ ഒരു വലിയമുടക്കം നീങ്ങിയതുപോലെ തോന്നി.

## 8-ാം അദ്ധ്യായം.

### (ആശ്രമപ്രവേശം)

കുടുംബജീവിതത്തിലെ വേലിയേററത്തിൻെറയും വേലിയിറക്കത്തിൻെറയും വിവരണം വായിച്ച് വായനക്കാർക്ക് മടുപ്പ് വന്നിട്ടുണ്ടെങ്കിൽ ആ വക ദുർഘടങ്ങളൊന്നും കൂടാതെയുള്ള ഒരു രംഗത്തിലേക്ക് അവരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. ഗുണദോഷസമ്മിശ്രമായ ലോകസമുദ്രത്തിൻെറ പല ചുഴിവുകളിലും പെട്ടു കാലം കഴിക്കുന്നവർക്ക് ആന്തരമായ സുഖം കിട്ടുവാൻ പ്രയാസമാണെന്ന് പൌരാണികന്മാർ തുടങ്ങി പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മനസ്സുഖവും സന്തുഷ്ടിയും വേണമെന്ന് ആഗ്രഹിക്കുന്നവർ നാടുവിട്ടു കാട്ടിൽ പോകയാണ് ഉത്തമമെന്നും അവർ ഉപദേശിക്കാതിരുന്നിട്ടില്ല.

അങ്ങിനെ കാട്ടിൽ പോയി തപോവൃത്തിയിലിരുന്നവരുടെ കണക്കെടുത്തു നോക്കുന്നതായാൽ നമ്മുടെ ഭാരതഭൂമി അഗ്രസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്ന് കാണാവുന്നതാണ്.

പണമുണ്ടായാൽ സുഖം സ്വാധീനമാവുമെന്ന് വിചാരിച്ച് അതിന്നായി അഹോരാത്രം കഷ്ടപ്പെടുന്നവൻ ഒടുവിൽ അത് തനിക്കു

അനുഭവിക്കുവാൻപോലും ശേഷിയില്ലാതായി മനമല്ലാമനസ്സോടെ താൻ നേടിവെച്ചതെല്ലാം അന്യനായി കൊടുക്കേണ്ടിവരുന്നു. അതിനു പുറമേ തന്റെ നോട്ടം കണ്ട് അസൂയ വൎദ്ധിച്ചിട്ടുള്ള ചിലരുടെ മൎദ്ദനവും ചിലപ്പോൾ അനുഭവിക്കേണ്ടതായിവരുന്നു. പ്രഭുക്കന്മാരേയും പ്രമാണികളേയും സേവിച്ച് സ്ഥാനമാനങ്ങൾ കയ്ക്കലാക്കുന്നതായാൽ അതില്പരം യാതൊന്നും വേണ്ടതില്ലെന്നു കരുതി ആ വഴിക്ക് തന്റെ സമയമെല്ലാം ചിലവാക്കിയും, പല സാഹസങ്ങൾ ചെയ്തും കഴിഞ്ഞുകൂടുന്ന ഒരുവനു ഒരു നിസ്സാരസംഗതിമൂലം താൻ അതുവരെ പണിപ്പെട്ടു പണിചെയ്തുകൊണ്ടുവന്ന മണിമാളിക താനെ ഇടിഞ്ഞുവീഴുന്നതു് കാണേണ്ടിവരുന്നു. ഉദ്ദേശങ്ങൾ ഒരുവിധം സാധിച്ചുവെങ്കിൽതന്നെ, "ഇതിനാണോ ഇത്ര വളരേ കഷ്ടപ്പെട്ടത്" എന്നുള്ള ഒരു ബോധം ഒടുവിൽ അവശേഷിക്കുകയും ചെയ്യുന്നു. ലോകത്തിന്റെ മുന്നണിയിൽ നില്ക്കുന്ന പലരുടേയും ഉള്ളിൽ കടന്നുനോക്കുവാൻ സാധിക്കുമെങ്കിൽ മേൽ വിവരിച്ചതരത്തിൽ ചില അനുഭവങ്ങൾ രേഖപ്പെടുത്തിയതായി കാണാവുന്നതാണ്. കാൎയ്യങ്ങളുടെ ഗതി ഇങ്ങിനേയാണെങ്കിൽ ലോകത്തിൽ സുഖമാകുമില്ലേ? എന്നൊരു ചോദ്യത്തിന്നവകാശമുണ്ട്. ഇതിന്നു നല്ല സമാധാനം ലോകത്തിന്റെ പുറംപൂച്ചിൽ ഭ്രമിക്കാതെ ഉള്ളിൽകടന്നു നോക്കിയാലറിയാമെന്നാണ്. കുബേരപദവിയിലിരിക്കുന്നവൻ ചിലപ്പോൾ കുചേലനെക്കാൾ കഷ്ടമായി കാലം കഴിക്കുന്നവനെ കാണുമ്പോൾ അസൂയപ്പെടാറുണ്ട്. "ഇന്നത്തെ കഴിഞ്ഞു നാളെ" എന്നു വിചാരിക്കുന്നവനെ യാതൊരു വിചാരങ്ങളും അലട്ടുന്നില്ല. വരാൻ പോകുന്ന കാലത്തെകണ്ടെഴുതി കണക്കിട്ട് ഓരോ ഘട്ടത്തിൽ തനിക്കുള്ള ഉയൎച്ചയെ അതിൽ കുറിച്ചുവെച്ചിരിക്കുന്നവന് ഒരു നേരവും സ്വൈരവുമില്ല, മററവന്ന് ആശ വളൎന്നുപിടിക്കുവാൻ യാതൊരവലംബവുമില്ലാത്തതുകൊണ്ട് സ്വൈരക്കേടിനും മാൎഗ്ഗമില്ല. ഇനി വേറൊരു തരക്കാരുമുണ്ട്. തനിക്കായിട്ടു യാതൊന്നും വേണമെന്നില്ല, അന്യന്മാൎക്ക് തന്നെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ ചെയ്ത് അവരുടെ സന്തുഷ്ടികാണുമ്പോൾ അതുതന്നെയാണ് തന്റെ സുഖമെന്നു കരുതുന്നു. ഇങ്ങിനെ വിചാരിക്കുന്നവൎക്ക് മനസ്സിൽ വേറെ ക്ലേശമൊന്നും ഉണ്ടാകുന്നില്ല. മററുള്ളവരെ വല്ലവിധത്തിലും സഹായിക്കാൻ ഒരവസരം കിട്ടിയാൽ അവൎക്ക് സന്തോഷമായി. ഭൂരിപക്ഷം ജനങ്ങൾ കഷ്ടപ്പെടുന്ന ഈ പ്രപഞ്ചത്തിൽ അങ്ങിനെയുള്ള അവസരങ്ങൾ സുലഭമാണല്ലൊ.

ആധുനികസംസ്കാരത്തിന്റെ ഫലമായി നാട്ടടക്കം വരുന്ന കഷ്ടപ്പാടുകൾ ഒററയ്ക്കുള്ള പരിശ്രമംകൊണ്ട് പരിഹരിക്കുവാൻ പ്രയാസമാണെന്നുകണ്ട് അതിലേക്കു പല സ്ഥാപനങ്ങളും ഇയ്യിടെയായി സ്ഥാപിച്ചുവരാറുണ്ട്. അതിൽ ഒന്നാണ് മംഗലത്തുള്ള രാമകൃഷ്ണാശ്രമം

ഇക്കാലത്തുണ്ടായിട്ടുള്ള മഹാന്മാരിൽ ജീവന്മുക്തനെന്ന് പലരും സമ്മതിച്ചിട്ടുള്ള ആ രാമകൃഷ്ണപരമഹംസൻെറ പാവനനാമധേയത്തിൽ അടങ്ങീട്ടുള്ള ആദർശങ്ങൾ അംഗീകരിച്ചിട്ടുള്ള ഏതാനും യുവസന്യാസികളാണ് ആശ്രമത്തിൻെറ അധികാരികൾ. പഠിപ്പുകൊണ്ടും, ലോകപരിചയംകൊണ്ടും, സ്വഭാവഗുണംകൊണ്ടും സർവ്വഥാ അനുകരണയന്മാരായ അവർ കുറച്ചുകാലത്തിനിപ്പുറമായി അവിടെ ഒരാശ്രമം സ്ഥാപിച്ച് ഒരു വിദ്യാലയവും നടത്തി, പലവിധത്തിലും പരോപകാരം ചെയ്തുവന്നിരുന്നതായി കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ക്രമേണ ആ നാട്ടിലുള്ളവർ മെല്ലെപ്പറഞ്ഞ ആശ്രമത്തെപ്പററി അറിഞ്ഞുതുടങ്ങി. കുട്ടികളേയും അങ്ങോട്ടയച്ചുതുടങ്ങി.

അങ്ങിനെയിരിക്കുമ്പോഴാണ് ഞാൻ എൻെറ ചങ്ങാതിയേകണ്ടതും അങ്ങോട്ടുപോവാനുറച്ചതും—അമ്മാമൻെറ സമ്മതം കിട്ടിയതിന്നു പിറേറദിവസംതന്നെ ഞാൻ പുറപ്പെട്ടു. വഴിക്ക് ഒരാൽത്തറയിന്മേൽ എൻെറ ചങ്ങാതി എന്നെ കാത്തിരിക്കാമെന്ന് ഏററിട്ടുണ്ടായിരുന്നു. പറഞ്ഞസമയത്തിന്നു എനിക്ക് അവിടെ എത്തിച്ചേരാൻ തരമായില്ല. നല്ലസമയംനോക്കിപ്പുറപ്പെടേണമെന്ന് അമ്മാമൻ സിദ്ധാന്തിച്ചു. അതുകൊണ്ട് വൈകുന്നേരമായിട്ടേ പുറപ്പെടുവാൻ സാധിച്ചുള്ളൂ. പറഞ്ഞുനിശ്ചയിച്ച സ്ഥലത്തെത്തിയപ്പോഴേക്ക് ചങ്ങാതി പോയിരുന്നു. ഞാൻ വഴിക്കു കാണുന്നവരോടൊക്കെ മംഗലത്തേക്ക് വഴിയന്വേഷിച്ചുംകൊണ്ട് നടന്നു. ഇങ്ങിനെ ഒററപ്പെട്ടപ്പോൾ എൻെറ ഉള്ളിൽ പലേവിചാരങ്ങളും ഒന്നിന്നുമീതെ ഉദിക്കാനും അസ്തമിക്കാനും തുടങ്ങി. ആ സമയത്ത് വാസ്തവത്തിൽ നിസ്സഹായനായി ലോകയാത്ര തുടരുന്നവൻതന്നേയായിരുന്നു ഞാൻ. മുമ്പ് പരിചയിക്കാത്ത പലരേയും ഞാൻ യാത്രക്കിടയിൽ കണ്ടു. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾ കേട്ടുവെന്ന് നടിക്കാതെതന്നെ പോയിരുന്നു. ദുർല്ലഭം ചിലർ താനെങ്ങോട്ടാണ് പോകുന്നതെന്നും കുട്ടിയായ ഞാൻ ആരും തുണയില്ലാതെ ഇങ്ങിനേ പുറപ്പെട്ടതെന്താണെന്നുംമററും തിരക്കിച്ചോദിച്ചു. അവരിൽ എനിക്ക് എന്തൊ വിശ്വാസംതോന്നി വിവരമെല്ലാം അവരോട് പറകയുംചെയ്തു. വേറെ ചിലർ ഞാൻ വീട്ടിൽ എന്തെങ്കിലും അക്രമം ചെയ്ത് കാരണവരേ പേടിച്ച് പോകയാണെന്നും രണ്ടുദിവസം പട്ടിണികിടന്നാൽപിന്നെ താനേ വീട്ടിലേക്കുതന്നെ മടങ്ങിപോയ്ക്കൊള്ളുമെന്നും പരിഹസിച്ചു. അവരോട് കാരണവരെ ഭയപ്പെടുന്നതുകൊണ്ട് പോരായ്കയില്ലെന്നും ഞാൻ അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടിതന്നേയാണ് പോന്നിട്ടുള്ളതെന്നും പട്ടിണികിടക്കത്തക്കവണ്ണം പാപങ്ങൾ ഞാൻ ചെയ്തിട്ടില്ലെന്നും സമാധാനം പറഞ്ഞു. ഓരോ പുതിയ അനുഭവങ്ങൾ ഉണ്ടാകുന്തോറും ഒററക്കുപോകുന്നതിൽ എനിക്ക് കൌതുകം വർദ്ധിച്ചു

തുടങ്ങി. പുതിയ ഏടുപ്പുകളൊ മററൊ വഴിക്ക കണ്ടാൽ ഞാൻ അവയുടെ വൎത്തമാനങ്ങഠ അന്വേഷിച്ചറിഞ്ഞതിന്നശേഷമേ യാത്ര തുടൎന്നിരുന്നുള്ളൂ. ഇനി ഈ ജീവിതത്തിൽ പലതും അനുഭവിക്കുവാനുള്ള എനിക്ക് ആ വഴിയാത്രയെപ്പററിയുള്ള സ്മരണ ഒരു നല്ല പാഠംതന്നെ ആയിരുന്നു. അവനവൻെറ ശ്രദ്ധയെ ആകൎഷിക്കത്തക്ക പലതും ലോകത്തിലുണ്ടെന്ന് മനസ്സിലായി. അച്ഛനമമ്മയും അല്ലാതെ ലോകത്തിൽ പലരുമുണ്ടെന്നും അവരെല്ലാവരും ഒരുപോലെ എന്നെപ്പോലെ സഹായമപേക്ഷിച്ചുംകൊണ്ടു പോകുന്നവരേ കൈവെടിയുന്നതല്ലെന്നും എനിക്ക് ബോദ്ധ്യമായി. അതോടുകൂടിതന്നേ മനക്കരുത്തും തൻേറടവും ഇല്ലാത്തവരേ കാററത്തു പറക്കുന്ന പഞ്ഞിപോലേ ലോകം കളിപ്പിക്കുന്നതാണെന്നും എനിക്ക മനസ്സിലായി.

ഇനിനെ പോകുമ്പോഠ ഒരു തണ്ണീർപന്തൽ കണ്ടു. വെള്ളം കടിക്കാനായി ഞാൻ അങ്ങോട്ടുകയറി. അവിടെ ഏകദേശം എന്റെ പ്രായക്കാരനായി ഒരു കട്ടിയെ കണ്ടു. ഞാനും അയാളുമായി ഇങ്ങിനെ സംഭാഷണം നടത്തി.

ഞാൻ:—നിങ്ങഠ എവിടെനിന്നുവരുന്നു?

മറെറകുട്ടി:—നിങ്ങഠക്കെന്താ അതറിഞ്ഞിട്ടുവേണ്ടതു്?

ഞാൻ:—എനിക്ക് ഒന്നും വേണ്ടതില്ലെങ്കിലും നിങ്ങഠക്ക് എന്താ വിരോധം.

മറെറകുട്ടി:—അത് എൻെറ ഇഷ്ടമല്ലെ.

ഞാൻ:—പറയുന്നതൊ പറയാതിരിക്കുന്നതൊ?

മറെറകുട്ടി:—രണ്ടും.

ഞാൻ:—ഞാനും നിങ്ങളെപ്പോലെ ഒരുത്തൻ. പോകുന്നവഴി ഒന്നാണെങ്കിൽ തുണയായല്ലൊ എന്നുകരുതി ചോദിച്ചതാണെ, നിങ്ങഠ ദേഷ്യപ്പെടേണ്ട.

മറെറകുട്ടി:—ഞാൻ നിങ്ങളോട്ട് ദേഷ്യപ്പെട്ടുവൊ, എന്താ താൻ അനാവശ്യം പറയുന്നത്.

ഞാൻ:—ഞാൻ അനാവശ്യമൊന്നും പറഞ്ഞിട്ടില്ല. പറയുന്നതുമില്ല, എവിടെനിന്നു വരുന്നു എന്നു ചോദിച്ചതു് അനാവശ്യമായോഷഹേ ഈ സമ്പ്രദായം കണ്ടിട്ടുതന്നെയാണ് ദേഷ്യപ്പെടേണ്ടാ എന്ന് ഞാൻ അപേക്ഷിച്ചത്.

മറെറകുട്ടി:—തൻെറ ഞായമൊന്നും എനിക്ക കേഠക്കണ്ട (സ്വരം ഉയൎത്തീട്ട്) താനെങ്ങോട്ടാ.

ഞാൻ:—എൻെറ ചോദ്യത്തിന്ന് ഉത്തരം ഇനിയും പറഞ്ഞിട്ടില്ലല്ലോ.

മറെറകുട്ടി.—അത് പറവാൻ ഭാവമില്ലെങ്കിലൊ.

ഞാൻ:—അങ്ങോട്ടു പറവാനും ഭാവമില്ല.

മററെകുട്ടി:—താൻ എന്നെ നല്ലവണ്ണം അറിയില്ലെന്നു തോന്നുന്നു.

ഞാൻ:—എന്നാൽ ഈ ചോദ്യത്തിന്നൊക്കെ ഇടവരുമൊ?

മററെകുട്ടി:—ഈ പിരട്ടൊന്നും കളത്തിൽ കുട്ടനോട് വേണ്ട.

ഞാൻ:—അല്ല നിങ്ങറം കളത്തിലെയാണൊ? നമ്മറം തമ്മിൽ ബന്ധുക്കളാണ്.

കുട്ടൻ:—ഏതു് വഴിക്ക്?

ഞാൻ:—നിങ്ങറം എൻെറ അമ്മയുടെ അച്ഛൻെറ വിട്ടിലെയാണ്.

കുട്ടൻ:—അപ്പോറം കുറച്ചുകൂടി ഭേദമായിട്ടു വേണ്ടതായിരുന്നു. ആട്ടെ തരക്കേടില്ല ഇവിടുന്നങ്ങോട്ട് നേരെയാക്കാലൊ തൻെറ പേരും മററും കേറക്കട്ടെ.

ഞാൻ:—ദേവിദാസൻ.

കുട്ടൻ:—ഏതു് ദേവിയുടെ ദാസനാണ്.

ഞാൻ:—അർത്ഥം നോക്കീട്ടാണോ പേരിടുന്നത്. തൻെറ പേരിൻെറ അർത്ഥമെന്താ.

കുട്ടൻ:—അതൊക്കെ പോട്ടെ എങ്ങോട്ടായാത്ര?

ഈ ഘട്ടത്തിൽ കുട്ടന്ന് എൻെറ പൂർവ്വകഥ വിസ്തരിച്ച് സംഗതികളെല്ലാം വിവരിച്ചു പറഞ്ഞുകൊടുത്തു, ആയാളുടെ വർത്തമാനങ്ങളെല്ലാം ഞാനങ്ങോട്ടും ചോദിച്ചു.

കുട്ടൻ:—ഞാനും തന്നെപ്പോലെ വീടുവിട്ടിറങ്ങിയ കൂട്ടത്തിലാണ് ഞാൻ പക്ഷെ ഇനി അങ്ങോട്ട് മടങ്ങിപ്പോകേണമെന്ന് വിചാരിക്കുന്നില്ല. തൻെറ അച്ഛനേപ്പോലെ തന്നെ എൻെറ അച്ഛനും വലിയ പണക്കാരനൊന്നുമല്ല, പഠിപ്പിന്നു വല്ലതും സഹായിക്കേണമെന്നായി ഞാൻ കാർണവരോടു അപേക്ഷിച്ചപ്പോറം അദ്ദേഹം കയർത്തു. എനിക്കു ഇട്ടപേരല്ലാതെ ചിലതെല്ലാം വിളിക്കുകയും ചെയ്തു. ഞാനും എനിക്കു തോന്നിയപോലെ ചിലതെല്ലാം അങ്ങോട്ടും പറഞ്ഞു. കാരണവർ എന്നെ ഒന്നുരണ്ടടിച്ചു. രക്ഷിക്കാനൊരുക്കമുള്ളവരേ ശിക്ഷിക്കാൻ പുറപ്പെടാവു എന്നു ഞാൻ ശഠിച്ചു. ഒന്നുംമുണ്ടാതെ ഉടനെതന്നെ ഇറങ്ങിപ്പോരുകയും ചെയ്തു. എന്നെപ്പററി വ്യസനിക്കാനാരുമില്ല. അമ്മ കഴിഞ്ഞകൊല്ലം മരിച്ചു. ഇനി വല്ലവഴിക്കുമൊന്നു പോയിനോക്കട്ടെ.

ഞാൻ:—നാം രണ്ടുപേരും പിൻതുണയില്ലാത്തവരാണ്, അതുകൊണ്ട് നമുക്ക് ഒന്നിച്ചു കൂടുക. എനിക്കു താനും തനിക്കു ഞാനും സഹായവുമാകട്ടെ. എൻെറ ഉദ്ദേശം പറഞ്ഞുവല്ലൊ—കുട്ടനും

അതുപോലെ ആയിക്കൂടെ. നാം ജ്യേഷ്ഠാനുജന്മാരുടെ നിലയിൽ രാമകൃഷ്ണാശ്രമത്തിൽ ചെല്ലുക—അവിടുത്തെ പഠിപ്പു കഴിഞ്ഞതിനു ശേഷം നമുക്ക് എങ്ങോട്ടാണ് പോകേണ്ടത് എന്ന് തീർച്ചപ്പെടുത്താം. എന്താണ് കുട്ടൻെറ അഭിപ്രായം.

കുട്ടൻ:—(കുറച്ചുനേരം ആലോചിച്ചിട്ട്) ഓ. അങ്ങിനെയാവാം പക്ഷെ അവിടുത്തെ ഹേഡ്മാസ്റ്റർ വല്ലാതെ തല്ലുന്ന ആളാണെങ്കിൽ ഞാൻ അവിടേയും അധികകാലം നില്ക്കുമെന്നു തോന്നുന്നില്ല.

ഞാൻ:—വെറുതെ ഒരാൾ തല്ലുമൊ? നാം നമ്മുടെ കൃത്യങ്ങൾ ശരിയായി നടത്തിയാൽ പിന്നെ തല്ലേണ്ട ആവശ്യമെന്താണ്.

കുട്ടൻ:—ആട്ടെ നമുക്കേതായാലും അവിടെപ്പോയി കുറച്ചു ദിവസം നോക്കുക.

ഞങ്ങൾ ഉടനെ പുറപ്പെട്ടു. ആശ്രമത്തിലെത്തിയപ്പോഴേക്ക് നേരം സന്ധ്യയായി. ആശ്രമം അന്വേഷിച്ച് ഞങ്ങൾ പോകുമ്പോൾ മനസ്സലിയത്തക്കതായ ഒരു സംഗീതംകേട്ടു ആ സ്ഥലത്തു ചെന്നപ്പോഴാണ് അത് ആശ്രമമാണെന്നറിഞ്ഞത. പടിക്കലെത്തിയപ്പോൾ കുറെ കുട്ടികളും മുതിന്നവരും ചേന്ന് വരിവരിയായിനിന്ന് താളമേളങ്ങളോടുകൂടി പാട്ടുകൾ പാടി നടക്കുന്നത് കണ്ട് ഞങ്ങളും അവരോടുകൂടിച്ചേന്നു പാട്ടുപാടുവാൻ തുടങ്ങി. അവർ പാടുന്നതെല്ലാം രാമകൃഷ്ണസ്തോത്രങ്ങളായിരുന്നു. ആശ്രമത്തിനെ ഒരു പ്രദിക്ഷിണംവെച്ചശേഷം ഗാനസംഘം അവിടെയുള്ള കെട്ടിടത്തിൻെറ നടുക്കായുള്ള ഒരു വലിയ അഗ്രശാലയിലെത്തി. അതിൻെറ കിഴക്കുവശത്തായിവൃത്താകാരത്തിൽ പടവുപടവായി കെട്ടിപ്പടുത്തിട്ടുള്ള ഒരു മണിത്തറയിന്മേൽ രാമകൃഷ്ണപരമഹംസൻെറ ഒരു വെണ്ണക്കൽപ്രതിമയുണ്ടായിരുന്നു. മാലകൊണ്ടുമൂടിയിരിക്കുന്ന അതിൻെറ നാലു ഭാഗത്തും അനവധി ദീപങ്ങൾ കത്തുന്നുണ്ടായിരുന്നു. ഗായകസംഘം അതിനഭിമുഖമായിനിന്ന് അതിമധുരമായ ഒരു ഗാനം ആരംഭിച്ചു. ഞങ്ങൾ രണ്ടുപേരും ഏററു പാടീട്ടുണ്ടായിരിക്കണം. ആ സംഘത്തിൽ ചേന്നതോടുകൂടി ഏതോ ഒരു ശക്തിക്കധീനമായി അതിൻെറ കല്പന അനുസരിക്കുന്നതുപോലെ തോന്നി. എന്തിനാണ് ഇങ്ങിനെ ചെയ്യുന്നത് എന്നുള്ള വിചാരം ഞങ്ങളെ അപ്പോൾ അലട്ടിയതേയില്ല. എന്നുതന്നെയല്ല തല്ക്കാലം മററു ചിന്തകളെല്ലാം മറന്ന് ആ സംഘത്തിൽ ചേന്ന്, അതിൻെറ പരിപാടിയനുസരിക്കുന്നതിന്ന് അതിയായ ഉന്മേഷവും തോന്നി. ഗാനം അവസാനിച്ചതിന്നു ശേഷവും, ആ സംഗതി അറിയാതെ ഞങ്ങൾ അതിൽ തന്നെ ലയിച്ചുകൊണ്ട് കുറേനേരം നിശ്ചേഷ്ടരായിനിന്നു. കുറച്ചു കഴിഞ്ഞപ്പോൾ കുട്ടൻ എന്നെ തൊട്ട് ഇവരെല്ലാം പോയിത്തുടങ്ങി എന്നു പറഞ്ഞപ്പോഴാണ് പരിതസ്ഥിതികളുടെകാര്യംഎനിക്കു ഓമ്മവന്നത്.

ഒരു കുട്ടിയുടെ പിന്നാലെ ഞങ്ങളും പോയി—ആയാളോട്ട ഹെഡ്മാസ്റ്റർ എവിടെയാണെന്നു ചോദിച്ചപ്പോൾ.

കുട്ടി:—ഇവിടെ ഹെഡ്മാസ്റ്ററില്ല സ്വാമിയെ ഉള്ളൂ അദ്ദേഹത്തെ കാണാൻ വന്നവരാണോ നിങ്ങൾ.

ഞങ്ങൾ:—അതെ.

കുട്ടി:—എന്താ ആവശ്യം?

ഞങ്ങൾ:—ഞങ്ങൾക്കും ഇവിടെ ചേന്ന് പഠിക്കേണമെന്നു മോഹമുണ്ട്.

കുട്ടി:—സ്വാമി പ്രാൎത്ഥന കഴിഞ്ഞു ഇപ്പോൾ പോയതേ ഉള്ളൂ. ഇനി ഇന്ന് ആരേയും കാണില്ല. നാളെ രാവിലേയും പ്രാൎത്ഥനയുണ്ട്. അത് കഴിഞ്ഞാൽ അദ്ദേഹത്തെ കാണാം,

ഞങ്ങൾ:—ഞങ്ങൾ ഇന്നുരാത്രി എങ്ങിനെയാണ് കഴിച്ചുകൂട്ടേണ്ടത്?

കുട്ടി:—എന്റെ കൂടെ പോന്നുകോൾക—

ഞങ്ങൾ ആ കുട്ടിയുടെ അതിഥിയായി അന്ന് അവിടെ വിശ്രമിച്ചു—എന്റെ നാട്ടിലേ ചങ്ങാതി അവിടെ എത്തീട്ടില്ലെന്നു അപ്പോഴാണ് മനസ്സിലായത്.

(തുടരും) ദേവീദാസൻ.

## പുലിയൻകുന്നിലെ വേട്ട (തുടൎച്ച)

അടുത്ത പരദേവതാക്ഷേത്രത്തിൽ ഇന്നു ഉത്സവമാണ്. കുങ്കമ്മ ഒഴികെ ഇടത്തിലുള്ള ആബാലവൃദ്ധം ആളുകളും ഉത്സവംകാണ്മാൻ പോയിരിക്കുന്നു. കുങ്കമ്മക്കു തലവേദനയും കുറേശ്ശ പനിയുമായിരുന്നതിനാൽ മഞ്ഞുകൊണ്ടു ഉത്സവംകാണാൻ അവൾ നിന്നില്ല. സമയം ഏതാണ്ടു പാതിരയായിരിക്കുന്നു. കുങ്കമ്മ ഉറങ്ങീട്ടില്ല! അവൾ ആരുടെയോ വരവിനെ കാത്തുനില്ക്കുംപോലെ തന്റെ മണിയറയിൽ അങ്ങട്ടും ഇങ്ങട്ടും നടക്കുകയാണ്. കാവലിന്നുണ്ടായിരുന്ന ഒരു ഭൃത്യനും ദാസിയും "ഖുറുഖുറ" എന്ന സ്തോത്രംപാടി കുംഭകൎണ്ണസേവ ചെയ്യുകയാണ്. പെട്ടന്നു ആരോ ഒരാൾ വാതിലിന്നു മുട്ടുംപോലെ തോന്നി. കുങ്കമ്മയുടെ അഴകേറിയ മുഖം ആനന്ദംകൊണ്ടു മിന്നിത്തിളങ്ങി. മങ്ങിക്കത്തുന്ന നിലവിളക്കിലെ തിരി ഒന്നുകൂടിത്തട്ടി ജ്വലിപ്പിച്ചു അവൾ ബദ്ധപ്പെട്ടു പുറത്തെ വാതിലിന്നുനേൎക്കു ചെന്നു. അഹോ! കാമികൾക്കു കണ്ണുകാണുകയില്ല, എന്ന പഴഞ്ചൊല്ല് എത്രമാത്രം യഥാൎത്ഥമാണ്! അവൾ തന്റെ വിറക്കുന്ന കൈകൊണ്ടു വാതിൽ തുറന്നു. പെട്ടന്നു ചെമ്പൻതലമുടിയും കയ്യിൽ ചെത്തിമിനുക്കാത്ത ഒരു മുണ്ടൻവടിയും

ളക്കിൽ ഒരു വെട്ടുകത്തിയുമായി ഒരു ഭീമകായൻ അകത്തേക്കു കടന്നു. അവൻെറ ഭയങ്കരസ്വരൂപംകണ്ടു കങ്കമ്മ സ്തംഭിച്ചു നിലവായി. അവൻ പൈശാചികമായ ഒരു ചിരിചിരിച്ചു

ആഗതൻ:—നിങ്ങ് ക്കറിഞ്ഞൂടെ അച്ചീമൂടനെ? ഓനാ ഞാൻ. അന്നു പിടിക്കാനടുത്തപ്പം ആ കുഞ്ഞിപ്പുലിവനു് അലമ്പാക്കിക്കളഞ്ഞു്. പോട്ടെ. എനി എങ്കും നേരെ നിന്നോ. ചീമൂടൻ എൻെറ പൊന്നിന്നു നാനായിത്തേനായി തോന്നൂല്ലെ.

ഇത്രയും പറഞ്ഞു അവൻ "ബാ!" എന്നു കൈ നീട്ടി വിളിച്ചു- അതിഘോരമായ നിശ്ശബ്ദത, അഗാധമായ ഇരുട്ട്, ആശ്രയമില്ലാത്ത സ്ഥിതി! ഇതൊക്കെ ഒത്തുകൂടിയ ആ അബലയുടെ സ്ഥിതി എന്തായിരിക്കണം? അവൾ ഒട്ടൊന്നു പരിഭ്രമിച്ചുവെങ്കിലും തൻെറ പ്രിയതമൻെറ മുദ്രാവാക്യമായ വിപദിധൈര്യം അവളെ വിട്ടൊഴിച്ചില്ല.

ക:—എന്തു്? എന്താണിപ്പറയുന്നതു്? നീ ഈ അസമയത്തു് എന്തിനു വന്നു ഇവിടെ? ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം പോയ്ക്കോ, പുറത്തു്. എൻെറ ആങ്ങളമാരെ അറിയില്ലേ നീ?

ആഗതൻ:—ഓ:—ആങ്ങളാര്. പുലന്നേ എത്തു—പിന്നാരുണ്ട്? അതു് പറ. പായ്യാരം പോട്ടെ. വരുന്നോ ചീമൂടൻെറ്യാന്നിച്ച്?

ക:—എടാ! കടന്നു കളിക്കണ്ട. നന്നല്ല.

ചീ:—ഹ്ം—ഇങ്ങ് ബരാനല്ലെ പറഞ്ഞതു്? ഇത്തിര നേരംബാക്കെ ഉള്ളു. എനിച്ചേല്, പറേമ്പോലെ ചെയ്യാഞ്ഞാച്ചെയ്യിക്കും. ബായിങ്ങ്! അവൻ അവളുടെനേക്കു കയ്യോങ്ങി അടുത്തു.

ക:—(പൂർവാധികം ധൈര്യത്തോടെ) മാറിനില്ക്കാനല്ലെ പറഞ്ഞതു്? തെമ്മാടി! തൊടല്ലെടാ! പടവീട്ടിൽ ചന്തുവിൻെറ കൈപ്പൊരുത്തം കാണാൻ കൊതിക്കണ്ട. എന്നെ തീണ്ടരുതു്. മാറിനില്ക്കു്!

ചീ:— അ:—ഓൻെറ പേര് അതാ ഇല്ലെ. കാണട്ടെ എന്നാ—ഓനിപ്പം ബന്നു നിന്നെ ദച്ചിക്കുന്നതു്!

ഇത്രയും പറഞ്ഞു അവൻ ഇരുമ്പുദണ്ഡംപോലുള്ള കൈനീട്ടി അവളുടെ നേക്കടുത്തു കങ്കമ്മ ഉടുപുടവ വലിച്ചുകെട്ടി നിന്ന നിലയിൽനിന്നു ഒരു മലക്കംമറിഞ്ഞു അവൻെറ പിടിയിൽനിന്നൊഴിഞ്ഞു മാറി. ആയുധപാണിയായ ആഗതൻ വിട്ടൊഴിക്കാനുള്ള ഭാവമില്ല. കങ്കമ്മ നിരായുധയായിരുന്നു. ആയുധം എടുക്കാൻ അവൾക്കു പഴുതുമുണ്ടായിരുന്നില്ല. അവൾ എന്തുവേണമെന്നറിയാതെ കുഴങ്ങി. കുറേനേരം കൂട്ടിൽപ്പെട്ട കിളിയെപ്പോലെ അങ്ങട്ടും ഇങ്ങട്ടും മറിഞ്ഞും തിരിഞ്ഞും അവൻെറ പിടിയിൽ പെടാതെകഴിക്കാൻ ഉത്സാഹിച്ചു. ഒടുവിൽ നിരാശയായി "ഇതാ! നോക്കണെ!" എന്നു നിലവിളിച്ചുപോയി.

പെട്ടന്നു പുറത്ത്—ഇരുട്ടിൻെറയും നിശ്ശബ്ദതയുടെയും കഠിനമായ അഗാധതക്കടിയിൽനിന്ന്—ഗംഭീരമായ ഇടിമുഴക്കംപോലെ 'ഭും' എന്നൊരു തോണൊലി മുഴങ്ങി. ചീമൂടൻെറ നീട്ടിയ കൈകഠ ഒരമ്പുവന്നു തറച്ചു. ആ നിമിഷത്തിൽതന്നെ ഘനമായ കാൽവെപ്പോടുകൂടി ഒരാഠ അകത്തേക്കു കടക്കുകയും ചെയ്തു. ആയാഠ തെള്ളതെളെ തിളങ്ങുന്ന ഒരു വാഠ ഉയർത്തിപ്പിടിച്ചിരുന്നു. ആ വാഠ, ഊക്കിൽ ചീമൂടൻെറ കഴുത്തിനുനേരെ പാഞ്ഞു. പെട്ടന്നു ചീമൂടൻ ഒരു മലക്കംമറിഞ്ഞു പുറത്തേക്കു ചാടി. വെട്ടുവന്നു പററിയതുമില്ല. ആഗതനായ മാന്യൻ നമ്മുടെ ചന്തുവല്ലാതെ മററാരുമല്ല. ആയാഠ ബദ്ധപ്പെട്ടു ഒരരുകിൽ പതുങ്ങിനില്ക്കുന്ന കങ്കമ്മയുടെ അടുത്തുചെന്നു. യമകിങ്കരനെപ്പോലെ ഭയങ്കരനായ ചീമൂടൻെറ ഭീഷണിയിൽ എള്ളോളം അധൈര്യം കാണിക്കാതിരുന്ന ആ വീരകന്യക—പ്രിയതമൻെറ മാറിൽ ചരിഞ്ഞുവീണു തേങ്ങിത്തേങ്ങി കരഞ്ഞുപോയി. ചന്തു പ്രേമപരവശനായി അവളുടെ "തളിരൊത്ത മേനി" മുദുകേ തലോടി. അതാ—വാതിലിന്നടുക്കെ എന്തോ ഒരു ബഹളം കേഠക്കുന്നു. പ്രിയതമൻെറ മാറിൽ വിശ്രമിപ്പിച്ചിരുന്ന തലപൊക്കി കങ്കമ്മ വാതില്ക്കലേക്കു നോക്കി. ചന്തുവിൻെറ കയ്യിലെ തീക്ഷ്ണഖഡ്ഗം വീണ്ടും ഉയന്നു. ആളുകഠ അടങ്ങിയ അദ്ധരാത്രിസമയം ഏകാകിയായ നമ്മുടെ യുവാവിൻെറനേക്കു ഭയങ്കരന്മാരും അരോഗദൃഢഗാത്രന്മാരുമായ അനവധി മല്ലന്മാർ തോളോടുതോളൊത്ത് വാളോട്ടവാളുയർത്തി യുദ്ധത്തിന്നായി ഒരുങ്ങിയിറങ്ങിവന്നിരിക്കയാണു്! യുവാവാകട്ടെ തൻെറ മാറിൽ അഭയംപ്രാപിച്ച യുവതിക്കായി ഇടത്തുകൈ ഒഴിച്ചുവെച്ചിരിക്കയായിരുന്നു. വലത്തെ കയ്യിൽ ഓങ്ങിപിടിച്ച വാളുമായി ആ ധീരധീരയുദ്ധവിദഗ്ദ്ധൻ അവരോടു ക്രുസലെന്നിയെ എതിത്തു. ശത്രുക്കളുടെ തലവൻ നമ്മുടെ ചീമൂടൻതന്നെയായിരുന്നു. ചന്തുവിൻെറ അത്ഭുതാവഹമായ വാഠച്ചുഴററത്താൽ ആയാളുടെ ചുററും ഒരു സുദശ്നചക്രം തിരിയുന്നുണ്ടെന്നു ശത്രുക്കഠക്കു തോന്നിത്തുടങ്ങി, അവർ ഓരോരുത്തരും ആ വാഠച്ചുഴററത്തിൻെറ പരിധിക്കുള്ളിൽക്കടന്നു പ്രാണനെ ത്യജിച്ചു. ആണായിപ്പിറന്ന ഒരുത്തനെങ്കിലും ആ വാഠവീശൽ അതിക്രമിച്ചു ചന്തുവിനെ അടുക്കാൻ കഴിഞ്ഞില്ല. പുലരാൻ ഏഴര നാഴികയായപ്പോഠ പൂവൻകോഴിയുടെ വിജയകാഹളദ്ധ്വനി ആകാശത്തെ മുഖരിതമാക്കി. യുവതി പതുക്കെ തലപൊങ്ങിച്ചു ഏതാണ്ടൊരഭിമാനത്തോടെ ചന്തുവിൻെറ മുഖത്തേക്കുനോക്കി. ആ യുവയോദ്ധാവിൻെറ വിശാലമായ നെററിത്തടം വിയത്തും ചുകന്നുമിരുന്നു. അദ്ദേഹം മറെറല്ലാ ശത്രുക്കളേയും പരാജിതരാക്കി ഒടുവിൽ ചീമൂടനുമായി പടവെട്ടുകയാണു്. ഇരുഭാഗവും തെളിഞ്ഞ വെളിച്ചംകാണിക്കുന്ന ആ ഭൃത്യനും ഭൃത്യയും ഏതാണ്ടൊരാശ്വാസത്തോടെ നെടുവീപ്പിട്ടു. ചീമൂടൻ ഒഴിഞ്ഞുമാറി ചാടിപ്പോവാൻ ത

രംനോക്കുകയാണ്. അത് മനസ്സിലാക്കിയ ചന്തു അവന്നു കടുകിന്നു പഴുതുകൊടുക്കാതെ പടവെട്ടിക്കൊണ്ടിരുന്നു. പ്രഭാതസൂര്യന്റെ അരുണകിരണങ്ങൾ ഇടത്തിലെ മണിയറപ്പടകളെത്തേയും ചെഞ്ചോരപ്പുഴയേയും തറഞ്ഞുമറിഞ്ഞു ശവശരീരങ്ങളേയും ഒന്നുകൂടി സുസ്പഷ്ടമാക്കി. ചന്തു തന്റെ ഇടത്തെ കാൽ പൊക്കി ഒരു വെട്ട് ഏററംകളഞ്ഞു തരത്തിൽ അവന്റെ കഴുത്തിന്നു ഊക്കിൽ ഒരു വെട്ടുവെട്ടി. അവൻ ഉടലും തലയും വേർപെട്ടു നിണമണിഞ്ഞു ഭൂമിയിലേക്കു പതിച്ചു.

വെട്ടുന്നു പത്തുപതിനഞ്ചാളുകൾ ബദ്ധപ്പെട്ടു ആ അറയിലേക്കു കടന്നുവന്നു. അവർ എന്തെന്നില്ലാത്ത അമ്പരപ്പോടെ ആ അറമുഴുവനും നോക്കി. അതിൽ ഏതാണ്ടു അറുപതുവയസ്സു പ്രായം മതിക്കുന്ന ഒരാൾ മുമ്പോട്ടുകടന്നു ഇങ്ങിനെ പറഞ്ഞു.

-- "ഇതെന്തെല്ലാം വേശ്യം! എവിടെ എന്റെ കുഞ്ഞി—?"

അപ്പോഴക്കും രണ്ടുനാലു സ്ത്രീകളുംപ്പടെയുള്ള ഒരു ചെറുസംഘംകൂടി അതിന്നകത്തു കടന്നു—ഉടനെ എന്തെന്നില്ലാത്ത നിലവിളിയും ബഹളവും ഉണ്ടായി.

ഒരു വയസ്സായ അമ്മ:—അയ്യോ! എന്റെ മോളെവിടെപ്പോയി. മൂക്കു കടിച്ചും പട്ടുമൂക്കായി. നെഞ്ഞത്തിട്ടിട്ടെന്റെ നെഞ്ഞടഞ്ഞു. അങ്ങനെ ആററലായി പോററിയതല്ലെ മോളെ! ഞാനിന്നെ

ഉടനെ ചന്തു കുങ്കമ്മയെ അവിടെ വിട്ടു മുമ്പിൽ വന്നുനിന്നു ഇങ്ങിനെ പറഞ്ഞു.

ചന്തു:—ഇതാ നിങ്ങളുടെ കുഞ്ഞി. കരയരുത്. സാവധാനത്തിൽ വിവരമെല്ലാം മനസ്സിലാക്കിൻ.

ഉടനെ ചന്തുവിന്റെ അടുത്ത് സമവയസ്കന്മാരായ നാലുപേർ ഓടിവന്നു നന്ദിപൂർവ്വം അദ്ദേഹത്തിന്റെ കൈ പിടിച്ചു. ചന്തു വിനയപൂർവ്വം അവരുടെ നന്ദിയെ സ്വീകരിച്ചു. മേൽ പറയപ്പെട്ടവരെല്ലാം കുങ്കമ്മയുടെ സഹോദരന്മാരും മററുമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ചെറുപ്പക്കാർ:—നിങ്ങളിച്ചെയ്ത ഉപകാരം ഞങ്ങൾക്കു മറക്കത്തക്കതല്ല. അതിന്നു പകരം ചെയ്യാൻ ഞങ്ങൾ കടപ്പെട്ടവരാണ്.

ചന്തു:—പകരം കൊതിച്ചിട്ടല്ല. ഞാനെന്റെകടമ നിവൃത്തിച്ചു. അത്രേയുള്ളു.

ചെറുപ്പക്കാർ:—(അത്ഭുതത്തോടെ) എന്തു കടമ? നമ്മൾതമ്മിലുള്ള കടമ 'കൊല്ലുംകൊലയു'മല്ലേ?

കാരണവർ:—അതിരിക്കട്ടെടാ. നമ്മൾ ചെയ്യുന്ന പകരം സ്വീകരിക്കാൻ ആയാളൊരുക്കമുണ്ടോ എന്നു ചോദിക്ക്.

ചന്തു:—രണ്ടായാലും പകരം സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്. ഇഷ്ടമായാലും അനിഷ്ടമായാലും.

കാര:—എന്നാൽ നമ്മൾതമ്മിലുള്ള കുടിപ്പക എന്നെന്നേക്കുമായി മറക്കണം.

ചന്തു:—വിരോധമില്ല.

സഹോദരന്മാർ:—(സന്തോഷത്തോടെ) അമ്മാമൻ കുടിപ്പക അറുത്തു. ഇപ്പോൾ ഇടത്തിൽക്കാക്ക് പടവീട്ടിൽ ചന്തു ചങ്ങാതിയായി.

കാരണവർ:—കുട്ടികളെ—ചങ്ങാതി മാത്രമല്ലാ ചാർച്ചക്കാരനുംകൂടി ആവണം. എന്നാലെ സഖ്യം നിലനില്ക്കുകയുള്ളൂ.

ചന്തുവിൻേറയും കങ്കമ്മയുടേയും കടക്കണ്ണുകൾ ഒരിക്കൽക്കൂടി കൂട്ടിമുട്ടി. ചന്തു പുഞ്ചിരികൊണ്ടു. കങ്കമ്മ ലജ്ജിച്ചു മുഖം താഴ്ത്തി.

ശ്രീമതി, കടത്തനാട്ട് കെ. മാധവി അമ്മ.

(സമാപ്തം)

---

ഒററശ്ലോകം.

കാണുന്നേരം കടക്കണ്ണിടി, കരളിടിയും കത്തു കാണാതിരുന്നാൽ,—
ബാണംപോലെ തറയ്ക്കും ലിപികളതിലുമുണ്ടൊന്നുരണ്ടല്ലനേകം,—
വേണം നിൻപ്രേമമെന്നേ, ഗതിവരുമിവനെത്തള്ളിനീക്കുന്നപക്ഷം
നീണാളിശല്യമേററിട്ടുയിരൊടമരുവാനോക്കിലേററം ഞെരുക്കം.

# വിചാരവീചി.

## "തിരുനാവായ് സമ്മേളനങ്ങൾ"

ചരിത്രപ്രസിദ്ധമായ തിരുനാവായയിൽവെച്ച് അടുത്തു കൂടുവാൻപോകുന്ന സമ്മേളനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വത്തമാനപത്രങ്ങൾമുഖേന മാന്യവായനക്കാർ അറിഞ്ഞിരിക്കാനിടയുണ്ട്. പ്രവത്തകന്മാരുടെ പരിപാടിയിൽ ഹിന്ദുമഹാസഭയുടെ ഒരു ശാഖ കേരളത്തിൽ ഏളപ്പെടുത്തേണമെന്ന ഉദ്ദേശത്തോടുകൂടി കൂടുന്ന സമ്മേളനത്തിനാണ് പ്രാധാന്യം കല്പിച്ചു കാണുന്നതു്—ഹിന്ദുമതത്തിൽ കാലക്രമംകൊണ്ടു

കടന്നുകൂടിയിട്ടുള്ള ദോഷങ്ങൾ പരിഹരിച്ച് അതിനെ പൂർവസ്ഥിതിയിൽ കൊണ്ടുവരുവാനും ഹിന്ദുമതതത്വങ്ങൾക്ക് പ്രചാരംവരുത്താനുമാണ് ഹിന്ദുമഹാസഭ ആരംഭിച്ചിട്ടുള്ളതെന്ന് ബഹുജനങ്ങൾ അറിഞ്ഞിട്ടുള്ള കാര്യമാണ്. ആരംഭം അങ്ങിനെയായിരുന്നുവെങ്കിലും ക്രമേണ അതിൻെറ സ്വഭാവം മാറുന്നുണ്ടെന്നും, മതസംബന്ധമായ കാര്യങ്ങളേക്കാൾ ഭരണകാര്യങ്ങളിലാണ് അതിൻെറ ശ്രദ്ധ അധികം പതിയുന്നതെന്നും ഒരു ധാരണ പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടാവാനിടവരികയും, തന്നിമിത്തം ആ സ്ഥാപനത്തെപ്പററിയുള്ള അഭിപ്രായത്തിന്ന് വ്യത്യാസം സംഭവിക്കയും ഉണ്ടായിട്ടുണ്ട്—അതിൻെറശാഖയായി കേരളത്തിൽ ആരംഭിക്കുവാൻ പോകുന്ന പ്രാദേശീകസഭയെപ്പററിയും മേല്പറഞ്ഞ തരത്തിലുള്ള തെററിദ്ധാരണങ്ങൾ ഉണ്ടാവുന്നുണ്ടെന്നുള്ളതിലേക്ക് ചില ദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട്. ഈ കാര്യം തീർച്ചപ്പെടുത്തിയല്ലാതെ പ്രാദേശികസഭക്ക് സ്ഥിരപ്രതിഷ്ഠയുണ്ടാവുന്ന കാര്യം സംശയമാണ്—ഭരണകാര്യങ്ങളെക്കുറിച്ച് ബഹുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രസ്താവിക്കാനുള്ള സ്ഥാപനങ്ങൾ കക്ഷിഭേദമനുസരിച്ച് പലതും ഉണ്ടായിട്ടുള്ള സ്ഥിതിക്ക് മതകാര്യത്തിൽ പരിശ്രമിക്കുന്നതിന്നായി പ്രത്യേകമൊരു സംഘമുണ്ടാവുന്നതുതന്നെയാകുന്നു സൌകര്യപ്രദമായിട്ടുള്ളത്. മതവും ഭരണവുംകൂടി കലർത്തിയാൽ കുഴപ്പങ്ങൾ വർദ്ധിക്കാനല്ലാതെ കുറയുവാൻ വഴിയുണ്ടാവുമോ എന്നും സംശയമാണ്. കാര്യങ്ങൾ ഈ സ്ഥിതിയിലാകയാൽ തിരുനാവായ്‌വെച്ച് കൂടുന്ന സമ്മേളനത്തിൽ ഭാരവാഹികൾ അവരുടെ ഉദ്ദേശങ്ങൾ വ്യക്തമാക്കുകയും അവയിൽ ബഹുജനങ്ങൾക്ക് വിശ്വാസം ജനിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്നാണ് ഞങ്ങളുടെ പക്ഷം.

മതവിഷയത്തിൽ ഉൽപതിഷ്ണുക്കളായിട്ടുള്ളവർക്ക് അവരുടെ പരിശ്രമത്തിന്ന് കേരളത്തെപ്പോലെ ഒരു രംഗം ലോകത്തിൽ വേറെ ഇല്ലെന്നുതന്നെ പറയാവുന്നതാണ് മതത്തിൻെറ പേർ പറഞ്ഞ് കേരളത്തിൽ നിലനിർത്തിപോന്നിട്ടുള്ള ആചാരങ്ങളുടേയും അനാചാരങ്ങളുടേയും സംഖ്യ നോക്കുന്നതായാൽ കേരളം ഒരു ഭ്രാന്തശാലയാണെന്നും കേരളീയരെല്ലാം ഭ്രാന്തന്മാരാണെന്നും വിവേകാനന്ദ സ്വാമികൾ അഭിപ്രായപ്പെട്ടത് ശരിയല്ലെന്നു പറവാൻ അധികംപേർക്കും ധൈര്യമുണ്ടാവുന്നതല്ല—ഇങ്ങിനെയുള്ള കേരളംതന്നെയാണ് അദ്വൈതമതസ്ഥാപകനായ ആചാര്യസ്വാമികളുടെ ജന്മഭൂമിയെന്ന് പറയുമ്പോൾ ഈ രണ്ട് സംഗതികളും യോജിപ്പിക്കുവാൻ വിഷമവും കണ്ടേക്കാം—രണ്ടിലും വാസ്തവമുണ്ടെന്നു വരുമ്പോൾ കേരളീയരെപ്പററി മററുള്ളവർക്ക് അത്ഭുതമോ, അനുകമ്പയൊ ഏതാണ് അധികമുണ്ടാവുകയെന്ന് നിർണ്ണയിക്കാനും പ്രയാസമാണ്. മതവിഷയത്തിൽ അത്യുൽകൃഷ്ടമായ ചിന്തകളും അത്യന്തം അപരിഷ്കൃതമായ പ്രസ്ഥാനങ്ങളും ഒരുപോലെ ജനിച്ചുവള

ന്ന സ്ഥലമെന്ന ഒരു പ്രത്യേകത കേരളത്തിന്നുണ്ടെന്നുള്ള പരമാൎത്ഥം ആൎക്കും വിസമ്മതിക്കാൻ തരമില്ലാതെയാണിരിക്കുന്നത്. ഉദാഹരണങ്ങൾ എല്ലാവൎക്കും അറിയാവുന്നതാകയാൽ അവ എടുത്തുകാണിച്ചു ഈ കുറിപ്പ് നീട്ടേണമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. കേരളത്തിൽ മതം ഒരു "പട്ടമുളം"പോലെയാണിരിക്കുന്നത്. അതിൻെറ ആകൃതി നിൎണ്ണയിച്ച് അടിസ്ഥാനം കണ്ടുപിടിക്കുകയാണ് തൽക്കാലം അത്യാവശ്യമായിട്ടുള്ളത്. സമ്മേളനഭാരവാഹികൾ അനാവശ്യമായ വാദപ്രതിവാദങ്ങൾകൊണ്ട് സമയം കഴിക്കാതെ ഈ കേന്ദ്രസംഗതിയിൽ അവരുടെ ശ്രദ്ധ പതിപ്പിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു—സമ്മേളനം കഴിഞ്ഞതിന്നുശേഷം ഈ വിഷയത്തെപററി വിസ്തരിച്ച് പ്രതിപാദിക്കാമെന്നുകരുതി തൽക്കാലം ഇത്രമാത്രംകൊണ്ട് ഞങ്ങൾ വിരമിക്കട്ടെ—

---

പട്ടാമ്പിയിൽനിന്ന് ശ്രീമാൻ. യൻ. കുഞ്ഞിരാമപതിയാരുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിട്ടുള്ള "സമൃദ്ധി"യെന്ന മാസികയുടെ ഒന്നാംലക്കം ഞങ്ങൾ സന്തോഷപൂൎവ്വം കൈപ്പററിയിരിക്കുന്നു—സാമ്പത്തികാവസ്ഥയിൽ ഒരു കാലത്ത് മുന്നണിയിൽനിന്ന് കച്ചവടത്തിന്നും മററുമായി അന്യരാജ്യക്കാരെ ആകൎഷിച്ചിരുന്ന കേരളം ഇപ്പോൾ എത്രയും പരിതാപകരമായ ഒരു സ്ഥിതിയിലാണ് എന്നുള്ളത് എല്ലാവൎക്കും അറിയാവുന്ന കാൎയ്യമാണ്—ഈ ഘട്ടത്തിൽ നമ്മുടെ നാട്ടിൽ ഐശ്വൎയ്യം വൎദ്ധിപ്പിക്കാനുള്ള മാൎഗ്ഗങ്ങൾ ഉപദേശിക്കുവാനായി ആവിൎഭവിച്ചിട്ടുള്ള "സമൃദ്ധി"യെ കേരളീയരെല്ലാവരും ഹാൎദ്ദമായി സ്വാഗതം ചെയ്യുമെന്നാണ് ഞങ്ങളുടെ വിശ്വാസം—

ഈ പുതിയ സഹജീവിക്ക് ഞങ്ങൾ സൎവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

# വിമൎശവീഥി.

---

## "സൎവ്വദേശീയസഭ"

**ഗ്രന്ഥകൎത്താ ശ്രീമാൻ കെ. വി. ശങ്കരൻനായർ. M. A. വില 6അണ.**

എല്ലാ രാജ്യക്കാരും തമ്മിൽ സുസ്ഥിരമായ ഒരു മൈത്രി ഉണ്ടാക്കിതീൎക്കാനും ബലവാന്മാരുടെ അക്രമങ്ങളിൽനിന്ന് ബലഹീനന്മാരെ രക്ഷിക്കുവാനുമായി "ലീഗ്ഗ്ഓഫ്നേഷൻസ്" (സൎവ്വദേശീയസഭ) എന്ന ഒരു സ്ഥാപനം ലോകമഹായുദ്ധത്തിന്നുശേഷം യൂറോപ്പിൽ സ്ഥാപിച്ചിട്ടുണ്ടല്ലോ. അതിനെപററിയ വിവരങ്ങൾ ഇംഗ്ലീഷു അറിയാത്ത

വക്ക് മനസ്സിലാക്കിക്കൊടുക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി എഴുതീട്ടുള്ള ഒരു ചെറുപുസ്തകമാണു പ്രകൃതഗ്രന്ഥം.

ഭരണതന്ത്രങ്ങളെ ശാസ്ത്രീയരീതിയിൽ പ്രതിപാദിച്ച് അവയിലടങ്ങിയ തത്വങ്ങൾ ക്ഷോഭംകൂടാതെ വിവരിക്കുന്നതായ ഗ്രന്ഥങ്ങൾ ഭാഷയിൽ തുലോം ദുല്ലഭമാകയാൽ ഇത്തരം ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം എത്രയും ഉപകാരപ്രദമാണ്. അവസരോചിതമായ ഈ പ്രസിദ്ധീകരണത്തിൽ ഗ്രന്ഥകർത്താവു പ്രദർശിപ്പിച്ചിട്ടുള്ള ഔചിത്യബുദ്ധിയെ ഞങ്ങൾ അഭിനന്ദിക്കുന്നതോടുകൂടി മേലാൽ ഇത്തരം ഗ്രന്ഥങ്ങൾ എഴുതുവാനായി അദ്ദേഹത്തോടു അപേക്ഷിക്കുകയും ചെയ്യുന്നു. ഗ്രഹനമായ വിഷയം, ലളിതമായ ഭാഷയിൽ എഴുതുവാൻ ശ്രീമാൻ കേ. വി. ശങ്കരൻനായക്കുള്ള പാടവം ഒന്നു പ്രത്യേകമാണെന്നുള്ളതിലേക്ക് പ്രകൃതഗ്രന്ഥം ഒരു നല്ല ദൃഷ്ടാന്തമാണ്.

### "ജലചികിത്സ."

ഗ്രന്ഥകർത്താ M. R. മാധവവാരിയർ. B. A. L. L. B. കൊല്ലം. തിരുവിതാംകൂർ.

ലോകപ്രസിദ്ധനായ "ലൂയിക്കൂനേ" എന്ന ജർമ്മൻപണ്ഡിതൻ ആരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണ് ജലചികിത്സ, ഔഷധം സേവിച്ചാൽ ദേഹത്തിൽ "അന്യപദാർത്ഥം" വർദ്ധിക്കുമെന്നും, അതോടുകൂടി രോഗങ്ങൾ ഉത്ഭവിക്കുമെന്നും ഉള്ള സിദ്ധാന്തം ഒന്നാമതായി പുറപ്പെടുവിച്ചിട്ടുള്ള ലൂയീകൂനെ രോഗനിവാരണത്തിന്നായി, കണ്ടുപിടിച്ചിട്ടുള്ള ഒരു മാർഗ്ഗമാണ്, ജലചികിത്സ ഇതിൻെറ അനുഷ്ഠാനപദ്ധതികൾ പാടങ്ങളോടുകൂടി പ്രതിപാദിച്ചിട്ടുള്ള പ്രകൃതഗ്രന്ഥം കൂനിചികിത്സയിൽ വിശ്വാസമുള്ളവക്ക് ഏററവും ഉപകാരമുള്ളതാണ്. ഈ വിഷയം പ്രതിപാദിക്കുന്നതായി ആരോഗ്യകല്പദ്രുമം, ആരോഗ്യചന്ദ്രോദയം എന്നീ ചില ഗദ്യഗ്രന്ഥങ്ങൾ ഭാഷയിൽ ഇതിന്നു മുമ്പുതന്നെ ഉണ്ടായിട്ടുണ്ട്. ചികിത്സക്രമങ്ങൾ പാടത്തോടുകൂടി വിവരിച്ചതുകൊണ്ട് കായ്യം മനസ്സിലാക്കുവാൻ കുറച്ചുകൂടി അധികം സൌകര്യമുണ്ടെന്നുള്ളതാണ് മുൻപറഞ്ഞ ഗ്രന്ഥങ്ങളെ അപേക്ഷിച്ച് ഈ പുസ്തകത്തിനുള്ള മെച്ചം.

---

# വിജ്ഞാനസൌധം.

കേരളനായർ സർവീസ്സൊസൈററി:—ടി സംഘത്തിൻെറ വാഷികസമ്മേളനം എപ്രിൽ 30-ാംനു-യും മെയി 1-ാംനു-യും കരുവററയിൽവെച്ചു കൂടുന്നതും, അതിൽ ശ്രീമാൻ ചെങ്കളത്തു ഗോപാലമേ

നോൻ M. L. C. മദ്രാസ്സ്. അദ്ധ്യക്ഷൻ വഹിക്കുന്നതും ആണെന്നു അറിയുന്നു.

2. തിരുവിതാംകൂർ ദിവാൻ:—മി. എം. ഇ. വാട്ട്സിൻെറ ഉദ്യോഗകാലാവധി അടുത്ത് അവസാനിക്കുന്നതാകയാൽ ആ ഒഴിവിലേക്ക് തിരുവിതാംകൂറിലെ ജഡ്ജി മി. വി എസ്സ്. സുബ്രഹ്മണ്യയ്യരെ നിയമിച്ചിരിക്കുന്നതായി അറിയുന്നു.

3. പുതിയ മദിരാശിഗവർണ്ണർ:—മദിരാശിഗവർണ്ണരായ വൈക്കൌണ്ട് ഗോഷൻ മെയിമാസം അവസാനത്തോടുകൂടി ഉദ്യോഗത്തിൽനിന്നു പിരിയുന്നതായും ആ ഒഴിവിലേക്ക് ഡർബിപ്രഭുവിൻെറ സഹോദരനായ Col. Lieut the Right Hone George Frederick Stanley P. C. C. M. G. യെ നിയമിച്ചിരിക്കുന്നതായും അറിയുന്നു. ഇദ്ദേഹം 1910 മുതൽ യാഥാസ്ഥിക കക്ഷിയുടെ പ്രതിനിധിയായി പാർളിമെൻെറിലെ ഒരംഗമാണ്. ഇദ്ദേഹത്തിനെ പ്രിവികൌൺസിലരായി നിയമിച്ചതു 1927ലാണ്.

## "വിവാഹം ചെയ്യാത്ത സ്ത്രീകൾക്ക് ഒരുപദേശം."

### (മിസിസ്സ് പെൻറോസ്സ് ഫ്രൈ)

### I

തെററിധാരണയോടുകൂടീട്ടുള്ള വിവാഹം ശുദ്ധിചെയ്യുന്ന സ്ഥലമാണെങ്കിൽ തെററിധാരണയോടുകൂടീട്ടുള്ള ബ്രഹ്മചര്യം നരകമാണ് എന്ന് റോബട്ട്എക്ക്ബെൻസൺ ഒരിക്കൽ പറകയുണ്ടായിട്ടുണ്ട്. എനിക്ക് വിവാഹം ചെയ്യണമെന്നു തോന്നുന്നില്ല. ഇങ്ങിനെ ഇരിക്കുന്നതുതന്നെയാണ് അധികം സുഖം എന്നുപറയുന്ന എല്ലാ സ്ത്രീകളും ബെൻസൻെറ വാക്കുകൾ ഗാഢമായി ആലോചിക്കേണ്ടതാണ്. എൻെറ അഭിപ്രായത്തിൽ അതു എത്രയോ ശരിയായിട്ടുള്ളതാണ്. അവയുടെ പരമാൎത്ഥം സമയം അതിക്രമിക്കുന്നതിന്നുമുമ്പായി പറയാതിരുന്നാൽ അതുതന്നെ ഒരനൎത്ഥമായി പരിണമിക്കുന്നതാണ്. വിവാഹം കൊണ്ടുള്ള കഷ്ടപ്പാടുകളെപ്പററി പലതും എഴുതീട്ടുണ്ട്. ബ്രഹ്മചര്യം കൊണ്ടുള്ള സങ്കടങ്ങളെ പററി അധികം ആരും എഴുതീട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു ഭാൎയ്യയുടെ നിലയിൽ ജീവിതത്തിൽ പരാജയം വരികഎന്നുള്ളതു് ഒരു കന്യകയായി ആശാഭഗ്നയാകുന്നതിനേക്കാൾ എത്രയോ ഭേദമാണ്. രണ്ടാമതു പറഞ്ഞതിന്നു അധികം എളുപ്പവുമുണ്ടു. 50 കൊല്ലത്തിന്നുമുമ്പ് കന്യകമാൎക്കുണ്ടായിരുന്ന അവസ്ഥയിൽനിന്നു എത്രയോ വ്യത്യാസപ്പെട്ട ഒരു നിലയാണ് ഇപ്പോൾ അവൎക്കു ഉള്ളതു. വിവാഹം ചെയ്യാതിരുന്നാൽ മാതാപിതാക്കൻമാരുടെ മരണത്തോടുകൂടി കേവലം ശൂന്യമായ ഒരു ജീവിതത്തിൽ ചാടുന്ന കന്യകമാരുടെ എണ്ണം കുറച്ചൊന്നുമല്ല.

ഉദ്യോഗമൊ സുഖമൊ:—കന്യകമാക്ക് ഇപ്പോഠം പലജോലിയിലും പ്രവേശിക്കാമെങ്കിലും—സാമ്പത്തികമായ സ്വാതന്ത്ര്യം അവക്കുണ്ടാകുമെങ്കിലും—വിവാഹം ചെയ്ത സ്ത്രീയെപ്പോലെ സ്വതന്ത്രമായി സഞ്ചരിക്കാമെങ്കിലും—പ്രകൃത്യാ ഉള്ള അവസ്ഥകഠംക്ക് അന്നും ഇന്നും വ്യത്യാസമില്ല. ഒരു സാധാരണ സ്ത്രീക്ക് ഭത്താവും കുട്ടികളും ഉള്ളപ്പോഴത്തെപോലെ അവ ഇല്ലാതിരിക്കുമ്പോഠം സുഖമുണ്ടാകുമെന്നു തോന്നുന്നില്ല.

കന്യാമഠങ്ങളിലുള്ള സ്ത്രീകളെപററിയൊ സമുദായകാര്യ്യങ്ങളിൽ പരിശ്രമിക്കുന്ന സ്ത്രീകളെപററിയൊ അല്ല ഞാൻ പറയുന്നതു. അവർ ചെയ്യുന്ന പ്രവൃത്തികഠം വിവാഹം ചെയ്ത സ്ത്രീകഠംക്ക് ചെയ്യാനും സാധിക്കുന്നതല്ല. വിവാഹം ചെയ്താൽ അവരുടെ പ്രവൃത്തിയൊ, കലാവൈഭവങ്ങളൊ നശിച്ചുപോകുമെന്നു പറയുന്ന സ്ത്രീകളെക്കുറിച്ചാണ് ഞാൻ പ്രസ്ഥാപിക്കുന്നത്. സുഖപൂണ്ണമായ ഒരു സാധാരണ കുഡുംബജീവിതത്തോട്ട് കിടപിടിക്കുന്നതായ പ്രവൃത്തിയൊ, കലാപോഷണമൊ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങിനെ പറയുന്നവരെല്ലാം അസാധാരണവൈഭവത്തോടുകൂടിയവരായി കാണുന്നതുമില്ല.

കന്യകമാരോട്ട് എനിക്കുള്ള ഉപദേശം ഇതാണ്. നിങ്ങഠം ഒരുവിധത്തിൽ തരമുണ്ടെങ്കിൽ ഏകജീവിതത്തോടുകൂടിയവരായി ഇരിക്കരുത്. കന്യകമാരായി ഇരിക്കേണ്ടതിന്നു നിങ്ങളെ പ്രേരിപ്പിക്കുന്ന കാരണങ്ങഠം എന്താണെന്നു നിങ്ങഠം സൂക്ഷ്മമായി ആലോചിച്ചുനോക്കണം. അവ ശരിയായ കാരണങ്ങഠംതന്നെയാണൊ? നിങ്ങഠം സ്വീകരിച്ചിട്ടുള്ള പ്രവൃത്തി അത്രത്തോളം പ്രാധാന്യമുള്ളതാണൊ? നിങ്ങളുടെ സ്വാതന്ത്ര്യം അത്രത്തോളം വിലവെക്കത്തക്കതാണൊ? വിവാഹംചെയ്ത സ്ത്രീയേക്കാഠം കന്യകക്ക് സുഖംകൂടുമെന്നു പുറമെ തോന്നുമായിരിക്കാം. എന്നാൽ കാര്യ്യത്തോടു അടുത്തുനോക്കുമ്പോഠം—ദാരിദ്ര്യത്തിൻെറ അതൃത്തിയിൽ എത്തുമ്പോഠം—ഇതിൻെറ പരമാത്ഥം വെളിവാകുന്നതാണ്.

സ്വാത്ഥ്യയായ കന്നിക:–പല ചോദ്യങ്ങളും ചിലപ്പോഠം നിങ്ങളോടു ചോദിക്കേണ്ടതായിവന്നേക്കാം. നിങ്ങളിൽ അനുരാഗമുണ്ടായിരുന്ന പുരുഷൻ നിങ്ങഠം വിവാഹംചെയ്കയില്ലെന്നു തീച്ചപ്പെടുത്തിയതോടുകൂടി സന്തോഷിക്കുന്നുണ്ടൊ എന്നു നിങ്ങളോടുതന്നെ ചോദിക്കുക. അതല്ല വിവാഹംകൊണ്ടുള്ള സുഖസന്തോഷങ്ങഠം നിങ്ങഠംക്ക് തരുവാൻ സാധിക്കുന്നതുകൊണ്ടു് അവൻ വ്യസനിക്കുന്നുണ്ടൊ എന്നു നോക്കുക. അവൻ ശരിയായി സ്നേഹിക്കുന്നുണ്ടെങ്കിൽ അവൻെറ പ്രധാനമായ ആഗ്രഹം അവനോടുകൂടിയല്ലെങ്കിൽ മററാരാളോടുകൂടിയിട്ടെങ്കിലും നിങ്ങഠം സുഖിച്ചിരിക്കട്ടെ എന്നായിരിക്കും. ഞാൻ പരപുച്ഛത്തോടുകൂടി പറകയല്ല. ഇത്തരത്തിലുള്ള അനുരാഗങ്ങഠം അനിയന്ത്രിതമായ വെറും ശൃംഗാരവാസനയാണെന്നും പലരുടെ അനുരാഗത്തിന്നും നിങ്ങഠം പാ

ത്രമായിത്തീരുന്നുണ്ടെന്നു കരുതുന്നതായാലും ബുദ്ധിയുള്ളവർ നിങ്ങളെ വെറുക്കുകയാണ് ചെയ്യുന്നത്.

ചിലപ്പോൾ ചില സ്ത്രീകൾ "എനിക്കു ചെറുപ്പമാണ്. എനിക്കു എല്ലാവരുടെയിടയിലും ഒരു പേരുണ്ട്. എനിക്ക് എപ്പോഴെങ്കിലും വിവാഹംചെയ്യാം. കുറെ കഴിഞ്ഞിട്ടു വിവാഹംചെയ്താൽ മതി. ഇപ്പോൾതന്നെ കുഡുംബജീവിതത്തിൽ ഏൎപ്പെടേണ്ട" എന്നെല്ലാം വിചാരിക്കാറുണ്ട്. പക്ഷെ അങ്ങിനെയുള്ള സ്ത്രീകൾ അവരെ ഭ്രമിക്കുന്നവരുടെ സംഖ്യ ക്രമേണ കുറഞ്ഞുവരുമെന്ന് അപ്പോൾ സംശയിക്കുന്നില്ല.

അവൾക്കു അതിലും വലുതായ ഒരു കാൎയ്യം നേരിടുന്നുണ്ട്. അതായത് മററുള്ളവരെ സന്തോഷിപ്പിപ്പാനൊ, ആകൎഷിപ്പാനൊ ഉള്ള ശക്തി അവൾക്കു കുറഞ്ഞുവരുന്നതു. വിവാഹംചെയ്യാത്ത പല സ്ത്രീകൾക്കും ചില പ്രത്യേകസ്വഭാവങ്ങളും നടവടിയും വന്നുചേരാറുണ്ട്. വിവാഹംചെയ്യുന്നതായാൽ അതെല്ലാം ത്യജിക്കേണ്ടതായും വന്നേക്കാം. അവൾക്കു വിവാഹംചെയ്ത പുരുഷന്മാരോട് അധികം സാമ്യമുണ്ടായിവന്നേക്കാം. അതായതു, ലോകത്തിൽവെച്ച് അവർ അത്യന്തം സ്വാൎത്ഥികളായിത്തീരുന്നതാണ്.

"The Justice"

# അന്യസഹജീവികൾ.

## "വിളവ് ഇരട്ടിപ്പാൻ സാധിക്കുമോ?"

### നിലക്കടലയിൽ ഒരു പരീക്ഷ.

നിലക്കടലകൃഷി കിഴക്കൻജില്ലകളിലാണ് അധികമായിട്ടുള്ളതു്. മലബാറിൽ പാലക്കാട്ടുതാലൂക്കിലും ഉണ്ട്. കഴിഞ്ഞ 20കൊല്ലങ്ങളായിട്ടാകുന്നു ഈ കൃഷിക്ക് വൎദ്ധനയുണ്ടായിട്ടുള്ളതു്. ഈ കാലത്തിനുള്ളിൽ മുമ്പുണ്ടായിരുന്നതിനെക്കാൾ 30തിലധികം ഇരട്ടി കൃഷിസ്ഥലം ഉണ്ടായിട്ടുണ്ട്. 1926—27 ഈ കൊല്ലത്തിൽ ഈ സംസ്ഥാനത്തിൽ 27 ലക്ഷം ഏക്ര സ്ഥലത്ത് നിലക്കടലകൃഷിയുണ്ടായിരുന്നുവെന്നു കാണുന്നു.

വടക്കൻ ആക്കാട് ജില്ലയിൽ ഈ കൃഷി പടൎന്നുപിടിച്ച് ഭക്ഷണസാധനങ്ങൾ ഉണ്ടാക്കിയിരുന്ന സ്ഥലങ്ങളിൽകൂടി ഈ കൃഷി അധികം ആദായകരമാണെന്നുവിചാരിച്ച് ചെയ്തുതുടങ്ങിയിരിക്കുന്നു. മററു വിധത്തിൽ ആദായമുണ്ടെങ്കിലും ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്ന സ്ഥലങ്ങളെ അതിക്രമിച്ച് കൈവശപ്പെടുത്തുന്നത് കാലംകൊണ്ടെങ്കിലും വലിയ ദോഷകരമായിത്തീരാതിരിക്കയില്ല. അതുകൊണ്ട് ഈ കൃഷിചെ

യ്യുന്ന വിസ്തീർണ്ണം ചുരുക്കി വിളവ് വർദ്ധിപ്പിപ്പാൻ സാധിക്കുമോ എന്ന് അവിടെ ഒരു പരീക്ഷനടത്തി. അതു നടത്തിയത് സ്ഥലത്ത് പുതുതായി സ്ഥാപിച്ച ഒരു കൃഷിസംഘമായിരുന്നു. ആ സംഘം നിലക്കടലധാരാളമായി കൃഷിചെയ്യുന്ന മററുരാജ്യങ്ങളിലെ കൃഷിസമ്പ്രദായത്തെക്കുറിച്ചുള്ള വിവരം സമ്പാദിച്ചു. റഷ്യരാജ്യത്ത് തുടങ്ങിയ ഒരു സമ്പ്രദായം അതിൻെറ ഗുണംകൊണ്ട് യൂറോപ്പിലെ മററു പല രാജ്യങ്ങളിലും അതിവേഗത്തിൽ നടപ്പായിയെന്ന് അവർ മനസ്സിലാക്കി. ഉഴുത് സമനിരപ്പാക്കിയ ഭൂമിയിൽ വിതക്കുകയാകുന്നു ഇവിടെയുള്ള പതിവ്. ഏരിമാടി കൃഷിചെയ്യുന്നതാകുന്നു റഷ്യയിലെ സമ്പ്രദായം. ആ സമ്പ്രദായം ഇവിടെയും ഏർപ്പെടുത്തുവാൻ ആരംഭിച്ചപ്പോൾ പല കൃഷിക്കാരും അതിന്ന് വളരെ തടസ്ഥംപറഞ്ഞു. കൃഷിക്ക് ഏർപ്പെടുത്തിയ കൂലിക്കാർപോലും ആദ്യത്തിൽ ഏരിമാടുവാൻ കൂട്ടാക്കാതെ ഇരുന്നു. ഒരുവിധത്തിൽ അവരെ സമാധാനിപ്പിച്ച് സംഘം ഉദ്ദേശിച്ചവിധം പ്രവൃത്തി കഴിച്ചു. ആ സ്ഥലത്ത് പഴയരീതിയിൽ വിതച്ചിരുന്നാൽ എത്ര വിത്ത് വേണ്ടിവരുമൊ അതിൻെറ നാലിൽ ഒരുഭാഗം വിത്ത് മാത്രമെ ഏരികളിൽ ഇടേണ്ടിവരുന്നുള്ളു. പിന്നീട് അതു നനക്കുവാൻ മുമ്പ് വേണ്ടിയിരുന്നതിൽവെച്ച് വളരെ കുറച്ചുമാത്രമെ വെള്ളവും വേണ്ടിവന്നുള്ളു. വിത്തുകൾ മുളച്ച് നല്ല ചെടികളായി വായ്ച്ചുവന്നു. അത്രയും വായ്പുകണ്ടപ്പോൾ വിളവ് ചുരുങ്ങിപ്പോകുമെന്ന് അതു കാണ്മാൻവന്നിരുന്ന കൃഷി ഡയറക്ടർ, ഡിപ് ടിഡയറക്ടർ മുതലായ വലിയ ഉദ്യോഗസ്ഥന്മാർപോലും സംശയിച്ചു. എന്നാൽ വിളയെടുത്തുനോക്കിയപ്പോൾ എല്ലാവക്കും ആശ്ചര്യമായി. സാധാരണയായി അത്ര വിസ്തീർണ്ണം സ്ഥലത്ത് നന്നായി വിളയുന്നപക്ഷം ഇരുപതു കലം വിത്തുണ്ടാകും (ഒരു കലം 36 മദിരാശിപടിയാകുന്നു) അവിടെ യഥാത്ഥത്തിൽ ഉണ്ടായതു 52 കലമായിരുന്നു. സാധാരണ ഒരു ചെടിയിൽ 12 കായയാണ് ഉണ്ടാവുന്നത്. അതു നനയില്ലാത്തതിനാലാണ്. ഈ കൃഷിയിൽ 165 കായവരെ ഉണ്ടായതായി കണ്ടു. ഇതു മററു കൃഷിക്കാക്കും പരീക്ഷിക്കാവുന്നതല്ലെ?

ഏരിയിലെ നടുമദ്ധ്യത്തിൽ ഓരോ അടി അകലത്തായിട്ടു വിത്തിടണം. നടുന്നവരുടെ നോട്ടക്കുറവുകൊണ്ട് ചില വിത്തുകൾ ഏരിയുടെ അരികുകളിൽ വീണുപോയിരുന്നു. മദ്ധ്യത്തിൽ മുളച്ചുവളന്ന ചെടികളും അരുകിൽ മുളച്ചുവളന്ന ചെടികളുംതമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നു. അരുകിലുണ്ടായ ചെടികളിൽ ഒന്നിനും 75ലധികം കായയുണ്ടായില്ല. നടുചെടികളിൽ 165വരെ ഉണ്ടായി. ഇതിന്നുള്ള കാരണവും പറയാം. നടുചെടികളുടെ വേരുകൾ നാലുഭാഗത്തേക്കും പ്രയാസംകൂടാതെ പാഞ്ഞ് എല്ലാഭാഗത്തുനിന്നും പോഷകാംശങ്ങളെ വ

ലിച്ചെട്ടപ്പാൻ അവക്ക് സാധിച്ചിരുന്നു. വേരുകൾ നാലുപാടും ഒരുപോലെ പടന്ന് ഉറച്ചിരുന്നതുകൊണ്ടു ചെടികൾക്ക് നിവൎന്നുനില്പാനും സാധിച്ചിരുന്നു. ഒരുവശത്തുണ്ടായ ചെടികളുടെ വേരുകൾക്കാവട്ടെ അത്ര സ്വാതന്ത്ര്യമൊ ബലമൊ വളൎച്ചയൊ എല്ലാഭാഗത്തും കിട്ടിയില്ല. അവയുടെ വേരോട്ടം കുറഞ്ഞും ചില ഭാഗങ്ങളിലെ വേരുകൾക്ക് പടൎപ്പും ബലവും ചുരുങ്ങിയത്കൊണ്ടു് ചെടികൾ ചാഞ്ഞ് നിലത്ത്കിടക്കേണ്ടതായും വന്നു.

സമനിലത്ത് വിതച്ച് ഉണ്ടായ ചെടിയുടേയും ഏരിമാടി അതിൻെറ നടുമദ്ധ്യത്തിലും ചരുവിലും ഉണ്ടായ ചെടികളുടേയും ഛായ (ഫോട്ടൊ) എടുത്ത് ഹിന്ദുപത്രത്തിൻെറ 1928ലെ വാൎഷികപ്രതിയിൽ കൊടുത്തിട്ടുണ്ടു്. അത് നോക്കികാണുന്നത് രസകരമായിരിക്കും. ആ വക ചിത്രങ്ങൾ സമൃദ്ധിയിൽചേൎപ്പാൻ ശ്രമിക്കുന്നുണ്ടു്. "സമൃദ്ധി"

"ഹിന്ദുമതം" (തുടൎച്ച)

ഇവിടെ ഒരു കാൎയ്യം എനിക്കു പറയേണ്ടതുണ്ടു്. 'മതം' എന്നാൽ അനുഭൂതിയാണെന്നും ഏതാനും ചില വാക്കുകളിലുള്ള വിശ്വാസമോ ചില ചടങ്ങുകളുടെ അനുഷ്ഠാനമോ അല്ലെന്നും ആണ് ഹിന്ദുക്കളുടെ ആചാൎയ്യന്മാരും മതഗ്രന്ഥങ്ങളും ഉപദേശിയ്ക്കുന്നതു. 'ആത്മാ വാ അരേദ്രഷ്ടവ്യ' ആത്മാവിനെ കാണേണ്ടതാണ് എന്നു വേദം പറയുന്നു. "തദ്വിഷ്ണോഃപരമംപദം സദാപശ്യന്തിസൂരയഃ" എന്നും ഘോഷിയ്ക്കുന്നു. മതത്തിന്നു മൂന്നു വേലികളുണ്ടു്. ചടങ്ങുകൾ, ഇതിഹാസങ്ങൾ, തത്വശാസ്ത്രം. എന്നാൽ ഇവ മൂന്നും വേലികൾ മാത്രം. വേലികൾ ചെടിയല്ല; ചെടിയുടെ സംരക്ഷണത്തിന്നുള്ള ഉപകരണങ്ങൾ മാത്രം. ചെടി അനുഭൂതിയാണ്. ഏതെല്ലാം ഇതിഹാസങ്ങളിൽ വിശ്വസിച്ചാലും എത്ര ചടങ്ങുകൾ അനുഷ്ഠിച്ചാലും തത്വശാസ്ത്രസിദ്ധാന്തങ്ങളിൽ എത്രമാത്രം വിദഗ്ദ്ധനായിരുന്നാലും ഒരുവൻ ആത്മാനുഭൂതിയുടെ പടികളിൽക്കൂടി മുന്നോട്ടുകയറുന്നതുവരെ ഒരുവനെ ഹിന്ദുക്കൾ "മതമില്ലാത്തവൻ" എന്നുമാത്രമല്ല "മിഥ്യാചാരൻ" എന്നുകൂടി പറയുന്നു. നേരെമറിച്ച് ഇവയൊന്നുമില്ലെങ്കിലും അനുഭൂതിയുള്ളവനെ 'ഋഷി' 'മുനി' യോഗി' എന്നു ഘോഷിക്കുന്നു. അനേകായിരം മഹൎഷീശ്വരന്മാരുടെ അനുഭവങ്ങളേയും അനുഭവലബ്ധ്യുപായങ്ങളേയും രേഖപ്പെടുത്തി ഉള്ളിൽ അടക്കിവെച്ചിരിയ്ക്കുന്നതുകൊണ്ടാണു വേദത്തിന്നു വൈശിഷ്ട്യം. ഒന്നിലും കണ്ണടച്ചു വിശ്വസിക്കാനല്ല വേദത്തിൻെറ ഉപദേശം. "എന്നെ പരീക്ഷിയ്ക്കുക. ആയിരം പേർ പരീക്ഷിയ്ക്കട്ടെ. പറഞ്ഞിട്ടുള്ളതനുസരിച്ച് അഭ്യാസം ചെയ്താൽ ഫലിച്ചില്ലെങ്കിൽ എന്നെ ദൂരെ എറിഞ്ഞുകളയുക. അതിന് എനിയ്ക്കു സമ്മതംതന്നെ"

എന്നാണ് വേദത്തിൻെറ ഘോഷം. അനുഭവത്തിന്നു വിരുദ്ധമെങ്കിൽ വേദത്തിന്നുകൂടി പ്രാമാണ്യത കല്പിയ്ക്കേണ്ടതില്ല. എന്നു ശ്രീ ശങ്കരൻ പറയുന്നു. "നഹിശ്രുതി ശതമപി ശീതോഗ്നിരപ്രകാശോവേതി ബ്രുയാൽ പ്രാമാണ്യമുപൈതി" പക്ഷെ ഒരാൾ ഒരിടത്തുവച്ചു വേണ്ടതുപോലെ പരീക്ഷിയ്ക്കാത്തതുകൊണ്ട് ഫലം കണ്ടില്ല എന്നുള്ളതു വേദത്തിൻെറ അപ്രാമാണ്യതയ്ക്കു ഹേതുവല്ല.

ഇങ്ങിനെ മനുഷ്യന്നു ഐഹികവും പാരത്രികവുമായ സകലശ്രേയസ്സിന്നും (അഭ്യുദയത്തിന്നും നിഃശ്രേയസത്തിന്നും) ഹേതുവായ ധർമ്മത്തെ ഉപദേശിയ്ക്കുന്നവയും അനുഭവപ്രധാനങ്ങളും ആയ വേദങ്ങളുടെ സാരമായ ഉപനിഷത്ത് അഥവാ വേദാന്തം എന്താണ് ഉപദേശിയ്ക്കുന്നതു്? ഉപനിഷത്തുകളുടെ ഉപദേശസാരം—ഹിന്ദുമതസാരം മുണ്ഡകോപനിഷത്തിലെ ഒരു മന്ത്രത്തിൽ അടങ്ങിയിരിയ്ക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നു. ആ മന്ത്രം ഇതാണ്—

"സത്യേനലഭ്യസ്തപസാഹ്യേഷആത്മാ
സമ്യശ്ജ്ഞാനേന ബ്രഹ്മചര്യേണനിത്യം
അന്തഃശരീരെജ്യോതിർമ്മയോ ഹി ശുഭ്രോ
യം പശ്യന്തി യതയഃ ക്ഷീണദോഷാഃ".

മതത്തിൻെറ ലക്ഷ്യം 'യം പശ്യന്തി' എന്നു വാക്യത്തിൽ അടങ്ങിയിരിയ്ക്കുന്നു. യാതൊരുവനെ കാണുകയാണ് ലക്ഷ്യം. 'കാണുക' എന്ന വാക്കിന്നു പ്രത്യേകം പ്രാധാന്യതയുണ്ട്. കരതലാമലകംപോലെ ബ്രഹ്മത്തെ കാണുന്നുവെന്നു ഹിന്ദുക്കൾ പറയുന്നു. കേൾക്കുകയല്ല; വിശ്വസിക്കയല്ല; മരണാനന്തരം മറെറാരു ലോകത്തുചെന്നു കാണുകയുമല്ല. 'അത്ര ബ്രഹ്മസമശ്നുതെ' ഇവിടെ ഈ ശരീരത്തോടുകൂടിയിരിക്കുമ്പോൾ—അഥവാ ഈ ശരീരത്തിലിരിക്കുമ്പോൾതന്നെ—കാണുകയാണ്. ഈശ്വരനെ കാണാൻ സാധിയ്ക്കും എന്നാണ് ഹൈന്ദവസിദ്ധാന്തം. "They shall see god" എന്നു ക്രിസ്തു പറഞ്ഞതും ഈ അർത്ഥത്തിൽതന്നെയാണെന്നു ഹിന്ദുക്കൾ വിചാരിയ്ക്കുന്നു. ആയിരം ഋഷിമാരും സിദ്ധന്മാരും ഭക്തന്മാരും ഈശ്വരനെ ദർശിച്ചിരിയ്ക്കുന്നുവെന്നു ഹൈന്ദവപുരാണങ്ങളും ഇതിഹാസങ്ങളും ഘോഷിയ്ക്കുന്നു. ഇങ്ങിനെ ഈശ്വരദർശനം സിദ്ധിച്ചവരെ ജീവന്മുക്തന്മാർ എന്നു പറയുന്നു.

ഈ ജീവന്മുക്തപദം പ്രാപിയ്ക്കാനുള്ള വഴി എന്തു? "യതയഃ ക്ഷീണദോഷാഃ" ദോഷങ്ങൾ—മനോമാലിന്യങ്ങൾ ഇല്ലാത്തവരും മനസ്സ് അടങ്ങിയവർ, ചിത്തവൃത്തികൾ അടങ്ങിയവരും ആകണം. മനസ്സിന്നു വിഷയാഭിമുഖമായ പ്രവാഹംനിമിത്തം രാഗദ്വേഷാദി ദുർവ്വാസനകൾ വന്നു ബാധിയ്ക്കുന്നുവെന്നും ഈ മലങ്ങളാണ് ഈശ്വരസാ

ക്ഷമാൽകാരത്തിന്ന പ്രതിബന്ധമായി നില്ക്കുന്നതെന്നും ഹിന്ദുക്കൾ പറയുന്നു. ഈശ്വരൻ പക്ഷപാതിയല്ല; അദ്ദേഹത്തിന്നു ആരേയും പ്രത്യേകമായി അനുഗ്രഹിക്കണമെന്നോ നിഗ്രഹിക്കണമെന്നോ ഇല്ല. "നമദ്വേഷ്യോസ്തിനപ്രിയഃ" അദ്ദേഹം കല്പവൃക്ഷംപോലേയും കാമധേനുവേപ്പോലെയും ആണ്. ആരുതന്നെ ആശ്രയിക്കുന്നുവോ അവരെ അനുഗ്രഹിയ്ക്കുന്നു. ആരു് അനന്യഭാവേന അദ്ദേഹത്തെ ആശ്രയിയ്ക്കുന്നുവോ അവന്നു താൻ ദൃശ്യനായി അനുഗ്രഹം നൽകുന്നു. അദ്ദേഹം ഏകൻ. 'ജ്യോതിർമ്മയൻ' 'ശുഭ്രൻ' അതായതു് കളങ്കമില്ലാത്തവൻ. വികാരങ്ങളില്ലാത്തവൻ. ഭക്തന്മാരുടെ ധ്യാനത്തിൻെറ ദാർഢ്യത്തിൽ പല നാമരൂപങ്ങൾ വഴിയായി പ്രകാശിയ്ക്കുന്നവൻ. അദ്ദേഹം എവിടെ ഇരിയ്ക്കുന്നു? ആകാശത്തിൻെറ മേൽത്തട്ടിലല്ല; പാലാഴിയിൽ മാത്രമല്ല; അന്തഃശരീരെ സകലത്തിൻെറയും ഉള്ളിൽ. ഉള്ളിൽ മാത്രമോ?

'തദന്തരസ്യസർവ്വസ്യ തദുസർവ്വസ്യാസ്യബാഹ്യത'

അതു ഇതിൻെറ എല്ലാററിൻേറയും ഉള്ളിലും ഇതിൻെറ എല്ലാററിൻെറയും പുറത്തും. എന്തെന്നാൽ ഉള്ള് എന്നും പുറമെന്നും പറയുന്നതു് യുക്തിപൂർവ്വം ആലോചിച്ചാൽ കേവലം വ്യാവഹാരികമാണെന്നു കാണാം. അതിനാലാണ് ശ്രുതി 'ഉള്ളിലും പുറമേയും ഇടയ്ക്കും' എന്നുവേണ്ട 'എല്ലാം' ആയിരിയ്ക്കുന്നതെന്ന അർത്ഥത്തെ ഏകദേശംകൊണ്ടു പ്രകാശിപ്പിച്ചിട്ടുള്ളതു. 'യസ്മിൻസർവ്വാണിഭൂതാനി വിജാനതഃ' ഇങ്ങിനെയിരിയ്ക്കുന്ന ഈശ്വരനെതന്നെ ആത്മാവെന്നു പറയുന്നു. "യശ്ചാസ്മിൻപുരുഷെയശ്ചാസാവാദിത്യെസഏകഃ" "യോസാവസൌപുരുഷഃ സോഹമസ്മി" "യസ്മിൻസർവ്വാണിഭൂതാനി ആത്മൈവാഭൂദ്വിജാനതഃ" എന്നീ മന്ത്രങ്ങളെല്ലാം ഈ അർത്ഥത്തെ പ്രകാശിപ്പിക്കുന്നു.

എന്നാൽ യതികളും ക്ഷീണദോഷന്മാരും ആകുന്നതിനുള്ള വഴിയെന്തു? ഇവിടെയാണ' ഹിന്ദുമതത്തിൻെറ സന്മാർഗ്ഗനിയമം (ethics) അടങ്ങിയിരിക്കുന്നതു്. സത്യം, തപസ്സ്, സമ്യഗ്ജ്ഞാനം അഥവാ വിവേകവിചാരം നിത്യബ്രഹ്മചര്യം എന്നിവയുടെ അനുഷ്ഠാനമാണു മാർഗ്ഗം. സത്യത്തെപ്പററി ഹിന്ദുക്കളോളം നിഷ്കർഷിച്ചിട്ടുള്ളവർ ലോകചരിത്രത്തിൽ മറെറങ്ങും ഉണ്ടായിരിക്കയില്ല. ഹരിശ്ചന്ദ്രൻെറ കഥ മനഃപാഠത്തിന്നുപോലും ലക്ഷ്യമാക്കിയിട്ടുള്ള മറേറതെങ്കിലും വർഗ്ഗക്കാർ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. സത്യംകൊണ്ടാണു ദേവന്മാർ ദേവത്വം പ്രാപിച്ചതെന്നു കാണിക്കുന്ന

"ഋതേനമിത്രാവരുണാവൃതാവൃധാവൃതസ്പൃശൌക്രതും ബൃഹന്തമാശാഥെ" എന്ന മന്ത്രം ഋഗ്വേദത്തിലെ ഏററവും പുരാതനമന്ത്രങ്ങളിൽ ഒന്നാണ്.

"സത്യമേവജയതേനാനൃതം. സത്യേനപന്ഥാവിതതോദേവയാനഃ" എന്ന മന്ത്രവും വേദോക്തമാണ്.

ഈശ്വരനെ 'സത്യസ്വരൂപൻ' എന്നു അനാദികാലംമുതൽ സങ്കല്പിച്ചിട്ടുള്ളതും സത്യത്തിനുവേണ്ടി സിംഹാസനത്തേയും ഭാൎയ്യാപുത്രാദികളേയും ഉപേക്ഷിച്ച രാജാക്കന്മാരെ അനേകമായി സൃഷ്ടിച്ചിട്ടുള്ളതും ഹിന്ദുധൎമ്മമാണ്. ഹിന്ദുക്കളുടെ സത്യനിഷ്ഠയിലുള്ള പ്രതിപത്തി എത്രമാത്രമെന്ന് വിദേശീയർകൂടി പ്രശംസിച്ചിട്ടുള്ളതിന്റെ ഏകദേശജ്ഞാനമെങ്കിലും Professor മാക്സ്മുള്ളർ എഴുതീട്ടുള്ള 'What can India teaches' എന്ന പുസ്തകത്തിലെ Truthfulness of the Hindus' എന്ന ഉപന്യാസം വായിച്ചാലറിയാം. സത്യത്തിലാണ് ലോകം മുഴുവൻ സ്ഥിതിചെയ്യുന്നതെന്നും സത്യമാണ് സകല യജ്ഞങ്ങളേക്കാളും മററു പുണ്യകൎമ്മങ്ങളേക്കാളും ശ്രേഷ്ഠമെന്നും ഹൈന്ദവപുരാണങ്ങൾ ഘോഷിക്കുന്നു. ഋഷിമാരുടെ ഋഷിത്വവും സത്യവചസ്ത്വത്തെ ആണ് ആശ്രയിക്കുന്നത്. ഇങ്ങിനെയുള്ള സത്യത്തിലെ നിഷ്ഠയാണ് ഒന്നാമത്തെ അഭ്യാസം.

രണ്ടാമത് തപസ്സ്—തപസ്സ് എന്നാൽ മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും ഏകാഗ്രത. "മനസശ്ചേന്ദ്രിയാണാംച ഹ്യൈകാഗ്ര്യം പരമംതപഃ" എന്നു സ്വശരീരത്തെ ശോഷിപ്പിയ്ക്കുന്നകൃഛ്ര ചാന്ദ്രായണാദിയല്ല തപസ്സ് എന്നു ശ്രീശങ്കരൻ പറയുന്നു. അധികം ഉണ്ണുകയൊ ഉണ്ണാതിരിക്കയൊ അധികം ഉറങ്ങുകയോ ഉറങ്ങാതിരിയ്ക്കുയോ ചെയ്യുന്നവന്ന് ലക്ഷ്യപ്രാപ്തിയുണ്ടാകയില്ലെന്നു ശ്രീകൃഷ്ണനും പറയുന്നു. അഥവാ 'തപിയ്ക്കുക' ക്ലേശിയ്ക്കുക എന്നൎത്ഥമെടുക്കുകയാണെങ്കിൽ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏതു ബുദ്ധിമുട്ടും സഹിയ്ക്കുക എന്നും തപശ്ശബ്ദത്തിന്നു അൎത്ഥമുണ്ടാകുന്നു. സ്ഥിരോത്സാഹം, എല്ലാ ക്ലേശങ്ങളും സഹിയ്ക്കുക എന്നിവയെല്ലാം 'തപസ്സ' എന്നതിൽ ഉൾപ്പെടുന്നു. ഈ തപസ്സിനെയാണ് രണ്ടാമത്തെ സാധനമായി പറയുന്നത്.

മൂന്നാമതു സമ്യഗ്ജ്ഞാനം—നിത്യവും അനിത്യവുമായതിനെ വേർതിരിച്ച് ലക്ഷ്യത്തേയും ലക്ഷ്യസ്വരൂപത്തേയും തൽപ്രാപ്ത്യുപായത്തേയും ആദ്യം പരോക്ഷമായും പിന്നീട് അപരോക്ഷമായും അറിയുന്നതാണ് സമ്യഗ്ജ്ഞാനം. സമ്യഗ്ജ്ഞാനമുള്ളവൻ ഒരിക്കലും അപഥത്തിൽ ചരിക്കാനിടവരുന്നില്ല (തുടരും)